KOTTAYAM PUBLIC LIBRARY

Call No. M01 Acc. No. 5917

Author ഗോപാലപിള്ള. എൻ

Title ചിന്താദീപം

# ചിന്താദീപം

THE KOTTAYAM PUBLIC LIBRARY
KOTTAYAM,
KOTTAYAM
TRAVANCORE

എൻ. ഗോപാലപിള്ള, എം. ഏ.
പ്രിൻസിപ്പൽ,
രാജകീയ സംസ്കൃത കാളേജ്,
തിരുവനന്തപുരം.

NATIONAL BOO
KOTTAYAM
KALADIKAL

MOI
G10P-C

ഒന്നാംപതിപ്പ്
സെപ്തംബർ 1954.

അച്ചടി:—

പി. കെ. മെമ്മോറിയൽപ്രസ്സ്,

വഴുതയ്ക്കാട്, തിരുവനന്തപുരം.

1 രൂ. 8 ണ.]

No: 597

# ഉള്ളടക്കം

1. കോമളകലകളുടെ ഉത്പത്തി
2. കേരളസംസ്കാരം
3. സംസ്കൃതത്തിലെ കഥാസാഹിത്യം
4. മലയാള സാഹിത്യം
5. കാളിദാസൻ
6. ചില മലയാള സ്തോത്രങ്ങൾ
7. ജ്യോതിശ്ശാസ്ത്രം—
ചില ചിന്തകൾ
8. കുഞ്ചൻനമ്പ്യാർ
9. എന്റെ കൃഷ്ണൻ
10. ആശാന്റെ കാവ്യശൈലി
11. എങ്ങോട്ട്
12. ഞാൻ കൈയ് കൂപ്പുന്നു.

omit 5-6-7-9-12

No. 5917

# കോമളകലകളുടെ ഉൽപത്തി

സാഹിത്യം, സംഗീതം, ചിത്രരഞ്ജനം, വിഗ്രഹരചനം, ഹർമ്മ്യനിർമ്മാണം എന്നിവയാണു പ്രധാനങ്ങളായ കോമളകലകൾ. ഈ കലകളുടെ ഉൽപത്തി, സ്വഭാവം, ലക്ഷ്യം എന്നിവയെപ്പററി ചിന്തകന്മാരുടെ ഇടയിൽ ഗണ്യമായ അഭിപ്രായവ്യത്യാസമുണ്ട്. കലകൾ എങ്ങനെ ഉണ്ടാകുന്നു? ഉൽകൃഷ്ടമായ കലയുടെ ലക്ഷണമെന്തു്? അതിൻെറ പരമലക്ഷ്യം എന്തു്? എന്നുള്ള പ്രശ്നങ്ങൾക്ക് പലവിധത്തിലുള്ള സമാധാനങ്ങൾ പലരും നൽകിയിട്ടുണ്ട്.

കവികൾ കവിതയെഴുതാൻ കാരണമെന്തു്? നമുക്കു നമ്മുടെ പ്രവൃത്തികളുടെ കാരണം മനസ്സിലാക്കുക അത്ര എളുപ്പമല്ലെന്നുതോന്നാം. കിളികൾ എന്തുകൊണ്ടു പാടുന്നു? എന്തെങ്കിലും കാരണംകൂടാതെ ഒരു ശബ്ദപ്രകടനം ഉണ്ടാകയില്ല. എന്താണു് ആ കാരണം? അതു് ആരായേണ്ടതാണു്. ആധുനികരായ ജീവശാസ്ത്രപണ്ഡിതന്മാരുടെ ശ്രദ്ധ അക്കാര്യത്തിൽ പതിഞ്ഞിട്ടുണ്ട്. ഗാനകുശലരായ പക്ഷികളുടെ പാട്ടു് ഒരു ഘോഷണയാണു് — ഒരു വിളംബരമാണു് എന്നു് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. തേന്മാവിൻകൊമ്പിൽ നിന്നു് ആൺകുയിൽ കൂവുന്നതു് "ഞാൻ പ്രഗല്ഭനായ ഒരു പുരുഷനാണു്. ഈ പ്രദേശം എൻേറതാണു്" എന്നു

പരസ്യംചെയ്യാനാണ്. * കുയിൽ പഞ്ചമം പാടുന്നതും മയിൽ ചാഞ്ചാടിയാടുന്നതും എല്ലാം പ്രാഥമികങ്ങളായ ചില ഏഷണങ്ങളുടെ പ്രേരണകൊണ്ടു് സ്വപ്രഭാവം ഘോഷണം ചെയ്യാനാണ്.

കാമനയുടെ പ്രചോദനം കൂടാതേയും പ്രകടമായ ഒരു ലക്ഷ്യം ഇല്ലാതേയും ചില പ്രാണികൾ വ്യാപരിക്കാറുണ്ടു്. വിശ്രമത്തിനും വിനോദത്തിനുമായി മനുഷ്യർ ലീലയിൽ വ്യാപരിക്കുന്നുണ്ടു്. എന്നാൽ മനുഷ്യർ ഒഴിച്ചുള്ള മററു ജീവികളിൽ ലീലാപ്രസരം വിരളമായേ കാണാനുള്ളു. ക്ഷുദ്രജന്തുക്കളുടെ കൂട്ടത്തിൽ എറുമ്പുകളും സകശേരുകങ്ങളായ (Vertebrates) ജന്തുക്കളുടെ കൂട്ടത്തിൽ പക്ഷികളും ജരായുജങ്ങളും മാത്രമേ ലീലാരസം പ്രകടിപ്പിക്കാറുള്ളു. നീന്തിക്കളിക്കുന്ന ചിലതരം മത്സ്യങ്ങളും പറന്നു കൂത്താടുന്ന പക്ഷികളും ചുമ്മാതെ മുറുമുറുത്തു വാലുമാട്ടി ചാടിവീണു നോവാതെ കടിക്കുന്ന നായ്ക്കുട്ടികളും, വാലും കിളത്തി ചാടിക്കുതിച്ചു തുള്ളിക്കളിക്കുന്ന പശുക്കുട്ടികളും ഏതോ പ്രകൃതിസഹജമായ വികാരത്തിനു വശപ്പെട്ടു പ്രവർത്തിക്കയാണ്. ഈ നൈസർഗ്ഗികങ്ങളായ ലീലകൾക്കു വല്ല ഹേതുവുമുണ്ടോ? വല്ല ഉദ്ദേശവുമുണ്ടോ? ഹേതുവുണ്ടു്. ഉദ്ദേശവുമുണ്ടു്. പ്രാണികളുടെ ജീവസന്ധാരണത്തിന് ആധാരമായി അവയുടെയുള്ളിൽ പ്രവഹിക്കുന്ന ജീവശക്തിയുടെ കരകവിഞ്ഞ തിരതല്ലലാണു ലീലയുടെ നിദാനം. ഈ പരീവാഹം ഭാവിയിലെ ജീവിതായോധനത്തിൽ പ്രയോജകീഭവിക്കണമെന്നാണ് നിയ

---

* The Science of Life by H. G. Wells, Julian Huxley and G. P. Wells—First Edition 1931 Page 739.

തിയുടെ അന്തർവാഹിയായ ഉദ്ദേശം. സൂൎയ്യാദിഗ്രഹങ്ങളുടേയും ബഹുകോടി നക്ഷത്രങ്ങളുടേയും ഉദയാസ്തമയങ്ങളും ചലനങ്ങളും ക്രമികമായി നിയന്ത്രിക്കുന്ന ആ മഹാശക്തിക്ക് അധീനമാകാതെ ഈ വിസ്തൃതമായ പ്രപഞ്ചത്തിൽ ഒരു പുൽക്കൊടിത്തളിരിൻെറ തുമ്പുപോലും ഇളകുമെന്ന് ഊഹിക്കുവാൻ വയ്യ. ഗഹനവും മഹനീയവുമായ ഒരു ശക്തിയുടെ പൂൎണ്ണതാഭിമുഖമായ ചലനമാണു നാം സൎവ്വത്ര ദർശിക്കുന്നതു്.

മനുഷ്യനിലുള്ള ജീവശക്തി ചിലപ്പോൾ കേവലം പ്രാഥമികങ്ങളായ ജന്തുധൎമ്മങ്ങളുടെ നിൎവ്വഹണത്തിനായും ചിലപ്പോൾ ലീലാരൂപത്തിൽ കരകവിഞ്ഞൊഴുകിയും കലകളായി പ്രകാശിക്കാറുണ്ടു്.

ഒരു കവിതയോ ഒരു ചിത്രമോ അസങ്കീൎണ്ണവും ശുദ്ധവുമായ ഏതോ ഒരു പ്രേരണയുടെ ഫലമാണു് എന്നു പറയുന്നതു ശരിയായിരിക്കയില്ല. പ്രകൃതിയുടെ ബഹുമുഖങ്ങളായ ആകർഷണങ്ങൾക്കു് വശംവദനായ മനുഷ്യൻെറ പരിവാഹിയായ അന്തശ്ശക്തി ലീലയായും കലയായും പ്രസരിക്കുന്നു. അവനെ ആകർഷിക്കുന്ന സുന്ദരരംഗങ്ങൾ ആവൎത്തിച്ചു വീണ്ടും സൃഷ്ടിക്കുവാൻ അവൻ ഉത്സുകനാകുന്നു. അവൻ ഒരിക്കലും ഉള്ളതുകൊണ്ടു തൃപ്തനാകുന്നില്ല. അപൂൎണ്ണമായതിനെ പൂൎണ്ണമാക്കുവാനും ഇല്ലാത്തതിനെ ഉണ്ടാക്കുവാനും അവൻ സദാ ജാഗരൂകനാണു്. അവനെ സൗന്ദൎയ്യം ആകർഷിക്കുന്നു. അതുകൊണ്ടു് സൗന്ദൎയ്യംകൊണ്ടു് അന്യരെ ആകർഷിക്കാനും അവനിലുള്ള സൃഷ്ടിശക്തിക്കു് പ്രവൎത്തനാം അനുവദിക്കാനും അവൻ സൗന്ദൎയ്യം നിൎമ്മിക്കാൻ യത്നി

ക്കുന്നു. പോരാളിയുടെ കഠാരിയുടെ പിടിയിൽ എന്തിനാണ് കുതിച്ചുചാടുന്ന പുലിയുടെ രൂപം കൊത്തുന്നത് ? കഠാരികൊണ്ട് പ്രയോജനമുണ്ട്. ഈ ചിത്രംകൊണ്ടോ ? തീർച്ചയായും പ്രയോജനമുണ്ട്. അവൻെറ മനസ്സിന് ഇണങ്ങിയ ഒരു ചിത്രമാണ് അത്. അത് അന്യരേയും ആകർഷിക്കും. ആ ആത്മാകർഷണത്തിലും അന്യാകർഷണത്തിലും നിന്ന് അവന് ഒരു സുഖം ജനിക്കുന്നുണ്ട്. ആ സുഖജനനമാണ്—ആനന്ദപ്രാപ്തിയാണ് ആ ചിത്രരചനയുടെ ഉദ്ദേശം.

നാം ഓരോന്നു പ്രവർത്തിക്കുമ്പോഴെല്ലാം പ്രകടമായ ഒരു ഉദ്ദേശം നമ്മെ പരതന്ത്രരാക്കുന്നില്ല. സൂക്ഷ്മങ്ങളായ ചില പ്രേരണകൾക്കു വശപ്പെട്ട് ഉള്ളിൽ ഒതുങ്ങാത്ത ചില വികാരങ്ങളുടെ പ്രകടനത്തിനായി നാം വ്യാപരിക്കയാണെന്നു തോന്നാം. എന്നാൽ വ്യക്തിപരമായോ സമുദായപരമായോ ഉള്ള ഒരു നിഗൂഢോദ്ദേശം നമ്മെ അനുക്ഷണം നിയന്ത്രിക്കുന്നുണ്ടെന്നു ഗാഢമായി പര്യാലോചിച്ചാൽ സ്പഷ്ടമാകും.

പരിവാഹികളായ വികാരങ്ങളുടെ ബഹിഃസ്ഫുരണമെല്ലാം കലയാകയില്ല. അതുകൊണ്ടാണ് കാവ്യസമ്പത്തിനെപ്പററി പ്രസ്താവിക്കുമ്പോൾ ആചാര്യദണ്ഡി പറയുന്നത്:

"നൈസർഗികീ ച പ്രതിഭാ
ശ്രുതം ച ബഹുനിർമലം
അമന്ദശ്ചാഭിയോഗോƒസ്യാഃ
കാരണം കാവ്യസമ്പദഃ" എന്ന്.

നിസർഗസിദ്ധവും പ്രതിനവോന്മേഷശാലിയുമായ പ്രജ്ഞയും വിശുദ്ധതരമായ വൈദുഷ്യവും ജാഗരൂകമായ

അഭ്യാസവുമാണ് കാവ്യസമ്പത്തിനെന്നല്ല കലാസമ്പത്തിന് എല്ലാം കാരണമാകുന്നതു്. പാരമ്പരാർജ്ജിതവും അസുലഭവുമായ വാസനാവൈഭവമുള്ളവൻ മാത്രമേ യഥാർത്ഥത്തിൽ കലാകാരപദവി കാംക്ഷിക്കേണ്ടതുള്ളൂ. അങ്ങനെ പൂർവ്വവാസനാസമ്പന്നനായി സംസ്കാരരസികനായുള്ളവനു നിസ്തന്ദ്രമായ അഭ്യാസമുണ്ടെങ്കിൽ കലാകൗശലം കൈവരും. അല്ലാതെ ആരുടെയെങ്കിലും ഉള്ളിൽ ഒതുങ്ങാത്ത വികാരങ്ങൾ ബഹിർഗമിച്ചാൽ അതു കലാപദം അർഹിക്കയില്ല. വാസനയും വൈദുഷിയും പ്രയോഗനൈപുണിയും മധുരമായി മേളിച്ചുള്ള മനുഷ്യഹൃദയം പ്രകൃതിരംഗങ്ങളുടെ സൗന്ദര്യതരംഗങ്ങളിൽ പെട്ടിളകിയാടുമ്പോൾ പനിനീർ ചെമ്പകത്തിൽനിന്നും സുരഭിലസുമങ്ങൾപോലെ നിർഗളിക്കുന്ന സൃഷ്ടിശക്തിയുടെ ദൃശ്യരൂപങ്ങളാണു് കോമളകലകൾ.

എന്താണ് ഈ സൗന്ദര്യം? സഹൃദയനായ ഒരുവൻെറ കരൾ അലിയിക്കാൻ കെല്പുള്ള ശബ്ദമോ രൂപമോ അനുഭവമോ സുന്ദരമാണെന്നു പറയാം. പക്ഷേ ഈ പ്രകൃതിരംഗങ്ങളുടെ മനോഹാരിത കലകളിൽ തെളിയിച്ചു വെളിവാക്കുമ്പോൾ സഹൃദയൻ അനുഭവിക്കുന്ന സൗന്ദര്യമാണു് കലയുടെ ജീവൻ. സഹൃദയനോ? ഏതൊന്നും കേൾക്കുകയോ കാണുകയോ അനുഭവിക്കുകയോ ചെയ്യുമ്പോൾ അതിൽനിന്നു വേറൊന്നെന്നുള്ള നില മറന്നു് അതിൽതന്നെ അലിഞ്ഞു ചേർന്നു് അതിനോടു് ഒന്നാകുവാൻ കഴിവുള്ളവൻ, അത്രയ്ക്കു വിശുദ്ധവും വിശാലവും വിലോലവുമായ ഹൃദയമുള്ളവനാണു സഹൃദയൻ. കവിയും ഗായകനും ചിത്രകാരനും പരമാർത്ഥത്തിൽ സഹൃദയരായിരിക്കണം. ലോകരംഗങ്ങളുടെ ലാവണ്യം

നുകരുന്ന കണ്ണും കരളും സഹൃദയന്റേതാണ്. സഹൃദയത്തിൽ ലയിക്കുന്ന ആ ലാവണ്യസാരത്തിൽ നവ്യമായ മാധുര്യവും മഹസ്സും കലർത്തി വീണ്ടും പ്രതിനവപ്രഭയോടുകൂടി പ്രകാശിപ്പിക്കുവാൻ കഴിവുള്ളവനാണു കലാകാരൻ. അങ്ങനെയുള്ള കലാകാരന്റെ സൃഷ്ടികൾ എന്നും ലോകോത്തരങ്ങളായി നിലനില്ക്കുകയും ചെയ്യും. അല്ലാതെ അന്നന്നു മാറുന്നതോ മാറുന്നെന്നു തോന്നുന്നതോ ആയ ലോകഗതി അനുസരിച്ച് സൗന്ദര്യവൈകൃതവിവേചനം കൂടാതെ സംസ്കാരരസികനല്ലാത്തവൻ ചമയ്ക്കുന്ന കലയുടെ കോലം ഒരിക്കലും പ്രതിഷ്ഠ പ്രാപിക്കയില്ല. സർവ്വദാ നൂതനത്വം ആരാഞ്ഞു, വിരണ്ടു മണ്ടുന്ന മനുഷ്യനെ നവങ്ങളായ സംരംഭങ്ങൾ അരനിമിഷം ആകർഷിക്കാം. എന്നാൽ സനാതനമായ സത്യത്തിന്റെ സൗന്ദര്യം തിളങ്ങാത്ത പൊള്ളയായ പുതുമ അനന്തരക്ഷണത്തിൽ തിരസ്കൃതമാകും. മാനവസംസ്കാരത്തിന്റെ അരുണോദയം മുതൽ പ്രശസ്തമായ കലാമാതൃകകളുടെ മാഹാത്മ്യനിദാനം പരിശോധിച്ചാൽ മാററമില്ലാത്ത മൗലികങ്ങളായ ചില മഹാതത്ത്വങ്ങൾ പ്രത്യക്ഷമാകും. പുരാതനകാലം മുതൽ മനുഷ്യനെ രസിപ്പിക്കുകയും ആനന്ദിപ്പിക്കുകയും അവന്റെ ഉൽകൃഷ്ടവികാരങ്ങളേയും വിചാരങ്ങളേയും ഉദ്ദീപിപ്പിക്കുകയും ചെയ്തിട്ടുള്ള രംഗങ്ങളുണ്ട്, സന്ദർഭങ്ങളുണ്ട്. പാഞ്ഞുപോകുന്ന സംഭവപരമ്പരയിൽ നിന്നു ആ വിശിഷ്ടരംഗങ്ങളെ ആവാഹിച്ച് മഹാനായ മനുഷ്യന്റെ മനോമൂഷയിലെ രസവാദത്തിനുശേഷം രസികസമക്ഷം പ്രദർശിപ്പിക്കുന്ന കലാഭരണങ്ങൾ എന്നെന്നേക്കും മനോഹരങ്ങളായിരിക്കും.

കലകൾ അവയുടെ കർത്താവിനും ഭോക്താവിനും ബഹുമുഖമായ പ്രയോജനം ചെയ്യുന്നുണ്ട്. അർത്ഥം, ശ്രേയസ്സ്, യശസ്സ്, ജ്ഞാനം, ആനന്ദം എന്നീ പ്രയോജനങ്ങളെല്ലാം ശ്രേഷ്ഠമായ കലയുടെ സൃഷ്ടികൊണ്ടും ആസ്വാദനംകൊണ്ടും ഉണ്ടാകുന്നതാണ്. മാകന്ദാഗ്രത്തിൽ ഇരുന്നു കൂവുന്ന കുയിൽ തൊട്ട് രവീന്ദ്രനാഥടാഗൂർ വരെയുള്ള സകല ഗായകന്മാരുടേയും യശസ്സ് അവരുടെ കലാകൗശലത്തിനു് അനുരൂപമാംവിധം പ്രസരിക്കുന്നുണ്ടല്ലോ. ചിത്രം കാവ്യം മുതലായ കലകളെപ്പററി പ്രകടമായ അവജ്ഞ പ്രദർശിപ്പിച്ചിരുന്ന ധനലോലുപന്മാരായ പാശ്ചാത്യ വണിഗ്വരന്മാർപോലും ഈ കലകളുടെ കീർത്തിപ്രചാരണപാടവം മനസ്സിലാക്കി സ്വാതന്ത്ര്യമായിരുന്ന കലാകാരസംരംഭം സ്വഹിതത്തിനു വിധേയമാക്കിയിട്ടുണ്ട്. പരന്നു പൊന്തുന്ന പതയിൽനിന്നും പഞ്ചവർണ്ണം നിഴലിക്കുന്ന കുമിളകൾ കിളത്തി അതുകണ്ടു് രസിച്ചു കളിച്ചുകൊണ്ടിരിക്കുന്ന പൈതലിൻെറ ചിത്രം ഒരു സോപ്പിൻെറ പ്രശസ്തി ലോകമെങ്ങും പരത്തിയേക്കാം. ഇങ്ങനെ അർത്ഥം ശ്രേയസ്സ് മുതലായതെല്ലാം കലാനിഷേവണംകൊണ്ടു സാധ്യമാകും.

നമ്മുടെ അനുഭവങ്ങൾ അന്യർക്കു വേദ്യമാക്കുകയാണു് നാം കലകൊണ്ടു സാധിക്കുന്നതു്. സ്വാനുഭാവങ്ങളുടെ പ്രകാശനമാണ് കല നിർവ്വഹിക്കുന്നതു്. എന്തിനായി നാം ഈ അനുഭവങ്ങളെ പ്രകാശിപ്പിക്കുന്നു? അന്യരുടെ ഉണർവ്വിനും അറിവിനും വേണ്ടിയെന്നുള്ള പ്രകടമായ ഉദ്ദേശമുണ്ടെങ്കിൽ അതു ശുദ്ധമായ കലയെന്ന ഉന്നതമായ പദത്തിൽനിന്നും പതിച്ചുപോകും എന്നു് അഭിജ്ഞന്മാർ വാദിക്കുന്നു.

കേവലമായ അനുഭൂതിയുടെ ഇതരാനപേക്ഷമായ പ്രകാശനമാണ് ഉൽകൃഷ്ടമായ കല എന്ന് അവർ സിദ്ധാന്തിക്കുന്നു. എന്നാൽ സകല കലകളുടേയും പരമമായ ലക്ഷ്യം നമ്മെ രസിപ്പിക്കുക, ആനന്ദിപ്പിക്കുക എന്നുള്ളതാകകൊണ്ടു് ആ ലക്ഷ്യപ്രാപ്തിയാകുന്ന ഉദ്ദേശ്യം കലാകാരനെ തെല്ലൊന്നു പരതന്ത്രനാക്കുന്നുണ്ടെന്ന പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. എന്റെ അനുഭവം നിങ്ങളിൽ പകർത്തുകയെന്നുള്ളതാണ് എന്റെ പരമലക്ഷ്യമെങ്കിൽ, ഒന്നുരണ്ടു വസ്തുതകൾ അതിൽ അന്തർഭൂതമായുണ്ടു്. എന്റെ അനുഭവം എനിക്കു രസകരമായിരിക്കണം. അതു് അനുഭവിച്ചാൽ നിങ്ങൾക്കും രസകരമായിരിക്കും എന്ന് എനിക്കും വിശ്വാസം വേണം. അങ്ങനെ എന്റെ അനുഭവത്തിന്റെ രസം നിങ്ങൾക്കു് ആസ്വാദ്യമാക്കാനും എനിക്കുതന്നെ വീണ്ടും ആസ്വദിക്കാനും എന്റെ ശക്തി പ്രകാശിപ്പിക്കാനുമുള്ള എന്റെ ഉദ്ദേശ്യവും അഭിലാഷവും മൂർത്തിമത്താകുന്നതാണ് എന്റെ കലാരൂപം.

ഏതു് അനുഭവവും കലയ്ക്കു വിഷയമാകാം. എത്ര ദുരന്തമായാലും കലാനുരൂപമാംവണ്ണം പ്രകടിതമാകുമ്പോൾ പങ്കത്തിൽ നിന്നു പൊന്തുന്ന ചെന്താമരപോലെ മനോഹരമായിരിക്കും. പക്ഷേ തിക്തകത്തിൽനിന്നു മാധുര്യവും വൈകൃത്തിൽനിന്നു സൗന്ദര്യവും പിഴിഞ്ഞെടുക്കുന്ന അദ്ഭുതാവഹമായ രസായനവിദ്യ കലാകൗശലത്തിന്റെ പരകോടിയിൽ മാത്രം കാണാവുന്നതാണ്. കാരിരുമ്പിനെ കനകമാക്കുന്ന രസവാദികളായ കലാകാരന്മാരുടെ മായ കണ്ടു് കൺമയങ്ങിയ പാവങ്ങൾ ചെമ്പു കാട്ടി പൊന്നെന്നു മുറവിളിച്ചാൽ അവരോടു് അനുകമ്പയേ തോന്നേണ്ടതുള്ളൂ.

പരമാർത്ഥത്തിൽ ഓരോന്നും അതാതിന്റെ അന്തശ്ശക്തിയുടെ പ്രേരണ അനുസരിച്ചു വികസിക്കുന്നതാകാം. വിത്തിന്റെ ഉൾക്കാമ്പിൽ സൂക്ഷ്മമായി അദൃശ്യമായി ലയിച്ചിരിക്കുന്ന ശോഭതന്നെ ആകാം നവവർണ്ണ രുചിരമായ കുസുമമായും മധുരസമയമായ ഫലമായും പ്രകാശിക്കുന്നതു്. മനുഷ്യന്റെ അന്തരാത്മാവിൽ ലീനമായ സൗന്ദര്യംതന്നെ അനുകൂലമായ ഉപാധികൾകൊണ്ടു വികസ്വരമായി കലാരൂപത്തിൽ, വിലസുകയാകാം. ആ അന്തരാത്മാവും ആ സൗന്ദര്യവുമെല്ലാം വിശ്വം നിറഞ്ഞു നിലകൊള്ളുന്ന സർവ്വനിയാമകമായ ഒരു ജ്യോതിസ്സിന്റെ കിരണകണങ്ങൾ ആയിരിക്കാം.

*"ദിക്കാലാദ്യനവച്ഛിന്നാ-
നന്തചിന്മാത്രമൂർത്തയേ
സ്വാനുഭൂത്യേകമാനായ
നമഃ ശാന്തായ തേജസേ."

---

* ദേശം, കാലം മുതലായവയാൽ അവച്ഛിന്നമല്ലാത്തതും അനന്തവും ചിൽസ്വരൂപവും സ്വാനുഭൂതിമാത്രം പ്രമാണമായുള്ളതും ശാന്തവും ആയ ആ തേജസ്സിനു നമസ്കാരം.

# കേരളസംസ്കാരം

ഭാരതഭൂമിയുടെ ഏററവും പുരാതനമായ ഭാഗം ദക്ഷിണാപഥമാണ്. ദക്ഷിണാപഥത്തിന്റെ പശ്ചിമാംശമായ കേരളത്തിന്റെ പശ്ചിമതീരമാണ് ഭാരതത്തിൽ ഏററവും നൂതനമായ വിഭാഗം. അങ്ങനെ പഴമയും പുതുമയും ഒത്തിണങ്ങി അഴകാർന്ന കേരളഭൂമിക്കും ആ അമ്മയുടെ മക്കൾക്കും ആകൃതിയിലും പ്രകൃതിയിലും അനന്യസുലഭമായ ഒരു് അഭിരാമതയുണ്ടു്. ആയിരമായിരം സംവത്സരങ്ങളായി നീണ്ടുനില്ക്കുന്ന അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ടു്. പ്രശസ്തമായ ഭൂതകാലത്തിന്റെ മഹിമയ്ക്കു് അനുരൂപവും അഭികാമ്യവുമായ ഒരു ഭാവിയുണ്ടു്.

സഹ്യാദ്രിപാദങ്ങൾ തഴുകുന്ന പശ്ചിമാബ്ധിവീചികളാൽ അഭിഷിക്തമായ കേരളത്തിനു ഹിമവാന്റെ മടിത്തട്ടിൽ മന്ദഹസിക്കുന്ന കാശ്മീരത്തെക്കാളും കാമനീയകമുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കും. പടിഞ്ഞാറൻകടലിലേയ്ക്കു പതറിയൊഴുകുന്ന പുഴകളും കടലോരമെങ്ങും പടർന്ന പളുങ്കുപാളിപോലെ തിളങ്ങുന്ന കായലുകളും ഇടയ്ക്കിടെ നെടുനീളേ നിരന്നുള്ള നെൽപാടങ്ങളും അനർഘങ്ങളായ ഈ വിഭവവിഭൂതികൾ കാത്തുരക്ഷിക്കാനെന്നപോലെ നിവർന്നുനില്ക്കുന്ന "കനകക്കുടങ്ങളെച്ചുമന്ന കേരങ്ങളും" കണ്ടാൽ ഏതു കവി

യാണ് "നിനക്കിൽ നിതാന്താഭിരാമമേ നിന്നാരാമം" എന്നു ഉള്ളഴിഞ്ഞു പാടിപ്പോകാത്തതു്?

കേരളപ്രകൃതിയുടെ വിഭവങ്ങളാൽ ആകൃഷ്ടരായ വിദേശികൾ അനേകം സഹസ്രസംവത്സരങ്ങളായി നമ്മോടു സംസർഗ്ഗം പുലർത്തിയിട്ടുണ്ടു്. അയ്യായിരംവർഷം മുമ്പു അസിരിയായുടെ തലസ്ഥാനമായിരുന്ന 'ഊർ' നഗരത്തിൽ കേരളത്തിൽനിന്നും കൊണ്ടുപോയ തേക്കിൻതടി ഗവേഷകന്മാർ കണ്ടെടുത്തിട്ടുണ്ടു്. നാലായിരത്തി അഞ്ഞൂറുവർഷംമുമ്പു കേരളത്തിൽനിന്നുള്ള നേരിയ തുണിത്തരങ്ങൾ ഈജിപ്റ്റിൽ എത്തിയിട്ടുണ്ടു്. മൂവായിരമാണ്ടുമുമ്പേ ഏലവും കുരുമുളകും ചന്ദനവും അന്വേഷിച്ചുവന്ന ഫിനീഷ്യന്മാരെ കേരളം അനുഗ്രഹിച്ചിട്ടുണ്ടു്. അക്കാലത്തുതന്നെ ആനക്കൊമ്പും കനകവും കുരങ്ങും മയിലും കേരളത്തിൽനിന്നു സോളമൻെറ രാജധാനിയിൽ എത്തിയിരുന്നു. ചീനവുമായുള്ള ബാബിലോണിൻെറ സമ്പൽ പുലർത്തിയിരുന്നതു് കേരളത്തിൽക്കൂടെയാണെന്നു ചരിത്രകാരന്മാർ തെളിയിക്കുന്നുണ്ടു്. പ്രാചീനചീനവും കേരളവുമായുള്ള ബന്ധം അതിപുരാതനകാലംമുതൽ ഉണ്ണുനീലിസന്ദേശകാലംവരെ—കുറഞ്ഞതു് ആറുനൂററാണ്ടുമുമ്പുവരെ നിലനിന്നുവെന്നു് സ്പഷ്ടമാണു്. 'ചൊങ്കും ചമ്പാണിയുമുടനുടൻ വന്ന ചോണാടനും കൊണ്ടാക്രാമന്തീമുദധീം' എന്നു കൊല്ലംനഗരത്തെ വർണ്ണിക്കുന്ന പദ്യം സുപ്രസിദ്ധമാണല്ലോ.

ഇങ്ങനെ വിവിധങ്ങളായ വൈദേശികസംസർഗ്ഗങ്ങൾ ഉണ്ടായിരുന്നെങ്കിലും ആദികേരളീയരായ ദ്രാവിഡരുടെ സംസ്കാരത്തെ പ്രബലമായും പ്രകടമായി ബാധിച്ചതു്

ഔത്തരാഹന്മാരായ ആൎയ്യന്മാരുടെ സംസൎഗ്ഗമാണു്. കേരളത്തിലേയ്ക്കുള്ള ആൎയ്യസംസ്കാരപ്രവാഹത്തിന്റെ നേതൃത്വമാണു് ഭാൎഗ്ഗവരാമൻ വഹിക്കുന്നതു്. ഭാൎഗ്ഗവാനുയായികളായ ആദിമാൎയ്യന്മാരുടെ അനുരഞ്ജനചാതുൎയ്യവും ബുദ്ധിവൈഭവവുമാണു് അനന്തരകാലത്തു് കേരളാന്തരീക്ഷത്തിൽ ആകലിതമായിക്കാണുന്നതു്. ഭാഷ, സാഹിത്യം, രാഷ്ട്രം, സമുദായാചാരം, സംസ്കാരം എന്നിവയിൽ എല്ലാം ആ സമ്മേളനത്തിന്റെ സമ്മോഹനമുദ്രകൾ മായാതെ കാണാം. ഭാൎഗ്ഗവരാമന്റെ കഥയുടെ യാഥാൎത്ഥ്യം എങ്ങനെയായാലും അശോകന്റെ കാലംമുതൽ ആൎയ്യസംസൎഗ്ഗത്തിന്റെ ലാഞ്ഛനകൾ കേരളപുത്രദേശത്തു പ്രകടമാണല്ലൊ. ധൎമ്മദൂതന്മാരായ ബൌദ്ധന്മാരുടേയും ജൈനന്മാരുടേയും പ്രവൎത്തനങ്ങളും പ്രചരണങ്ങളും സാംസ്കാരികമായ വികാസവും പ്രബോധവും കേരളത്തിനു് കൈവരുത്തിയിട്ടുണ്ടു്. ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ മിക്കവാറും അസ്തമിച്ച ബൌദ്ധധൎമ്മത്തിന്റെ മഹനീയഭാവങ്ങൾ പലതും മങ്ങാതെ കേരളത്തിൽ നിലനിന്നിട്ടുണ്ടു്. വൎണ്ണനിയമംകൂടാതെയുള്ള സംസ്കൃതവിദ്യാപ്രചാരം ഭാരതത്തിൽ വേറെ എങ്ങുണ്ടു്? ആയുൎവ്വേദാദിശാസ്ത്രങ്ങൾക്കു് കേരളത്തിലുള്ള വൈശിഷ്ട്യത്തിനും കാരണം മറെറാന്നുമല്ലല്ലൊ.

പുരാതനകാലംമുതല്ക്കുള്ള മതപരമ്പരാപ്രവാഹം കേരളത്തെ മതഭേദങ്ങളുടെ നന്ദനോദ്യാനമാക്കിയിട്ടുണ്ടു്. ശൈവവൈഷ്ണവമതങ്ങളെ തുടൎന്നുള്ള ബൌദ്ധജൈനമതങ്ങളും, അനന്തരകാലത്തുള്ള ക്രൈസ്തവമുസ്ലീംമതങ്ങളും എല്ലാം, ചുരുക്കം ചില വിക്രിയകൾ ഒഴിച്ചാൽ, അന്യോന്യസഹിഷ്ണുതയോടുകൂ

ടിയാണ് ഏറിയകാലവും നിലനിന്നിട്ടുള്ളതു്. ഇനിയും രാഷ്ട്രീയകാര്യങ്ങൾക്കായുള്ള മത്സരങ്ങളല്ലാതെ വാസ്തവത്തിൽ മതപരമായ മത്സരം അത്രതന്നെ സാദ്ധ്യമല്ല.

ആര്യദ്രാവിഡസംസ്കാരങ്ങളുടെ അനുരഞ്ജനത്തിനു നിത്യനിദർശനമായി ശോഭിക്കുന്നതു് നമ്മുടെ ഭാഷയും സാഹിത്യവുമാണല്ലോ.

'മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭി ല'യായ നമ്മുടെ കാവ്യവാണീവിഭൂതി എന്നും സർവ്വാകർഷകമായി നിലകൊള്ളും. സംസ്കൃതത്തിൽനിന്നും സംക്രാന്തമായ ആര്യസംസ്കാരംകൊണ്ടു രുചിരമായ നമ്മുടെ സാഹിത്യം വീണ്ടും ആംഗലസാഹിത്യസാംസർഗ്ഗംകൊണ്ടു് ഉദ്ബുദ്ധമായി വിപുലതരമായ ഒരു വികസ്വരത കൈക്കൊള്ളുന്നുണ്ടു്.

സാഹിത്യത്തിൽ എന്നപോലെതന്നെ ഇതരകലകളിലും കേരളം സ്വന്തം ഭാവനാസംഭാവനകൾ ലോകത്തിനു നല്കിയിട്ടുണ്ടു്. വിദേശവിദ്യാഭ്യാസത്തിന്റെ അപകൃഷ്ടഫലമായ ഒരു മനോഭാവംകൊണ്ടു് ഈ അടുത്തകാലത്തുപോലും നമ്മിൽ പലരും അഗണ്യകോടിയിൽ തള്ളിയിരുന്ന നൃത്യവിദ്യ—നമ്മുടെ കഥകളി—ഇന്നു വീണ്ടും കോമളകലാകതുകികളായ സഹൃദയരുടെ എല്ലാം അഭിനന്ദനത്തിനു പാത്രമായിട്ടുണ്ടു്. അഭിനയകലയുടെ ആകർഷകത്വം അതിന്റെ പരകോടിയിൽ എത്തിനില്ക്കുന്നതു കാണണമെങ്കിൽ കേരളത്തിന്റെ പ്രത്യേകസ്വത്തായ കഥകളി കാണണമെന്നു് ഇന്നു ലോകം അറിയുന്നുണ്ടു്.

സംഗീതകലയിലും ഗണനീയമായ സംഭാവന കേരളം നൽകിയിട്ടുണ്ട്. ഇന്നു പ്രായേണ വിസ്മൃതമായിവരുന്ന സോപാനരീതിയുടെ സ്വാരസ്യം അനുഭവൈകവേദ്യമാണല്ലോ. ഏതായാലും കേരളീയസംഗീതത്തിനു് അല്ലെങ്കിലും, സംഗീതകലയിൽ ഒരു നവോദയത്തിൻെറ അരുണകിരണങ്ങൾ ഇന്നു് വീണ്ടും നമുക്കു ദർശിക്കാവുന്നതാണു്.

നമ്മുടെ ദേവാലയങ്ങളിലെ ചുവർചിത്രങ്ങൾ ചിത്രകലയിൽ കേരളത്തിനുള്ള കൗശലത്തിനു ദൃഷ്ടാന്തങ്ങളാണു്.

കേരളത്തിൻെറ വ്യക്തിമുദ്ര സർവ്വോപരി തെളിഞ്ഞു കാണുന്നതു നമ്മുടെ പ്രാചീനഗൃഹശില്പത്തിലാണു്. നിരയും പുരയുമായി തടികൊണ്ടു തീർത്ത നമ്മുടെ നാലുകെട്ടുകളും അവയുടെ മേൽക്കൂരകളും കിളിവാതിലുകളും എല്ലാം ഒരു പ്രത്യേകശൈലിയിൽ ഉള്ളവയാണു്. ചീനത്തും നേപാളത്തും മാത്രമേ ഈമാതിരി ഗൃഹങ്ങൾ കാണുന്നുള്ളു. കേരളത്തിലും നേപാളത്തിലുമുള്ള ശീതോഷ്ണാവസ്ഥയ്ക്കു് അനുരൂപമാണ് ഈ ഗൃഹനിർമ്മാണരീതിയെന്നു വിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഏതാദൃശവിഷയങ്ങളിൽ സർവസമ്മതമായ വൈദുഷ്യം സമാർജ്ജിച്ചിരുന്ന പ്രൊഫസർ സിൽവെൻലെവിയുടെ അഭിപ്രായം, ഈ ഗൃഹനിർമ്മാണരീതി ഭാരതത്തിൽ നിന്നു ചീനദേശത്തു പകർത്തിയതായിരിക്കണമെന്നാണ്. അങ്ങനെയാണെങ്കിൽ ചീനദേശം അക്കാര്യത്തിൽ ഒരുപക്ഷേ കേരളത്തോട്ടു് അധമർണ്ണമാണെന്നു് അഭിമാനിച്ചുകൂടേ ?

കേരളസംസ്കാരത്തെപ്പറ്റി സ്മരിക്കുമ്പോൾ പ്രഥമമായും പ്രധാനമായും ഗണനയെ അർഹിക്കുന്നതു് കേരളീയ

സമുദായത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണല്ലോ. ഒരു കേരളീയ കുടുംബത്തിൽ സ്ത്രീകളുടെ നില അന്യസ്ത്രീകൾക്ക് അസൂയാവഹമാകുംവിധം അത്രയ്ക്ക് അഭികാമ്യമാണ്. അവരുടെ അവകാശങ്ങളും അധികാരങ്ങളും സ്വാതന്ത്ര്യവും "ന സ്ത്രീസ്വാതന്ത്ര്യമർഹതി" എന്നെഴുതിയ സ്മൃതികാരന്റെ സങ്കല്പപരിധിക്ക് അതീതമാണ്. സ്ത്രീയുടെ സ്വത്തുടമയിൽ അധിഷ്ഠിതമായ മരുമക്കത്തായസമ്പ്രദായം ക്രമേണ കാലയവനികയിൽ മറഞ്ഞുപോകുന്ന ഈ കാലഘട്ടത്തിൽ കേരളജീവിതത്തിന്റെ ആ വിശിഷ്ടഭാവത്തെപ്പററി ഉൽക്കണ്ഠയോടുകൂടിയേ സ്മരിക്കാൻ കഴിയൂ. ഏതായാലും പ്ലാതോ (Plato) എന്ന മഹാനായ യവനപണ്ഡിതന്റെ സങ്കല്പസുന്ദരമായ ആദർശലോകം—അദ്ദേഹത്തിന്റെ റിപ്പബ്ലിക് (Republic) എന്ന ഗ്രന്ഥത്തിൽ സൂചിതമായ ലോകവ്യവസ്ഥിതി—കേരളത്തിലെ സാമുദായികവ്യവസ്ഥയുടെ മാതൃകയിലാണ് നിമ്മിച്ചിരിക്കുന്നതെന്നു വിമർശകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. അത്ര ശ്രേഷ്ഠമായ ഒരു മാതൃകയാണു നമുക്ക് ഇന്നോളം ഉള്ളത്. നാളെയോ? ഭാവി സമാധാനം നല്കട്ടേ. ഏതായാലും നമ്മുടെ പൂവ്വികരായ അമ്മമാരുടെ ആകൃതിയുടേയും പ്രകൃതിയുടേയും അകൃത്രിമരാമണീയകം അനേകം ശതാബ്ദങ്ങളിലെ ബഹുശതം വൈദേശിക കവികളുടെ യഥാർഹമായ പ്രശംസ ഉപാർജിച്ചിട്ടുണ്ട്. കോമളകലകളിലും ശാസ്ത്രവിദ്യകളിലും എന്നപോലെതന്നെ ഭരണതന്ത്രത്തിലും രണതന്ത്രത്തിൽപോലും വിദഗ്ദ്ധകളായിരുന്ന ആ മഹതികളുടെ സന്താനങ്ങൾ, നാനാമുഖങ്ങളായ ജീവിതപഥങ്ങളിൽ പ്രശംസനീയമായ വിജയം വരിച്ചിട്ടുണ്ടെന്നുള്ളതു് അദ്ഭു

തമല്ല; ഇന്നും ഭാരതത്തിന്റെ ഭരണഭാരം താങ്ങുന്ന മസ്തകങ്ങൾ വളരെയേറെ കേരളത്തിന്റെ സ്വത്വാഭിമാനം പേറുന്നവയാണല്ലോ. സ്വപ്രതിഭാവിലാസംകൊണ്ടും വിജ്ഞാനവൈഭവംകൊണ്ടും വിശ്വത്തെ വിസ്മയസ്തിമിതമാക്കിയ ശ്രീ ശങ്കരന്റെ മാതൃത്വം വഹിച്ച കേരളദേവിയുടെ സന്താനങ്ങൾ ഇന്നും അവന്ധ്യകളാണെന്ന നമുക്ക് അഭിമാനിക്കാം.

സമസ്തകല്യാണകലാഭിരാമാ
രേമേ ചിദാരാമതയാ ചിരം യാ
ശ്രീബാലഭട്ടാരകഭാവഭവ്യാ
വിരാജതാം കേരളസംസ്കൃതിഃ സാ

# സംസ്കൃതത്തിലെ കഥാസാഹിത്യം

മനുഷ്യന്റെ കൂടെപ്പിറവിയാണു കഥകൾ കേൾക്കാനും പറയാനുമുള്ള കൗതുകം. കൊടുംകാടുകളിൽ ഇര തെണ്ടി നടന്ന കാലംമുതൽ കണ്ടുവരുന്നതാണ് അവനവൻ കണ്ടതും കേട്ടതും അറിഞ്ഞതുമായ കാര്യങ്ങൾ കൂടിയിരുന്നു മററുള്ളവരെ പറഞ്ഞുകേൾപ്പിക്കുന്ന പതിവ്. യഥാർത്ഥത്തിൽ മനുഷ്യരാശിയുടെ അനുഭവസമ്പത്തിന്റെ ചരിത്രമാണ് ഈ കഥകളുടെ ചരിത്രം.

പ്രകൃതിയോട് ഇണങ്ങി മററു ജീവികളോട് ഇടപഴകി കഴിഞ്ഞുകൂടിയ പുരാതനഭാരതീയരുടെ സാഹിത്യത്തിലും കഥകളിലും ആ സംസർഗ്ഗരസികത്വം തെളിഞ്ഞു കാണാം. മഴക്കാലത്തു കുളവക്കത്തു കൂട്ടം കൂടി, ചിലയ്ക്കുന്ന മാക്രികളോട് ഉപമിക്കുന്നുണ്ട്, ഒരു ഋഗ്വേദസൂക്തത്തിൽ വേദം ഓതുന്ന ബ്രാഹ്മണരെ. തീററി തെണ്ടാൻ നേതാവിനെ തേടുന്ന നായ്ക്കളുടെ മോങ്ങലിനെ പുരോഹിതന്മാരുടെ വേദമന്ത്രോച്ചാരണമായി ചിത്രീകരിക്കുന്നുണ്ട് ഉപനിഷത്തിൽ. ഇങ്ങനെ മനുഷ്യധർമ്മങ്ങൾ മററു ജീവികളിലും ജന്തുധർമ്മങ്ങൾ മനുഷ്യരിലും ആരോപിക്കുന്ന രീതിയിൽനിന്നും ഉടലെടുത്തതായിരിക്കണം പിൽകാലത്തെ ജന്തുകഥകൾ എന്ന് ഊഹിക്കുന്നുണ്ട്. പുനർജ്ജന്മതത്വം അംഗീകരിച്ചിരുന്ന ബുദ്ധ

ധർമ്മത്തിലും ബ്രാഹ്മണമതത്തിലും കർമ്മഫലം അനുസരിച്ചു ജന്മഭേദം ഉണ്ടാകുമെന്നു സിദ്ധാന്തിച്ചിട്ടുണ്ട്. മനുഷ്യൻ ദുഷ്കർമ്മംകൊണ്ടു താണു താണു് ജന്തുജീവിതത്തിൽ ആണ്ടുപോകുമെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്നുണ്ടല്ലൊ. ആ വിശ്വാസം ഉൾക്കൊള്ളുന്ന ബുദ്ധന്റെ പൂർവ്വജന്മകഥകൾ എന്നു പറയുന്ന ജാതകകഥകൾ, പല രൂപത്തിൽ ലോകമെങ്ങും പ്രചരിച്ചിട്ടുണ്ട്. ക്രിസ്തുവിനു പല നൂററാണ്ടുമുമ്പുമുതൽ അങ്ങനെ, ഭാരതത്തിൽനിന്നും പടർന്നു പരന്നതാണു് മററു പല വിജ്ഞാനശാഖകൾപ്പോലെ ലോകസാഹിത്യത്തിലെ ആദിമകഥകൾ.

ഭാരതീയരായ ധർമ്മദൂതന്മാരും നാവികന്മാരും വണിക്കുകളും ചെന്നെത്തിയ നാട്ടിലെല്ലാം വാരി വിതറിയ വിഭവങ്ങളിൽ അഴിവില്ലാതെ നിലനില്ക്കുന്ന ചിലതാണു് പഴയ പഞ്ചതന്ത്രകഥകൾ. 'പഞ്ചതന്ത്രം' എന്നും 'തന്ത്രാഖ്യായിക' എന്നും രണ്ടുരൂപത്തിൽ സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധങ്ങളാണു് പഞ്ചതന്ത്രകഥകൾ. അവയുടെ യഥാർത്ഥ ജന്മദേശം ഏതെന്നോ കർത്താവു് ആരെന്നോ തീർത്തുപറയാൻ നിവൃത്തിയില്ല. ഏതായാലും തന്ത്രാഖ്യായികയ്ക്കു കാശ്മീരവുമായുള്ള ബന്ധം സർവ്വസമ്മതമാണു്. ദക്ഷിണാപഥത്തിൽ 'മഹിളാരോപ്യം' എന്ന രാജ്യത്തിലെ രാജാവായ 'അമരശക്തി'യുടെ മടയന്മാരും മടിയന്മാരുമായ മൂന്നു മക്കളെ നീതിശാസ്ത്രം പഠിപ്പിക്കാൻ 'വിഷ്ണുശർമ്മ' എന്ന വൃദ്ധബ്രാഹ്മണൻ രചിച്ചതാണു പഞ്ചതന്ത്രം എന്നു് ആ ഗ്രന്ഥത്തിൽതന്നെ കാണുന്നുണ്ടു്. ക്രിസ്ത്വാബ്ദം രണ്ടാംശതകത്തിനു മുമ്പായിരിക്കാം അതിന്റെ നിർമ്മാണകാലമെന്നും ഊഹിക്കാവുന്നതാണു്.

ക്രിസ്താബ്ദം ആറാംശതകത്തിൽ ഖോസ്റു അനോശർവാൻ എന്ന പാരസീകരാജാവു് അതു പഹ്ലവിഭാഷയിൽ തർജ്ജമ ചെയ്യിച്ചു. പഹ്ലവിയിൽനിന്നും സുറിയാനിയിലും അറബിയിലും അടുത്തു തന്നെ ഭാഷാന്തരീകരണങ്ങൾ ഉണ്ടായി. അറബിഭാഷയിൽനിന്നാണു പിൽക്കാലത്തു സകല പാശ്ചാത്യഭാഷകളിലും പഞ്ചതന്ത്രകഥകൾ പകൎന്നുപോയതു്. പഞ്ചതന്ത്രത്തിലെ ഒന്നാംതന്ത്രമായ സുഹൃദ്ഭേദത്തിലെ പ്രധാന കഥാപാത്രങ്ങളായ കരടകനും ദമനകനും എന്ന ശൃഗാലന്മാരുടെ പേരാണു് സുറിയാനിയിലും അറബിയിലും ഗ്രന്ഥനാമധേയമായി കാണുന്നതു്. കലിലഗ്ഗും ദമ്നഗ്ഗും എന്നു സുറിയാനിയിലും കലിലഹ്ഹാ ദിമ്നഹ്ഹാ എന്നു് അറബിയിലും പേരിട്ടിരിക്കുന്നു. അതിപ്രശസ്തങ്ങളായ പഞ്ചതന്ത്രകഥകളുടെ സംഗ്രഹം ഇവിടെ ആവശ്യമാണെന്നു തോന്നുന്നില്ല. വിചിത്രമായ ഈ ലോകത്തെ നോക്കി പഞ്ചതന്ത്രകഥാകാരൻ മന്ദഹസിക്കുന്നതു നമുക്കു കാണാൻ കഴിയും. മനുഷ്യരുടെ മനോഭാവങ്ങളും കൃത്യങ്ങളും എല്ലാം ജന്തുക്കളിൽ പകൎത്തി നോക്കിനിന്നു രസിക്കുകയാണു കലാകാരൻ. ജന്തുക്കൾ വേദം പഠിക്കുന്നു. വൈദികകൎമ്മങ്ങൾ ആചരിക്കുന്നു. ദേവന്മാരേയും മഹർഷിമാരേയും വീരന്മാരേയും പററി വാദപ്രതിവാദം നടത്തുന്നു. ധൎമ്മസിദ്ധാന്തങ്ങളെപ്പററിയും നീതിതത്വങ്ങളെപ്പററിയും നിരൂപണംചെയ്യുന്നു. പെട്ടെന്നു ഭാവം മാറുന്നു. അവയുടെ സാക്ഷാൽ പ്രകൃതിയും പ്രകാശിക്കുന്നു. മൃഗത്തിൻെറ മൃഗീയത എത്രനേരം മറയ്ക്കാം. സംഗീതവാസനയുണ്ടെന്നു് അഭിമാനിക്കുന്ന ഒരു കഴുതനിലാവുള്ള ഒരു രാത്രിയിൽ ഒരു കൃഷിത്തോട്ടത്തിൽ കടക്കുക

യാണ്. അവന് ഒരു പാട്ടു വരുന്നു. അരുതെന്നു വിലക്കുന്നുണ്ടു് കൂട്ടുകാരൻ കുറുക്കൻ. പക്ഷെ, കഴുത അടങ്ങുമോ? സംഗീതത്തിൻെറ അദ്ഭുതവൈഭവം അവനു തെളിയിക്കണം. അവൻെറ ഖരകണ്ഠനാദം കാവൽക്കാരെ ഉണൎത്തുന്നു. അവനു കിട്ടേണ്ടതു കിട്ടുന്നുമുണ്ടു്. മനുഷ്യൻെറ ഡംഭം കാപട്യവും എല്ലാം കാഥികൻെറ നിശിതനിരൂപണത്തിനു പാത്രമാകുന്നു. ബ്രാഹ്മണൻെറ അത്യാഗ്രഹവും കാപട്യവും രാജസേവകന്മാരുടെ കൃത്രിമങ്ങളും ദുർവൃത്തികളും സ്ത്രീകളുടെ ചാപല്യങ്ങളും വിശേഷിച്ചു വിമൎശനവിധേയമാണ് പഞ്ചതന്ത്രത്തിൽ.

ഹിതോപദേശം എന്ന പ്രസിദ്ധമായ സംസ്കൃതകഥാഗ്രന്ഥം ഏറിയകൂറും പഞ്ചതന്ത്രത്തെ ഉപജീവിച്ചുള്ളതാണ്. പഞ്ചതന്ത്രത്തിലെ അഞ്ചുതന്ത്രങ്ങളിൽനിന്നും ആദ്യത്തെ മൂന്നു തന്ത്രങ്ങളും നാലും അഞ്ചും തന്ത്രങ്ങളിലെ ചില കഥകളും ചേൎന്നതാണ് ഹിതോപദേശം. മൂലകൃതിയിലെ ഇരുപത്തഞ്ചു കഥകളും പതിനേഴു പുതിയ കഥകളും ഇതിൽ ഉൾപ്പെട്ടുന്നുണ്ടു്. പാടലീപുത്രരാജാവായ സുദൎശനൻെറ മൂർഖന്മാരായ മക്കളെ നീതിശാസ്ത്രം പഠിപ്പിക്കുകയാണു ഹിതോപദേശത്തിൻെറ ഉദ്ദേശ്യം എന്നു പറയുന്നുണ്ടു്. ഏതായാലും ഒരു ധവളചന്ദ്രൻെറ ആശ്രിതനായ നാരായണനാണു ഹിതോപദേശകർത്താവെന്നു സ്പഷ്ടമാകുന്നു. പഞ്ചതന്ത്രത്തെക്കാളും ഹിതോപദേശത്തിൽ ഉപദേശാംശത്തിനു പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. സാരോപദേശപരങ്ങളായ പദ്യങ്ങൾ തെരുതെരെ ഉദ്ധരിച്ചുകൊണ്ടാണു കഥയുടെ പോക്കു്. ഉപദേശത്തിൻെറ ആധിക്യംകൊണ്ടു കഥാഗതിക്കു വിഘാതം തട്ടുന്നുവെന്നുപോലും തോന്നിപ്പോകും.

കാമന്ദക നീതിശാസ്ത്രത്തിലെ പദ്യങ്ങൾ ധാരാളം ഇടയ്ക്കിടയ്ക്കു് തൊട്ടുത്തിക്കാണുന്നുമുണ്ടു്.

ലോകമെങ്ങും വ്യാപിക്കത്തക്ക ആകർഷകത്വമുള്ള ഈ ജന്തുകഥകൾക്കു സാഹിത്യലോകത്തു് അന്യാദൃശമായ ഒരു സ്ഥാനമുണ്ടെങ്കിലും സംസ്കൃതസാഹിത്യത്തിൽ മായാത്ത കീർത്തി ചാർത്തിയ മഹാഗ്രന്ഥം ഗുണാഢ്യൻെറ ബൃഹത്കഥയാണു്. ഗോദാവരീതീരത്തുള്ള പ്രതിഷ്ഠാനനഗരത്തിൽ വാണിരുന്ന ആന്ധ്രവംശീയനായ സാതവാഹനൻെറ സദസ്യനായിരുന്നു ഗുണാഢ്യൻ എന്നു പ്രസ്താവമുണ്ടു്. ഹാലൻ എന്നും ശാലിവാഹനനെന്നും അപരാഭിധാനമുള്ള ആ രാജാവു ക്രിസ്താബ്ദം ഒന്നാംശതകത്തിൽ ജീവിച്ചിരുന്നുവെന്നു ഊഹിക്കുന്നുണ്ടു്. അന്നു വിന്ധ്യദേശത്തു പ്രചാരത്തിലിരുന്ന "പൈശാചി" എന്ന പ്രാകൃതഭാഷയിൽ ഏഴുലക്ഷം പദ്യങ്ങളിൽ ഒരു മഹാകഥാസമാഹാരം ഗുണാഢ്യൻ രചിച്ചുവെന്നും അതിൽ ഒരുലക്ഷം പദ്യങ്ങളിൽ അടങ്ങിയ കഥകൾ മാത്രം ശേഷിച്ചു എന്നും ചില ഗ്രന്ഥങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണു്. പക്ഷേ പിശാചഭാഷയിലുള്ള മൂലകൃതിയായ ബൃഹത്കഥ ഇന്നു നഷ്ടപ്രായമാണു്. ക്രിസ്താബ്ദം പതിനൊന്നാം ശതകത്തിനുശേഷം സാക്ഷാദ്ബൃഹത്കഥ മിക്കവാറും അജ്ഞാതമാണു്. എന്നാൽ, ബൃഹത്കഥയുടെ അനേകം സംഗ്രഹങ്ങൾ സംസ്കൃതഭാഷയിൽ നമുക്കു കിട്ടിയിട്ടുണ്ടു്. ക്ഷേമേന്ദ്രൻെറ ബൃഹത്കഥാമഞ്ജരിയും സോമദേവൻെറ കഥാസരിത്സാഗരവും പ്രസിദ്ധങ്ങളായ ബൃഹത്കഥാസംഗ്രഹങ്ങളാണു്. ക്ഷേമേന്ദ്രനും സോമദേവനും ക്രിസ്താബ്ദം പതിനൊന്നാം ശതകത്തിൽ ജീവിച്ചിരുന്ന രണ്ടു

കാശ്മീര കവികളാണ്. സോമദേവൻ 22000 പദ്യത്തിൽ സംഗ്രഹിക്കുന്ന കഥകൾ 4500-പദ്യങ്ങളിൽ ക്ഷേമേന്ദ്രൻ ചുരുക്കുന്നുണ്ട്. ബൃഹത്കഥയുടെ മറെറാരു സംക്ഷേപമാണു ബുധസ്വാമിയുടെ ബൃഹത്കഥാശ്ലോകസംഗ്രഹം. ശ്ലോക സംഗ്രഹം അപൂർണ്ണമാണെങ്കിലും ബൃഹത്കഥാമഞ്ജരിയിലുള്ളിടത്തോളം പദ്യങ്ങൾ അതിലുണ്ട്. രാമായണത്തോടു സാദൃശ്യം വഹിക്കുന്ന കഥാഘടനയാണു ബൃഹത്കഥയ്ക്കു. ലക്ഷ്മണനോടൊത്തു് അലഞ്ഞുതിരിഞ്ഞു് രാവണാപഹൃതയായ സീതയെ വീണ്ടെടുത്തു രാജ്യപട്ടാഭിഷേകം നടത്തുന്നതാണല്ലോ രാമ കഥാസാരം. ബൃഹത്കഥയിലെ നായകനായ നരവാഹന ദത്തൻ ഗോമുഖനോടു് ഒത്തു സഞ്ചരിക്കുന്നതും പ്രിയയായ മദനമഞ്ജൂകയെ അപഹരിച്ച മാനസവേഗനിൽനിന്നും വീണ്ടെടുത്തു വിദ്യാധരചക്രവർത്തിയായി മഹാഭിഷേകം നടത്തുന്നതുമാണു കഥാസാരം. പ്രണയപ്രവീണനായ ഉദയനന്റെ ഗുണവിശേഷം മൂർത്തികരിച്ച പുത്രനാണു നരവാഹനദത്തൻ. അയാൾ ചക്രവർത്തിലക്ഷണങ്ങളോടുകൂടിയാണു ജനിക്കുന്നതു്. വിദ്യാധരന്മാരുടെ ചക്രവർത്തിപദം പ്രാപിക്കുകയും ചെയ്യുന്നു. അതു പററിയ പദവിയാണുതാനും. കണ്ണിൽ കാണുന്ന തരുണികളെയെല്ലാം പ്രണയിക്കുകയും പരിണയിക്കുകയും ചെയ്യുന്ന വിദ്യാധരന്മാരുടെ ചക്രവർത്തിസ്ഥാനം! മദനമഞ്ജൂകയെ പരിണയിക്കാൻ നരവാഹനദത്തന്നു് അനുമതി നൽകുന്നുണ്ടു് ഉദയനൻ. ആരാണീ മദനമഞ്ജൂക? കലിംഗസേനയെന്ന ഗണികയുടെ മകൾ. കലിംഗസേനയെ വിവാഹം ചെയ്വാൻ ഉദയനൻ ആഗ്രഹിച്ചതാണ്. പക്ഷേ മന്ത്രി യൗഗന്ധരായണൻ അനുവദിച്ചില്ല. അവളുടെ മകളെ

മകനെക്കൊണ്ടു വിവാഹം ചെയ്യിച്ചു കൃതാർത്ഥനാകുകയാണു ഉദയനൻ. അതിനിടയിൽ, മാനസവേഗൻ എന്ന വിദ്യാധരൻ മദനമഞ്ജുകയെ തട്ടിക്കൊണ്ടുപോകുന്നു. നരവാഹനൻ വിരഹഖിന്നനാണു്. നരവാഹനനേയും ഉറക്കത്തിൽ തൂക്കിക്കൊണ്ടുപോകുന്നുണ്ടു്. ആ വിരഹദുഃഖത്തിൽ, ആ ഘട്ടത്തിൽ തന്നെ ലളിതലോചനയെന്ന വിദ്യാധരതരുണിയെ പരിണയിച്ചു് മലയപർവ്വതത്തിൽ കഴിഞ്ഞുകൂടുന്നു. ഇടയ്ക്കു കഥകൾ പലതും കഴിഞ്ഞുപോകുന്നുണ്ടു്. വിവാഹം ഒരു് അഞ്ചു് എണ്ണംകൂടി നടത്തുന്നുണ്ടു്—അഞ്ചു വിദ്യാധരികളെ. മദനമഞ്ജുകയുടെ അന്വേഷണം തുടരുന്നുമുണ്ടു്. മാനസവേഗൻെറ തടങ്കലിൽ അവളെ പണിപ്പെട്ടു കണ്ടുകൂടുന്നു. മാനസവേഗനേയും അയാളുടെ കൂട്ടുകാരെയും യുദ്ധത്തിൽ വധിച്ചു് ഒരു് അഞ്ചു പരിണയംകൂടെ നിർവ്വഹിക്കുന്നു. രത്നപ്രഭ, കർപ്പൂരിക, അലങ്കാരവതി, ശക്തിയശസ്സ് എന്നിങ്ങനെ അനേകം തരുണികളെ വിവാഹം കഴിച്ചു ശത്രുവിധ്വംസവും സാധിച്ചു ചക്രവർത്തിയായി മഹാഭിഷേകവും ആഘോഷിക്കുന്നു. പ്രണയവും പരിണയവും സമരവും സാഹസവുംകൊണ്ടു നിറഞ്ഞു നീണ്ടുപോകുന്ന കഥകളും കഥയ്ക്കുള്ളിൽ കഥകളും അടങ്ങിയ ഈ മഹാഗ്രന്ഥം അദ്ഭുതാനന്ദവിവശനാകാതെ ഒരുവനു വായിക്കുവാൻ സാദ്ധ്യമല്ല. ഒരുപക്ഷേ നൂതനമായ നിരൂപണദൃഷ്ടികൊണ്ടു നിരീക്ഷണം ചെയ്താൽ ഈ പ്രണയപരിണയബാഹുല്യവും അമാനുഷികാശ്ചര്യസംഭവങ്ങളും അതിർകടന്നുപോകുന്നെന്നു തോന്നാം. എന്നാൽ മഹാഭാരതത്തിലെന്നപോലെ ഈ കൃതിയിലും അന്തർഭവിക്കാത്ത ലോകരംഗസംഭവങ്ങൾ കുറയും. കഥകളും ഉപകഥകളും പറയുന്ന കൂട്ടത്തിൽ

എന്തുതന്നെ ഉൾപ്പെട്ടുകയില്ല? വിക്രമാദിത്യചക്രവർത്തിയുടെ കഥകളുണ്ട്. കടലിനപ്പുറത്ത് കർപ്പൂരം വിളയുന്ന രാജ്യത്ത് കർപ്പൂരികയോടൊത്തു പോകുന്നുണ്ടു നരവാഹനദത്തൻ. കേവലം ദാരുമയങ്ങളായ യന്ത്രങ്ങളെ കിങ്കരരാക്കിയുള്ള ഒരു രാജാവിൻെറ രാജധാനി സന്ദർശിക്കുന്നു. യാന്ത്രികമായ ഒരു വിമാനത്തിലാണ കർപ്പൂരികയും നരവാഹനനും തിരിച്ചു പോരുന്നത്. മനോഹരങ്ങളായ പ്രകൃതിവർണ്ണനകൾ, അസാധാരണമായ രസഭാവാവിഷ്കരണം, ഗഹനങ്ങളായ തത്ത്വവാദങ്ങൾ ഇവയെല്ലാം ഇടയ്ക്കിടെ ഹൃദയാകർഷകമായ രീതിയിൽ പ്രകടമാകുന്നുണ്ട്. ദൈവവും പുരുഷകാരവുമായുള്ള സംഘട്ടനത്തിൽ ഉൽകടമായ പുരുഷപ്രയത്നംകൊണ്ട് പ്രതികൂലമായ വിധിയെ ജയിക്കാമെന്നുള്ള ഉത്തേജകമായ ഉപദേശമാണ് ഒരു കഥയിൽ. ഇങ്ങനെ എത്ര അമൂല്യങ്ങളായ തത്ത്വോപദേശങ്ങളാണ് ഈ മഹാഗ്രന്ഥത്തിൽ വാരി വിതറിയിരിക്കുന്നത്.

ക്ഷേമേന്ദ്രൻെറ കൃതി അതിസംഗ്രഹംകൊണ്ടു തെല്ല വിരസം ആകുന്നുണ്ട്. പക്ഷേ, സോമദേവൻ കഥാസ്വാരസ്യം പാലിക്കുന്നു. എല്ലാത്തരത്തിലുള്ള ആളുകളും നമുക്കു പരിചയപ്പെടുന്നുണ്ട്. സത്തുക്കളും സന്യാസിമാരും ധീരന്മാരും ഭീരുക്കളും കള്ളന്മാരും ചതിയന്മാരും എല്ലാം. മഹിളകളെപ്പററി ഒരു മതിപ്പു കവിക്കു് ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. നിത്യവും പരപുരുഷരതയായ സ്ത്രീ ഭർത്താവിനോടൊത്തു് ഉടന്തടി ചാടി മരണം വരിക്കുന്നു. രാജാവിൻെറ വെള്ളാനയുടെ രോഗം ശമിക്കാൻ ഒരു പതിവ്രതയുടെ സ്പർശം മതി. പക്ഷേ, രാജ്യത്തെ 80000 സ്ത്രീകൾ

 No: 5917

തൊട്ടിട്ടും ഫലമില്ല. ഒടുവിൽ ഒരു സാധുവിൻെറ യുവതിയായ ഭാര്യ വിജയിക്കുന്നുണ്ടു. അവളുടെ സഹോദരിയെ രാജാവു വിവാഹം കഴിക്കുന്നു. അയാൾക്കും ചതി പറവുന്നു. ദൃഢവ്രതകളായ പതിവ്രതകളുമുണ്ട്. അടുത്തു കൂടുന്ന കാമുകക്കു സങ്കേതസ്ഥാനം നിശ്ചയിക്കുന്നു. അവർ എത്തിച്ചേരുമ്പോൾ ചുട്ടുവെച്ചു വിടുകയും ചെയ്യുന്നു. മന്ത്രവാദവും ആഭിചാരവും മുറയ്ക്കു കാണാം. ചിലപ്പോൾ നരബലിപോലും. തൻെറ സൌന്ദര്യത്തിൽ ഭ്രമിച്ച സ്ത്രീകളിൽനിന്നും രക്ഷനേടാൻ സ്വന്തം കണ്ണു കുത്തിപ്പറിക്കുന്ന രാജകുമാരനും കൂട്ടത്തിൽ കാണുന്നുണ്ട്. ആകപ്പാടേ വിചിത്രമായ ഒരു ലോകമാണു സോമദേവൻ ചമയ്ക്കുന്നതു്.

ശിവദാസൻെറ 'വേതാള പഞ്ചവിംശതിക' പ്രാചീനമായ ഒരു കൃതിയാണ്. വിക്രമാദിത്യരാജാവിന് ഒരു യോഗി ആണ്ടുതോറും ഒരു പഴം കാഴ്ച വെയ്ക്കുന്നു. ആ പഴത്തിനുള്ളിൽ ഒരു രത്നവുമുണ്ട്. രാജാവു പ്രത്യുപകാരത്തിനു തയ്യാറാണ്. ശ്മശാനത്തിൽ ഒരു മരക്കൊമ്പിൽ ഒരു ശവം തൂങ്ങുന്നുണ്ട്. അതു് എടുത്തുകൊണ്ടുവരണം. രാജാവു ശവം എടുക്കുന്നു. ശവത്തിൽ ഒരു വേതാളം കൂടിയിട്ടുണ്ട്. അതു് ഓരോ കഥ പറയാൻ തുടങ്ങും. കഥയുടെ ഒടുവിൽ ഒരു ചോദ്യവും. ആ ചോദ്യത്തിന് ഉത്തരം പറയണം രാജാവു്. ഉത്തരം കേട്ടാലുടൻ ശവം തിരികെ മരക്കൊമ്പിൽ തൂങ്ങുകയായി. ഇങ്ങനെ വേതാളം പറയുന്ന 25 കഥകളാണ് വേതാള പഞ്ചവിംശതിക.

ചിന്താമണിഭട്ടൻെറ ശുകസപ്തതി ഒരു തത്ത പറയുന്ന എഴുപതു കഥകളാണ്. ഭർത്താവു ദേശാന്തരത്തിനു പോയ തരംനോക്കി പരപ്രണയം കാംക്ഷിക്കുന്ന ഭാര്യയോട് അയാളുടെ തത്ത ഓരോ കഥ പറയുകയാണ്. കഥകളിൽ പകുതിയും വൈവാഹികജീവിതത്തിലെ വ്യതിയാനങ്ങളെ സൂചിപ്പിക്കുന്നവയാണ്. സിംഹാസനദ്വാത്രിംശികയിലെ മുപ്പത്തിരണ്ടു കഥകളും വിക്രമാദിത്യസിംഹാസനത്തിലെ സാലഭഞ്ജികകൾ പറയുന്നവയാണ്.

ദിവ്യാവദാനം, അവദാനശതകം, ജാതകമാല എന്നിങ്ങനെ ബൗദ്ധസാഹിത്യത്തിലും അനേകം കഥകൾ പ്രസിദ്ധങ്ങളാണ്. ആകപ്പാടെ നോക്കിയാൽ അനർഘങ്ങളായ കഥാരത്നങ്ങളുടെ ഒരു് അക്ഷയഭണ്ഡാഗാരമാണ് സംസ്കൃതസാഹിത്യം. *

---

* സുബന്ധു, ദണ്ഡി, ബാണഭട്ടൻ മുതലായ പ്രസിദ്ധന്മാരായ സാഹിത്യകാരന്മാരുടെ കഥാരൂപത്തിലുള്ള ഗദ്യകാവ്യങ്ങൾ ഈ ഉപന്യാസപരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# മലയാള സാഹിത്യം

## ഒരു സിംഹാവലോകനം

ജീവിതത്തെ ജീവിതവ്യമാക്കാനുള്ള നവ്യസരണികൾ ആരാഞ്ഞു പാഞ്ഞുപോകുന്ന മനുഷ്യമനീഷയ്ക്കു സാഹിത്യാദികളായ കലാസംരംഭങ്ങളോടു ക്രമേണ അനാദരമോ അനാസ്ഥയോ സംജാതമാകുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആധുനികപാശ്ചാത്യശാസ്ത്രത്തിന്റെ ആകഷ്ണവീഥികളിൽ ആന്ദോളനംചെയ്തു് അദൂരവ്യാപിയായ ഭൗതികശ്രേയസ്സിൽ കൗതുകംകൊള്ളുന്ന ഒരു നൂതന മനഃസ്ഥിതി പരക്കെ ദൃശ്യമാകുന്നുണ്ടു്. ഉത്കൃഷ്ടമായ വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യംപോലും ജീവികോപാർജ്ജനത്തിനുള്ള ഉപകരണസംഭരണമാണെന്ന അഭിപ്രായം അസുലഭമല്ല. വിദ്യാസമ്പാദനത്തിന്റെ പരമലക്ഷ്യം ജീവികാർജ്ജനമാണോ? ആണെങ്കിൽ സാഹിത്യത്തിന്റെ പ്രയോജനം പരിമിതമാണു്. അതു നമ്മുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയവുമാണു്.

ജ്ഞാനസമ്പാദനത്തിന്റെ പരമാദർശം ആധ്യാത്മികമായ അഭ്യുദയമാണു്, ആത്മസംസ്കാരത്തിന്റെ പരിപോഷണമാണു് എന്നു വിചാരശീലരായ മഹാന്മാർ സമ്മതിക്കുന്നുണ്ടു്. സർവ്വജന്തുസാധാരണമായ ശാരീരികക്ഷുധ അടങ്ങിയാലും അടങ്ങിനിൽക്കാത്ത ആന്തരമായ ക്ഷുത്തൃഷ്ണയും

നമുക്ക് അനുഭവവേദ്യമാണ്. പ്രാകൃതങ്ങളായ നമ്മുടെ ജന്തു വികാരങ്ങളെ സംസ്കരിച്ച് സമൂഹോന്നതിക്കു പര്യാപ്തമായ ശ്രേഷ്ഠവികാരങ്ങളെ പ്രകാശിപ്പിച്ച് മഹനീയ ഗുണങ്ങളെ പരിപോഷിപ്പിക്കേണ്ടതു് വിശിഷ്ടമായ വിദ്യയുടെ ധർമ്മമാണ്. ലോകത്തിൽ ഇന്നു കാണുന്ന ദുരിതങ്ങൾക്കും അസ്വാസ്ഥതയ്ക്കും നിദാനം ജീവിതവിഭവങ്ങളുടെ അഭാവമല്ല, ഉള്ളവയെ വിഭജിച്ച് അനുഭവിക്കാനുള്ള സന്നദ്ധതയുടെ—സർവ്വാശാസ്യമായ മനോവിശാലതയുടെ—സംസ്കാരജന്യമായ നിഃസ്വാർത്ഥതയുടെ അഭാവമാണ്. ആന്തരമായ ആ ക്ഷുധയുടെ ശാന്തിക്കും സൗഭ്രാത്രസുന്ദരമായ സംസ്കാരത്തിന്റെ പ്രസരണത്തിനും ലോകശാന്തിയുടെ ഉദ്ധാരണത്തിനും ഉപകരിക്കുന്ന മഹാമന്ത്രം സാഹിത്യസേവനമാണ്. ആധുനികമായ ശാസ്ത്രീയ പുരോഗതി നൽകുന്ന അദ്ഭുതസമ്പാദ്യങ്ങൾ പരസ്പരസംഹാരപരമായി തീരാതിരിക്കണമെങ്കിൽ മനുഷ്യമനസ്സിൽ മാധുര്യം തളിക്കുന്ന മഹനീയമായ സാഹിത്യം ആസ്വാദിച്ചേ കഴിയൂ.

"ഇദമന്ധം തമഃ കൃത്സ്നം ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതിരാസംസാരം ന ദീപ്യതേ"

എന്ന പ്രാചീനവചനം അന്വർത്ഥമാണ്. പല പല തലമുറകളായി സംഭൃതമായ മനുഷ്യസമുദായത്തിന്റെ സമ്പത്ത് സാഹിത്യഭണ്ഡാഗാരത്തിലാണ് സ്ഥിതിചെയ്യുന്നതു്. മഹത്തരമായ സാഹിത്യത്തിന്റെ ശക്തിക്കു മുമ്പിൽ ആലകതികശക്തിയുടെ അഭിനവസിദ്ധികൾ പരമാർത്ഥത്തിൽ അസ്തപ്രഭങ്ങളാണ്.

അതിശാന്തമെന്നാലും ശക്തമാമതിൻ ധ്വനി
സതതം ചൂഴ്ന്ന കാററിൽ തിരകഠം തല്ലിത്തല്ലി,
ക്ഷിതിഗോളത്തെ ജഗദീശരാജ്യത്തിലേയ്ക്കു
കുതികൊള്ളിക്കും നവ്യചലനമുണ്ടാക്കുന്നു.

ലോകഭരണം നടത്തുന്ന ഉത്തുംഗപ്രതിഭന്മാരായ മഹാന്മാരുടെ പ്രഭാവത്തിനു നിദാനം അവരുടെ ഹൃദയവശീകരണനിപുണമായ വചസ്സിൻെറ മഹിമയാണ്—അതേ, നിസർഗ്ഗസിദ്ധമായ സാഹിത്യവിദ്യയുടെ ശക്തിയാണ്. അത്രയ്ക്കു് അഭികാമ്യമായ ഒരു പ്രവർത്തന പദവിയെ അനാദരിക്കുക ആശാസ്യമാണോ ?

സുലഭവൈകൃതമായ ലോകത്തിൻെറ അസുലഭങ്ങളായ സൗന്ദര്യാംശങ്ങളെ ആവിഷ്കരണം ചെയ്തു് മനുഷ്യ ഹൃദയത്തെ ആനന്ദാനുഭൂതിയിലേക്കു ഉയർത്തുന്ന കോമളകല ആദിത്യതേജസ്സിനെ ആലിംഗനം ചെയ്യാൻ പാഴ്ച്ചെളിയിൽ നിന്നും പങ്കജത്തെ കിളർത്തുന്ന സരസ്സുപോലെ അഭിഗമ്യമാണ്. അന്യോന്യമത്സരസമുത്സുകരായ മനുഷ്യസമുദായവിഭാഗങ്ങഠംക്കു് ഉന്നതാദർശനിദർശനം നൽകി ഇണക്കി ഒരുമിപ്പിക്കാൻ ഉത്തമസാഹിത്യത്തിനുള്ള ശക്തി സർവവിദിതമാണ്.

വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക-
സ്ഥിതി പാലിക്കേണ്ടതാ സ്നേഹഗാനങ്ങളല്ലോ
ഏതു ദിക്കെന്നാകിലുമേതു ബീജമാകിലു-
മേതു വർണ്ണമായാലും മൈത്രിയാൽ പുഷ്പങ്ങളെ

ഭേദമെന്നിയേ തലോടുന്ന പൊൻകരമേലും
ജ്യോതിസ്സേ, ജയിക്ക നീ ജയിക്ക നിൻെറ ഗാനം.

എന്ന മഹാകവിസൂക്തം കവനകലയെ സാമാന്യേന പരാമശിക്കുന്നതാണല്ലോ. രാമായണം, ഭാരതം എന്നീ രണ്ടു ഗ്രന്ഥങ്ങൾ കന്യാകുമാരി മുതൽ കാശ്മീരം വരെയുള്ള വിസ്തൃതഭൂവിഭാഗത്തെ അധിവസിക്കുന്ന വിവിധ ജനതകൾക്കു് അവരുടെ ബാഹ്യങ്ങളായ വിഭിന്നതകളേയും, വിഘടനകളേയും അതിലംഘിക്കുന്ന ഒരു് ഐക്യം വിശ്വാസഗതിയിലും, ആദശരീതിയിലും വരുത്തിയിട്ടുണ്ടെന്നുള്ളതു് അനിഷേധ്യമാണ്. അങ്ങനെ മനുഷ്യസംസ്കാരത്തെ പ്രബലമായി ബാധിക്കുന്ന ഒരു് ഉപാധിയാണു സാഹിത്യം. അഭിലഷണീയമായ ഈ ഏകീകരണശ്രമംകൊണ്ടു് വ്യക്തികളുടേയോ വർഗ്ഗങ്ങളുടേയോ ആശാസ്യമായ വൈചിത്ര്യവിശേഷത്തിനു ഹാനി തട്ടുന്നുമില്ല. കേരളസാഹിത്യത്തിൻേറയും സംസ്കാരത്തിൻേറയും കഥ തന്നെ നോക്കുക. ആഗന്തുകമായ ആര്യസംസ്കാരത്തിൻെറ സംയോഗംകൊണ്ടു് സംപുഷ്ടമായ കേരളഭാഷയും സാഹിത്യവും അവയുടെ അനന്യസുലഭങ്ങളായ ഭാഗിവിശേഷണങ്ങളോടുകൂടിത്തന്നെ പരിലസിക്കുന്നു.

എന്താണു കേരളഭാഷാസാഹിത്യങ്ങളുടെ വൈശിഷ്ട്യം? നമുക്കു യഥാർത്ഥത്തിൽ അഭിമാനാസ്പദമായ ഗുണമഹിമകൾ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനുമുണ്ടോ? ഉണ്ടു്—ഉണ്ടാവാതെ തരവുമില്ല. കിഴക്കു ചീനർ മുതൽ പടിഞ്ഞാറു യവനർ വരെയുള്ള പുരാതന പരിഷ്കൃത ജനതകളെ,

"പഴുപ്പു കാശ്ശൂൾക്കെത്തും നേരത്തു പവിഴച്ചാ-
ത്തഴകിലണിയുന്ന മുളകിൻ കൊടികൾ"

കേരളജനസംസൎഗ്ഗത്തിനു നിരന്തരം ആമന്ത്രണം ചെയ്തിട്ടുണ്ടു്. അങ്ങനെ ചിരന്തനവും വിപുലവുമായ സംസൎഗ്ഗമഹിമ കൊണ്ടും നിസൎഗ്ഗജമായ ഗുണവിശേഷംകൊണ്ടും സംസിദ്ധമായ ഒരു മനോഹരസംസ്കാരം കേരളീയൎക്കു സ്വായത്തമാണു്. അനേകശതാബ്ദങ്ങളിലെ അഭിവൃദ്ധി സമ്പാദിച്ചിട്ടുള്ള രണ്ടു മഹാഭാഷകളുടെ—സംസ്കൃതത്തിൻെറയും തമിഴിൻെറയും—ശബ്ദകോശം മലയാളത്തിനു സ്വാധീനമാണു്. സംസ്കൃതത്തിനും തമിഴിനുമുള്ള കഴിവുകളെല്ലാം—സാഹിത്യസൃഷ്ടിയിൽ സംപ്രാപ്യമായ സിദ്ധിവിശേഷങ്ങളെല്ലാം—കേരളഭാഷയ്ക്കും സാധ്യമാണു്. സംസ്കൃതഭാഷ മനോഹരമാണു്, തമിഴ് മധുരമാണു് എങ്കിൽ മധുരതരവും മനോഹരതരവുമാണു് മലയാളം. ഇത്ര വിശിഷ്ടമായ ഒരു സാമഗ്രികൊണ്ടു് പ്രതിഭാശാലികളും സംസ്കാരസരസരുമായ കേരളീയർ നിൎമ്മിക്കുന്ന സാഹിത്യം ഉത്തമമായിരിക്കാനേ വകയുള്ളു.

ആറു ശതാബ്ദത്തിൽ കുറയാത്ത പഴക്കമുള്ള മലയാള കവിതയുടെ ചില മാതൃകകൾ ലോകത്തിലെ ഏതു സാഹിത്യത്തോടും കിടപിടിക്കത്തക്കതായുണ്ടെന്നു് നമുക്കു നിസ്സംശയം പറയാം.

"മുഴ്കിപ്പോയേൻ ഞാനമൃതജലധൗ മുഗ്ദ്ധചന്ദ്രാങ്കൽ വീണ്ണേൻ
താണ്ണേൻ ജ്യോത്സ്നാസരസി പനിനീർ
തന്നിലാണ്ണേനമിണ്ണേൻ

അല്ലല്ലസ്സുൻമനസിജദശാവേദനാം കണ്ടിദാനീം
അമ്പല്പ്പൂൽകീതനനവരസസ്നേഹമെന്നാമലെന്നെ.”

മന്ദഹാസവികസിതവദനയായ ഒരു കാമിനിയുടെ ആശ്ലേഷത്തെ എത്ര മനോഹരമായി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക.

“വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തേൻറൽ പീതാ മടങ്ങി-
ത്തങ്ങിത്തങ്ങിത്തരുണികൾ മൂലക്കുൻറിലുച്ചൈരുറങ്ങി
തിങ്ങിത്തിങ്ങിച്ചുഴല വരിവണ്ടിണ്ടണ്ടയാം കണ്ടിയൂരിൽ
പങ്ങിപ്പങ്ങിപ്പരിമളമെഴും തെൻറൽ വീയും തദാനീം.”

കണ്ടിയൂർ വീശുന്ന തെന്നലിൻെറ അസൂയാജനകമായ തോന്ന്യാസങ്ങൾ ആരേയാണ് ആകർഷിക്കാത്തതു്?

ഇങ്ങനെ പ്രാചീനമലയാള കവിതയിലെ മനോഹര ഭാഗങ്ങൾ ഉദ്ധരിക്കാൻ തുടങ്ങിയാൽ എത്രവേണമെങ്കിലു മാവാം.

ഊർജ്ജസ്വലമായ പ്രാചീനഗദ്യവും മലയാളത്തിൽ അസുലഭമല്ല. “അങ്കത്തട്ടിട്ടു് അങ്കമാടിക്കരേറി കട്ടത്തില ഇട കടഞ്ഞു് മുനകടഞ്ഞു് മുനയിൽ കതിരവനേയും തെളിയിച്ചു്, നീട്ടകിൽ നെഞ്ചുപിളർപ്പൻ, അടുക്കുകിൽ കളരിക്കു പുറത്തെ റിഞ്ഞമ്മാനമാട്ടുവൻ–” എന്നു തുടങ്ങുന്ന ഗദ്യഭാഗത്തിൻെറ ശക്തിയും ഓജസ്സും പൗരുഷശാലികളായ ജനങ്ങളുടെ ഭാഷ യിലേ ദൃശ്യമാകയുള്ളു.

കവികുലഗുരുവായ തുഞ്ചത്തെഴുത്തച്ഛൻെറ അമൃതനിഷ്യ ന്ദിയായ ഗാനത്തിൻെറ ഏതുഭാഗവും മലയാള കവിതയുടെ

സർവ്വാദരണീയമായ മനോഹാരിതയും മഹിമാതിശയവും തെളിയിക്കുന്നതാണ്.

"ആളികളോടും കൂടി കേളികൾ കോലുമ്പോഴും
വ്രീളാദി മനോഹരഭാവങ്ങൾ കാണുമ്പോഴും
പന്താടുന്നതു കണ്ടും പമ്പരക്കളി കണ്ടും
ചിന്തുകൾ പാടുന്നതും ചന്തമായാടുന്നതും"

എന്നു തുടങ്ങുന്ന സുഭദ്രയുടെ താരുണ്യ ലാവണ്യവർണ്ണനയിലും,

"നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽക്കൂട്ടിത്തിറമൊടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടുമണിക്കിരീടവും
കുനുകുനച്ചിന്നും കുറുനിര തന്മേൽ
നനുനനെപ്പൊടിഞ്ഞൊരു പൊടി പററി
തിലകുവുമൊട്ടു വിയപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും."

എന്നു തുടങ്ങുന്ന ഭക്തിരസമധുരമായ കൃഷ്ണവർണ്ണനയിലും ഗംഭീരമായ വേദാന്തചിന്തയിലും ഒരുപോലെ സമഗ്രശോഭമായ കലാവൈഭവം പ്രസരിക്കുന്നുണ്ട്.

മഹാന്മാരായ മദ്ധ്യകാലമലയാളകവികളുടെ കൃതികളെപ്പററി ഒരു മാത്രസൂചനം പോലും ചെയ്യാൻ ഇവിടെ അവസരമില്ലല്ലോ. ഒരു കാര്യം സൂചിപ്പിക്കണമെന്നേ ഉദ്ദേശമുള്ളു. മഹനീയമായ ഒരു പൂർവ്വസമ്പത്ത് സാഹിത്യമണ്ഡലത്തിൽ

നമുക്കുണ്ടു്. അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ടു്. ആ പൂർവമഹിമയ്ക്കു് അനുരൂപമായ ഒരു ആധുനിക മഹത്ത്വമുണ്ടോ? ആശാവഹമായ ഒരു ഭാവിയുണ്ടോ? എന്നുള്ള പ്രശ്നം സംഗതമാണു്.

ശുദ്ധസാഹിത്യമണ്ഡലത്തെ പരാമർശിക്കുകയാണെങ്കിൽ, ശ്രേഷ്ഠങ്ങളായ പല കൃതികളും ആധുനിക സാഹിത്യകാരന്മാരിൽനിന്നും നമുക്കു സിദ്ധിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്ന മൂന്നു ഭാസുരതാരങ്ങൾ ഏതു സാഹിത്യനഭസ്സിനേയും സമുജ്ജ്വലമാക്കാൻ തക്ക പ്രഭാപ്രസരമുള്ളവരാണു്. ആശാനിൽ നിന്നും കേരളഭാഷയ്ക്കു ലഭിച്ചിട്ടുള്ള അനർഘവും അനശ്വരവുമായ സമ്പത്തു ലോകസാഹിത്യ ചരിത്രത്തിൽ കേരളസാഹിത്യത്തെ ഉൾപ്പെടുത്തി ഉയർത്താൻ തക്കവണ്ണം അത്രയ്ക്കു വിശിഷ്ടമാണെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. പക്ഷേ നമ്മുടെ സാഹിത്യവിഭൂതി അന്യജനാജ്ഞാതമായി വിശാലലോകവിശ്രുതിയററു് ഘടദീപം പോലെയോ വനപുഷ്പം പോലെയോ ഒളിഞ്ഞു വിലസുന്നേയുള്ളു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മററു പല ദേശഭാഷകളിലെ ഗ്രന്ഥങ്ങളും സാഹിത്യചരിത്രവും പോലെ മലയാളകൃതികളും സാഹിത്യചരിത്രവും ആംഗലഭാഷയിൽ ആവിർഭവിച്ചെങ്കിൽ ഭാഷാസാഹിത്യത്തിൻെറ മാഹാത്മ്യം മഹാന്മാരായ വിദേശീയർ മനസ്സിലാക്കുമായിരുന്നു. ജീവിതത്തിൻെറ അഗാധനിഗൂഢങ്ങളായ വസ്തുതകൾ ഗ്രഹിച്ചു് സുകുമാരകലയുടെ സൂക്ഷ്മതരങ്ങളായ മർമ്മങ്ങൾ ധരിച്ചു് മനുഷ്യഭാവനയുടെ ഉത്തുംഗശൃംഗങ്ങളിൽ വിഹരിച്ചിരുന്ന ആ മഹാനുഭാവൻെറ "ഓരോ

വരിയും സാരസമ്പൂർണ്ണം; ഓരോ പദവും സജീവം; ഓരോ ചിന്തയും വികാരോദ്ദീപകം; ഓരോ കല്പനയും വിമർശ്ശഹൃദ്യം" എന്നിങ്ങനെ വശ്യവചസ്സായ മഹാകവി ഉള്ളൂർ ഉള്ളഴിഞ്ഞു ചെയ്യുന്ന പ്രശംസ അനുപക്ഷരം അർത്ഥവത്താണ്. അദ്ദേഹത്തിൻെറ സൂക്തിരത്നങ്ങളെ പ്രത്യേകമെടുത്ത് ഇവിടെ പ്രദർശിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ആധുനികരായ കേരളീയ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ മഹാകവി ഉള്ളൂരിനെപ്പോലെ നിരന്തരവും അതന്ദ്രവുമായ ഭാഷാസേവനം നിർവ്വഹിച്ചിട്ടുള്ളവർ വേറെയുണ്ടെന്നു തോന്നുന്നില്ല. വിശാലമായ കാവ്യസരണിയിൽ മാത്രമല്ല, സാഹിത്യത്തിൻെറ നാനാമുഖങ്ങളായ പദ്ധതികളിലും അദ്ദേഹത്തിൻെറ അഭിനവമായ പദപംക്തി ദൃശ്യമാണ്. സാഹിത്യാസ്വാദനവിഷയത്തിൽ 'സ്ഥിതിസ്ഥാപകരിൽ പ്രമാണി' യെന്ന് അഭിമാനിക്കുന്ന അദ്ദേഹം യഥാർത്ഥത്തിൽ 'ഭവ്യോത്പതിഷ്ണുക്കളിലഗ്രഗണ്യ'നാണ്. ആ മഹാപണ്ഡിതൻെറ സംഭാവനയായി ഭാഷയ്ക്കു സിദ്ധിച്ചിട്ടുള്ള പ്രാമാണികമായ കേരളസാഹിത്യചരിത്രം നമ്മുടെ അനർഘമായ ഒരു സമ്പത്താണ്.

ദീർഘവും പ്രശസ്തവുമായ സാഹിത്യസേവനത്തിനു ശേഷം മഹാകവി വള്ളത്തോളിൻെറ ശ്രദ്ധ സാഹിത്യോപസ്കാരകങ്ങളായ കലാന്തരങ്ങളിൽ വ്യാപിച്ചിരിക്കുകയാണല്ലോ. കേരളകലാമണ്ഡലത്തിൻെറ ജീവാതുവായ ആ കാവ്യകലാവിധാതാവിൻെറ സൃഷ്ടിവൈശിഷ്ട്യത്തെ ദിഗ്ദശ്

നംചെയ്യാൻപോലും പരിമിതമായ ഈ പരിധികളിൽ എങ്ങനെ സാധ്യമാകും?

ആംഗലവിദ്യാഭ്യാസംകൊണ്ടു പരിപുഷ്ടമായ ഗദ്യശാഖയിൽ പല നൂതന സമ്പത്തുകളും നമുക്കു ലഭിച്ചിട്ടുണ്ടു്. നോവൽ, ആഖ്യായിക, ഉപന്യാസം, ചെറുകഥ എന്നിങ്ങനെ ഭിന്നോപശാഖകളോടുകൂടി അനുദിനവർദ്ധമാനമാണു് നമ്മുടെ ഗദ്യശാഖ. സി. വി. രാമൻപിള്ള, ചന്തുമേനോൻ, സീ. വി. കുഞ്ഞുരാമൻ, ഈ. വി. കൃഷ്ണപിള്ള, മൂക്കോത്തു കുമാരൻ മുതലായ മഹാരഥന്മാരുടെ വിചിത്രശൈലികളിലുള്ള ഗദ്യകൃതികളെപ്പററി അഭിമാനസമന്വിതം അനുസ്മരിക്കാവുന്നതാണു്. സീ. വീ. രാമൻപിള്ളയുടെ 'അദ്ഭുതാനന്ദപീയൂഷം ചൊരിയുന്ന' 'ആ പ്രൗഢധ്വനി' ഇന്നും സാഹിത്യവിഹായസ്സിൽ അപ്രതിഹതമായി അലതല്ലുന്നുണ്ടു്. ഗംഭീരപ്രതിഭനായ ആ ഭാവനാസമ്പന്നന്റെ അദ്ഭുതസൃഷ്ടികൾ ഭാഷയുടെ അനശ്വരശേവധികളാണു്.

കവിതയിലും ഗദ്യത്തിലും ഈ മഹാന്മാരുടെ പാരമ്പര്യം പുലർത്താൻ പാടവമുള്ള യുവസാഹിത്യകാരന്മാർ നമുക്കുണ്ടോ? ഉണ്ടെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. എത്ര മനോഹരങ്ങളായ കവിതകൾ, എത്ര മഹനീയങ്ങളായ ഗദ്യലേഖനങ്ങൾ ഇന്നും പ്രതിദിനം പ്രസിദ്ധീകൃതങ്ങളാകുന്നു. പക്ഷേ, ഈ യുവസാഹിത്യകാരന്മാരോടു നാം നമ്മുടെ കടമ നിർവഹിക്കുന്നുണ്ടോ എന്നു സംശയമാണു്. ജീവിതത്തിന്റെ ദുരിതതരണത്തിനും നിർവിഘ്നമായ സാഹിതീസേവനത്തിനും അവർക്കു് അവസരം ലഭിക്കുമാറു്, അനുഭാവമധുരവും ഉദാരവുമായ പ്രോത്സാഹനം നൽകേണ്ടതു നമ്മുടെ കടമയാണു്.

സാമാന്യം അഭിവൃദ്ധമായ നമ്മുടെ സാഹിത്യത്തിനു പരിഹരണീയങ്ങളായ ചില ന്യൂനതകളുണ്ടെന്നു സമ്മതിച്ചേ കഴിയൂ. ആധുനികശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഭാഷയിൽ വിരളമാണു്. നൂതനപാശ്ചാത്യശാസ്ത്രം അഭ്യസിച്ചിട്ടുള്ള കേരളീയർ ദുർല്ലഭമല്ലതാനും. പിന്നെ എന്താണു് ഈ ദാരിദ്ര്യത്തിനു കാരണം? സാങ്കേതികങ്ങളായ ശാസ്ത്രീയ സംജ്ഞകളുടെ അഭാവം—സംജ്ഞാനിർമ്മിതിക്കുള്ള വൈഷമ്യം. ഇക്കാര്യത്തിൽ ലഘുതരവും യുക്തതരവുമായ മാർഗ്ഗം പാശ്ചാത്യസംജ്ഞകളെ അങ്ങനെ തന്നെ സ്വീകരിക്കുകയാണു്. ഭാഷാസ്വരൂപസൗഷ്ഠവം പരിപാലിക്കുന്നതിൽ അതികുതുകമുള്ളവരുടെ സംതൃപ്തിക്കു ഭാഷാപര്യായങ്ങൾ കൂടി സൃഷ്ടിച്ചുകൊള്ളാം. അക്കൂട്ടത്തിൽ ആയുസ്സും ആരോഗ്യവുമുള്ളവ ജീവിച്ചുകൊള്ളും. ഏതായാലും പുരോഗാമിയായ തിരുവിതാംകൂർ സർവകലാശാല സാങ്കേതികശബ്ദസൃഷ്ടിയിൽ ദത്തദൃഷ്ടിയാണു്. ആ ഉദ്യമം ഫലിതമാകുമ്പോൾ ശാസ്ത്രീയസാഹിത്യം സുലഭമാകുമെന്നു് ആശിക്കാം.

ശുദ്ധസാഹിത്യവിഭാഗത്തിലും പല നൂതനാർജ്ജനങ്ങൾക്കും അവകാശമുണ്ടു്. നമ്മുടെ നാടകസാഹിത്യം തന്നെ നമ്മുടെ വിദ്യാഭ്യാസപുരോഗതിക്കും സംസ്കാരവിശാലതയ്ക്കും അനുരൂപമായിട്ടുണ്ടോ? ഒരു് ആധുനികരംഗത്തു് അഭിനയയോഗ്യങ്ങളായ സ്വതന്ത്രനാടകകൃതികളുടെ സംഖ്യ തുലോം തുച്ഛമല്ലേ? സാഹിത്യപാടവമോ അഭിനയചാതുരിയോ ഇവിടെ അസുലഭമാണോ? നാടകദശനത്തിൽ അഭിരുചിയുള്ള ആളുകൾ കുറവാണോ? നമുക്കു് കലാപോ

ഷണതത്പരമായ ഒരു പ്രബലസമിതി വേണം. അവരുടെ പ്രോത്സാഹനവും പ്രചോദനവും വേണം നമ്മുടെ നാടക വേദിയുടെ ഭാവുകം വളർത്താൻ. ആവശ്യത്തിൽ കവിഞ്ഞും അനവസരത്തിലും അനുചിതമായ ഗാനാലാപം ചെയ്യുന്ന പാരമ്പര്യനാടകത്തെ പരിലാളിക്കുന്ന പതിവു മാറണം. ആ കലാഗോഷ്ഠികളെ ഒരു കാലവും അറിയാതെപോലും അനുകരിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. ലോകരംഗത്തെന്നപോലെ നാടകരംഗത്തിലും പെണ്ണു ചമയുന്ന ആണിനേയും ആണു ചമയുന്ന പെണ്ണിനേയും കഴിയുന്നതും അകററി നിറുത്തുന്നതു് ആശാസ്യവുമാണു്. അഭ്യസ്തവിദ്യരും നടന കുശലരുമായ എത്രയോ യുവജനങ്ങളുണ്ടു്. അവരുടെ നിപുണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം.

നമ്മുടെ നിരൂപണസാഹിത്യവും ഇനിയും അഭിവൃദ്ധമാകാനുണ്ടു്. ഗ്രന്ഥകാരന്മാരോടു വ്യക്തിഗതമായ പക്ഷപാതംകൊണ്ടോ വിപക്ഷഭാവം കൊണ്ടോ നടത്തുന്ന നിരൂപണങ്ങളാണധികം എന്ന അപരാധത്തിനു് അവകാശമുണ്ടായിരിക്കരുതു്. ശാസ്ത്രീയങ്ങളായ സാഹിത്യതത്വങ്ങളുടെ പ്രായോഗികചർച്ചയിൽ പ്രതിഷ്ഠിതമായിരിക്കണം നിരൂപണസ്വരൂപം. സർവതോമുഖമായ മനുഷ്യയത്നങ്ങളും അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലേയ്ക്കുള്ള നിത്യപ്രയാണത്തിൻെറ പ്രകടനങ്ങളാണെന്നും ദുരിതങ്ങളും വൈകൃതങ്ങളും പരാജയങ്ങളുമെല്ലാം ഉദ്ഗമനസരണിയിലുള്ള സോപാനപരമ്പരകളാണെന്നും ശാന്തി സുന്ദരമായ ആ പരമലക്ഷ്യത്തിലേക്കു്—അഭംഗുരമായ ആനന്ദസിദ്ധിയിലേക്കു്—പരിപൂർണ്ണതയിലേ

യ്ക്കുള്ള ബ്രഹ്മമുഖമാർഗ്ഗങ്ങളിൽ കുശേശയരജോമൃദുരേണുവും ശിവവുമായ പന്ഥാവാണു വാങ്മയ വീഥിയെന്നും നാം വിസ്മരിച്ചുകൂടാ.

"ഏകാന്തം വിഷമമൃതാക്കിയും വെറുംപാ–
ഴാകാശങ്ങളിലലർവാടിയാരചിച്ചും
ലോകാനുഗ്രഹപരയായെഴും കലേ, നിൻ–
ശ്രീകാൽത്താരിണയടിയങ്ങൾ കുമ്പിടുന്നു."

# കാളിദാസൻ

**കാ**ളിദാസൻ. സംസ്കാരസമ്പന്നനായ ഏതു ഭാരതീയനേയും അഭിമാനവും ആനന്ദവുംകൊണ്ടു് പുളകംകൊള്ളിക്കുന്ന ചതുരക്ഷരി. ആയിരത്തിഅഞ്ഞൂറു സംവത്സരങ്ങളായി സാഹിത്യവിഹായസ്സിൽ അക്ഷയതേജസ്സു ചിന്നി മിന്നിത്തിളങ്ങുന്ന കനകതാരം.

ഏകദേശം ഇരുനൂറുകൊല്ലംമുമ്പു് ആ കവീശ്വരൻെറ ശാകുന്തളത്തിൻെറ വിവർത്തനം പാശ്ചാത്യഭാഷകളിൽ പ്രകാശിച്ചപ്പോഴാണല്ലോ കിരാതപ്രായരെന്നു പാശ്ചാത്യർ കരുതിവന്ന ഭാരതീയജനതയുടെ സംസ്കാരവും കലയും എല്ലാം ആദ്യമായി ആധുനികലോകത്തിൻെറ അദ്ഭുതാഭിനന്ദനങ്ങൾ ആവർജിച്ചതു്. പുരാതനവും സനാതനവും ആയ ഒരു സംസ്കാരത്തിൻെറ മഹനീയമായ പ്രഭാപ്രസരംകൊണ്ടു് ഭാരതാന്തരീക്ഷം ഇന്നും ഭാസ്വരമാണെന്നു് അന്നുമുതൽ അവർക്കു ബോധ്യമായി. ആ കവീന്ദ്രൻെറ മധുരസ്മരണയാണു്—കാളിദാസൻെറ പാവനനാമമാണു് വിശ്വവിശ്രുതരായ കവികളുടെ ഗണനയിൽ സഹൃദയഹൃദയത്തിൽ ആദ്യമായി ഉദയംചെയ്യുന്നതു്. ഈ അഭിമാനാദരങ്ങൾക്കു ഭാജനമായ ആ മഹാകവി ആരായിരുന്നു? എവിടെ, ഏതുകാലത്തു്, എങ്ങനെ ജീവിതം നയിച്ചു? പാഞ്ഞുപോകുന്ന കാലപ്രവാ

ഹത്തിൽ അടിഞ്ഞുപൊങ്ങി പല നൂററാണ്ടുകളായി തേഞ്ഞു മാഞ്ഞ ചില കല്പനാശില്പങ്ങളല്ലാതെ പ്രാമാണികവും വിശ്വാസ്യവുമായ യാതൊരു രേഖകളും ആ കവി സർവഭൗമനെപ്പററി നമുക്കു ലഭ്യമല്ല. എങ്കിലും വിശാലമായ വിശ്വത്തിൻെറ ഗഹനമായ സൗന്ദര്യവും രഹസ്യവും പ്രതിഫലിപ്പിക്കുന്ന കൈലാസസമുന്നതമായ പ്രതിഭയും അലോകസാധാരണമായ കലാവൈഭവവും തികഞ്ഞ ഒരു മഹാവ്യക്തി നമുക്കു പ്രത്യക്ഷമാകുന്നുണ്ട്. വെൺമുകിലുകൾ ഉമ്മവയ്ക്കുന്ന ഉത്തുംഗങ്ങളായ ശൈലശൃംഗങ്ങളും വരിവണ്ടുകൾ കാന്തമാരൊത്തു നവമന്ദേൻ നുകരുന്ന പൂംകുടം വിടിന്ന താമരപ്പൊയ്കകളും പൂത്തും തളിത്തും തഴച്ചുനിൽക്കുന്ന ദേവദാരുവിൻെറ പരിമളം പരത്തുന്ന കുളിർകാററും ആ അന്തരീക്ഷത്തെ അലങ്കരിക്കുന്നു.

ക്രിസ്ത്വബ്ദം നാലാംശതകത്തിൻെറ അന്തിമഘട്ടത്തിൽ ഉജ്ജയിനി രാജധാനിയാക്കി വാണിരുന്ന ചന്ദ്രഗുപ്തവിക്രമാദിത്യൻെറ സദസ്യനായിരുന്നു കാളിദാസനെന്നു ഗവേഷണനിപുണന്മാർ ഏറിയകൂറും അഭ്യൂഹിക്കുന്നുണ്ട്. പ്രതാപശാലിയായ വിക്രമാദിത്യ ചക്രവർത്തിയുടെ അപദാനഗരിമയും ദാനമഹിമയും എല്ലാം കാലയവനികയിൽ തിരോധാനം ചെയ്തു കഴിഞ്ഞു. അദ്ദേഹത്തിൻെറ ഔദാര്യാദരങ്ങൾക്ക് പാത്രമായ ആ വിനീതനായ കവിയുടെ കൃതികൾ ഇന്നും അഭംഗുരഭാസ്സോടെ വിജയിക്കുന്നു. വിവിധങ്ങളായ ലോകഭാഷകളിൽ വിവർത്തിതമായി പാശ്ചാത്യവും പൗരസ്ത്യവുമായ ഭൂമണ്ഡലങ്ങളിൽ ബഹുകോടിജനങ്ങളുടെ വിജ്ഞാനവും ആനന്ദവും

വിവേകവും വികസിപ്പിച്ച് വിശേഷോത്തരമായ പ്രശംസ ആർജ്ജിച്ചു വിലസുന്നുണ്ട്.

കാളിദാസൻ അദ്ദേഹത്തിൻെറ കാലത്തെ പുരോഗമന സാഹിത്യകാരനായിരുന്നുവെന്ന് ഊഹിക്കാൻ ന്യായമുണ്ട്. സ്വകൃതിയെപ്പററി പറയുമ്പോൾ,

"പുരാണമിത്യേവ ന സാധു സർവം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരദ് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ"

പഴയതെല്ലാം നല്ലതെന്നോ പുതിയതെല്ലാം പോരാത്തതെന്നോ പറയുന്നത് മൗഢ്യമാണ്; സത്തുക്കൾ പരീക്ഷിച്ചാണ് വിവേചിക്കുന്നത്, എന്നു പറയുന്നതിൽ നിന്നും അദ്ദേഹം അന്നൊരു പുത്തമക്കാരനായിരുന്നുവെന്നും തെളിയുന്നുണ്ട്. പക്ഷേ, എന്തൊരു പുത്തമക്കാരൻ ? വാളെടുത്തവനെല്ലാം വെളിച്ചപ്പാടെന്ന പുതിയ സാഹസമല്ല ആ പുത്തമ. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്ന നാലു പുരുഷാർത്ഥങ്ങളെ അധികരിച്ചുള്ള ശാസ്ത്രങ്ങളും കലകളും അഭ്യസിച്ച പരിണത പ്രജ്ഞനായ ക്രാന്തദർശിയുടെ പുത്തമയാണ്. ഒരു കാലവും പഴകാത്ത പുത്തമ. അതേ, എന്നും പുതുതായ പഴമ. ആ നിത്യനൂതനത്വത്തിൻെറ കാതലായി നില്ക്കുന്നത് അസാമാന്യമായ കവിപ്രതിഭയാണ്. നവനവോന്മേഷശാലിനിയായ പ്രജ്ഞയാണ്. ആ പ്രജ്ഞയെ നവോന്മേഷം കൊള്ളിക്കുന്ന ദോഹദം ലോകനിരീക്ഷണവും ശാസ്ത്രപാഠനവുമാണ്. ഏതു ശാസ്ത്രം? കാമശാസ്ത്രംവരെയുള്ള സകല ശാസ്ത്രങ്ങളും.

"ആ വാത്സ്യായനതന്ത്രമാശ്രുതിശിരഃസിദ്ധാന്തം" എന്ന രീതിക്കു വിപുലമായ വിദ്യാസാമ്രാജ്യം കാളിദാസനു വിധേയമായിരുന്നുവെന്നതിനു ധാരാളം തെളിവുകൾ ഉണ്ടു്.

മേഘദൂതാദികളായ കൃതികളിൽ വർണ്ണിക്കുന്ന അനംഗദശയുടെ അനുക്രമത വാത്സ്യായനതന്ത്രത്തെ അനുസ്മരിപ്പിക്കുന്നുണ്ടു്. നൃത്യസംഗീതാദിശാസ്ത്രങ്ങളിൽ കവിക്കുള്ള അവഗാഹം മാളവികാഗ്നിമിത്രത്തിൽ മാളവികയുടെ നൃത്യവർണ്ണനയിൽ നിന്നും സുസ്പഷ്ടമാണു്. ചിത്രകലയിലും കവിക്കു് അസാധാരണമായ വിജ്ഞാനം ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൃതികളിൽ എല്ലാം കാണുന്ന ചിത്രപരാമർശത്തിൽ നിന്നും പ്രകടമാണു്. ദുഷ്യന്തൻ രചിക്കുന്ന ശകുന്തളയുടെ ചിത്രത്തിൻെറ പശ്ചാത്തലം എങ്ങനെയിരിക്കണമെന്നു് സങ്കല്പിക്കുന്നതു നോക്കുക.

"കാര്യാ സൈകതലീനഹംസമിഥുനാ
സ്രോതോവഹാ മാലിനീ
പാദാസ്താമഭിതോ നിഷണ്ണഹരിണാ
ഗൗരീഗുരോഃ പാവനാഃ
ശാഖാലംബിതവല്കലസ്യ ച തരോർ
നിർമാതുമിച്ഛാമ്യധഃ
ശൃങ്ഗേ കൃഷ്ണമൃഗസ്യ വാമനയനം
കണ്ഡൂയമാനാം മൃഗീം."

ഒഴുകുന്ന മാലിനീനദി എഴുതണം. അതിൻെറ മണൽത്തിട്ടയിൽ തങ്ങിയ ഇണചേന്ന അരയന്നങ്ങൾ. പിമ്പിലായി പുള്ളിമാൻ കിടക്കുന്ന ഹിമാലയപർവ്വതത്തിൻെറ പാദം. കവ

രത്തിൽ വല്ക്കലം തൂക്കിയ മരത്തിന്റെ കീഴിൽ കൃഷ്ണമൃഗത്തിന്റെ കൊമ്പിന്റെ തുമ്പത്തു് ഇടതുകണ്ണു ചൊറിയുന്ന മാൻപേടയും. ശകുന്തളയുടെ ചിത്രമോ? ദുഷ്യന്തൻ രചിച്ച ചിത്രം നോക്കി മറയനായ മാഢവ്യൻപോലും പറയുന്നു, "ശിഥിലബന്ധനോദ്വാന്തകുസുമേന കേശാന്തേന ഉദ്ഭിന്നസ്വേദബിന്ദുനാ വദനേന വിശേഷതോഽപസൃതാഭ്യാം ബാഹുഭ്യാമവസേകസ്നിഗ്ധതരുണപല്ലവസ്യ ചൂതപാദപസ്യ പാർശ്വേ ഈഷത്പരിശ്രാന്തേവാലിഖിതാ യാ സാ ശകുന്തളാ." കെട്ടഴിഞ്ഞു പൂവുതിരുന്ന മുടിത്തുമ്പോടും, വിയർപ്പുതുള്ളി പൊടിക്കുന്ന മുഖത്തോടും, അയവാന്ന ബാഹുക്കളോടും നനഞ്ഞു മിന്നുന്ന ഇളംതളിരണിഞ്ഞ തൈമാവിന്നരികിൽ കുറഞ്ഞൊന്നു തളന്ന മട്ടിൽ എഴുതിയിട്ടുള്ളതു് ആണു് ശകുന്തള. എത്ര മനോഹരമായ ആലേഖ്യം!

സാംഖ്യയോഗാദികളായ ദർശനങ്ങളിലും കാളിദാസനുണ്ടായിരുന്ന ജ്ഞാനം കുമാരസംഭവം, രഘുവംശം മുതലായ കാവ്യങ്ങളിൽനിന്നും വിശദമാകുന്നുണ്ടു്.

കാളിദാസന്റെ വൈഭവം പ്രധാനമായും നിലകൊള്ളുന്നതു് പ്രകൃതിയുമായി അനുരഞ്ജനവും താദാത്മ്യവും പ്രാപിക്കുന്നതിനുള്ള പ്രവണതയിലാണു്. "കാമാർത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു" എന്നു് കാമാർത്തന്മാർക്കു് ചേതനാചേതനങ്ങളിൽ അഭേദബുദ്ധി മേഘദൂതത്തിൽ ആരോപിക്കുന്നു. പരമാർത്ഥത്തിൽ കവിയും കാമാർത്തനും പ്രായേണ സമാനപ്രകൃതികളാണു്. അചേതനങ്ങളെ ചേതനങ്ങളാക്കുന്ന സഞ്ജീവനമന്ത്രം ഐന്ദ്രജാലികനായ കവിക്കു പ്രകൃ

തിസിദ്ധമാണു്. അമേയമായ ഒരു് അദൃശ്യബന്ധത്തിൽ ആബദ്ധരായി വൎത്തിക്കുകയാണു മനുഷ്യനും പ്രകൃതിയും. തപോവനത്തിൽ നിന്നും ശകുന്തള പിരിഞ്ഞുപോകുമ്പോൾ,

"ഉദ്ഗളിതദർഭകബളാ മൃഗ്യഃ പരിത്യക്തനൎത്തനാ മയൂരാഃ
അപസൃതപാണ്ഡുപത്രാ മുഞ്ചന്ത്യശ്രൂണീവ ലതാഃ"

എന്നു് ശാകുന്തളത്തിലും, പരിത്യക്തയായ സീത വിലപിക്കുമ്പോൾ,

"നൃത്യം മയൂരാഃ കുസുമാനി വൃക്ഷാ
ദർഭാനുപാത്താൻ വിജഹുർ ഹരിണ്യഃ
തസ്യാഃ പ്രപന്നേ സമദുഃഖഭാവ-
മത്യന്തമാസീദ് രുദിതം വനേƒപി"

എന്നു രഘുവംശത്തിലും പ്രസ്താവിക്കുന്നു. മാൻപേടകളുടെ വായിൽനിന്നും തിന്നുതുടങ്ങിയ ദർപ്പപ്പുല്ലു് താനേ ഉതിൎന്നു വീണു. ആൺമയിൽ ആട്ടം നിറുത്തി. വള്ളികളിൽനിന്നും കണ്ണുനീർപോലെ വെള്ളിലകൾ അടൎന്നുവീണു. അങ്ങനെ വനംപോലും സമദുഃഖഭാവം ആചരിച്ചു എന്നു് കവി വിശ്വസിക്കുന്നു.

പ്രകൃതിയും മനുഷ്യനും മാത്രമല്ല, ഭൂമിയും സ്വൎഗ്ഗവും പോലും കവികല്പനയിൽ സംഗമിച്ചു് നിത്യമൈത്രി പുലൎത്തുന്നുണ്ടു്. കുമാരസംഭവം, രഘുവംശം, വിക്രമോർവശീയം, ശാകുന്തളം, മേഘദൂതം എന്നീ കൃതികളിൽ എല്ലാം തന്നെ ഈ ഭൂസ്വൎഗ്ഗബന്ധം പ്രകടമായിക്കാണാം. അചേതനംതൊട്ടു് ചേതനത്തിന്റെ പരിപൂൎണ്ണപരിപാകം വരെയുള്ള അവസ്ഥാഭേദങ്ങളെയെല്ലാം അനുസൂത്രണം ചെയ്തു്

ഒരു സമരഞ്ജനസ്വാരസ്യം കവി കൈവരുത്തുന്നുണ്ട്. അതു കൊണ്ടാണ് വിശ്രുതനായ ജർമ്മൻകവി 'ഗേഥേ' പറയുന്നതു്.

"വസന്തത്തിലെ പുതുപൂക്കളും ശരത്തിലെ കനികളും ആത്മാവിന് ആകർഷകവും ആനന്ദകരവും സമ്മോഹനവും സന്തർപ്പണവും ആയ സർവ്വും, ഭൂമിയും സ്വർഗ്ഗവും എല്ലാം, ഒരേ ഒരു പേരിൽ ഒരുമിപ്പിക്കുകയാണെങ്കിൽ—അതാണ് എനിക്ക് ശാകുന്തളം" എന്ന്.

അതേ, നവതേൻ തുളുമ്പുന്ന പുതുപൂക്കളും കനികളും ഉതിരുന്ന പരിമളംകൊണ്ടു സുരഭിലമാണ് കാളിദാസകവിത. മുഗ്ദ്ധമധുരമായ കന്യകാഹൃദയത്തിൽ ഊറിയുയരുന്ന അനുരാഗം മുതൽ കർക്കശങ്ങളായ ജീവിതാനുഭവങ്ങളുടെ കടുരസം കലൻ പരിപക്വമായി വിശുദ്ധമായി, ശാന്തസുന്ദരമായ സമരസമായി പരിണമിക്കുന്ന പരമപ്രേമം വരെയുള്ള ഭാവപരമ്പരയെല്ലാം ആലോചനാമൃതമായ രീതിയിൽ കവി ആകലനം ചെയ്തിട്ടുണ്ട്.

ഇരുളും ഒളിയും കലന്ന ലോകത്തിന്റെ ഇരുണ്ട വശം കരിക്കൂട്ടി ചിത്രീകരിക്കുകയല്ല കാളിദാസന്റെ കലാശൈലി. സൗന്ദര്യവും വൈകൃതവും കലന്ന ലോകത്തിന്റെ വൈകൃതത്തിൽ നിന്നും ആ സുകുമാരഹൃദയം താനേ പിൻതിരിയുകയാണ്. അതു കാണാതെയല്ല, അറിയാതെയുമല്ല. ക്രൂരതയിൽ മുഖം മൂടി കണ്ണീർ പൊഴിക്കുന്ന പൂമൊട്ടിൽ പൂനിലാവു പൊഴിച്ച് പുഞ്ചിരിപ്പിക്കുകയാണ് ആ കവിവരന് ഹിതതരം ദുർഗന്ധമലിനങ്ങളായ വ്രണങ്ങൾ പൊളിച്ചുകാട്ടി

ദുരന്തദുരിതത്തിന്റെ നഗ്നതയിൽ ആത്തുതുള്ളാൻ ആ സാത്വികഹൃദയത്തിനു സാധ്യമല്ല. ദുരിതത്തിലും ദുഃഖത്തിലും നിന്നു ശാന്തിയിലേക്കും സുഖത്തിലേക്കും, ഇരുളിൽനിന്നും വെളിച്ചത്തിലേക്കും ഉള്ള സന്മാർഗ്ഗം പ്രദർശിപ്പിക്കുകയേ മഹാകവിക്കു കരണീയമായുള്ളൂ.

പ്രകൃതിഗംഭീരമായ ആ കവീന്ദ്രന്റെ ഭാവനാലോകത്തിന്റെ സഹജങ്ങളായ വികൃതികൾ നോക്കി ഇടയ്ക്കിടെ തെല്ലൊന്നു മന്ദഹസിക്കുന്നതു കാണാം. അവ്യക്തമധുരമായ ഒരു മൃദുലഹാസ്യത്തിന്റെ ഛായ അങ്ങിങ്ങു നിഴലിടുന്നുണ്ട്. "സദാസർവ്വകാലം" നേരംപോക്കെന്നു കല്പിച്ച് ശാപ്പാടിന്റെ കാര്യം പറയുന്ന വിഡ്ഢിയായ മാഢവ്യന്റെ സംഭാഷണത്തിലല്ല. ലങ്കയിൽ നിന്നും തിരിച്ചുവന്ന് ശ്രീരാമൻ കാണുന്ന താടിക്കാരായ മന്ത്രിവൃദ്ധന്മാരെ വേടുകൾ പൊതിഞ്ഞ പേരാലിനോട്ട് ഉപമിക്കുന്നതു നോക്കുക.

"ശ്മശ്രുപ്രവൃദ്ധിജനിതാനനവിക്രിയാംശ്ച
പ്ലക്ഷാൻ പ്രരോഹജടിലാനിവ മന്ത്രിവൃദ്ധാൻ
അന്വഗ്രഹീത് പ്രണമതഃ ശുഭദൃഷ്ടിപാതൈർ
വാർത്താനുയോഗമധുരാക്ഷരയാ ച വാചാ"

ശ്രീരാമനെ അകമ്പടി സേവിച്ചുവന്ന വാനരനായകന്മാർ മദജലം ഒഴുകുന്ന ആനപ്പുറത്തു കയറിയപ്പോൾ നീർച്ചാലുകൾ ഒഴുകുന്ന കുന്നിൽ കേറിയാലുള്ള സുഖം കുരങ്ങന്മാർക്ക് ഉണ്ടായി എന്നു കവി കല്പിക്കുന്നു.

"രാമാജ്ഞയാ ഹരിചമൂപതയസ്തദാനീം
കൃത്വാ മനുഷ്യവപുരാരുരുഹുർ ഗജേന്ദ്രാൻ

തേഷു ക്ഷരത്സു ബഹുധാ മദവാരിധാരാഃ
ശൈലാധിരോഹണസുഖാന്യുപലേഭിരേ തേ"

എന്താണു കാളിദാസൻെറ കാവ്യശൈലിക്കുള്ള ഇതരാതിരിക്തമായ വൈശിഷ്ട്യം? അകൃത്രിമമായ, ലളിതമായ, പ്രകൃതിസുഭഗമായ പ്രതിപാദനമാണ്. സംസ്കൃത സാഹിത്യത്തെ പിൽക്കാലത്ത് ആസകലം അലംകോലമാക്കിയ കൃത്രിമത്വം— അനിയന്ത്രിതമായ അതിശയോക്തിപ്രണയം— കാളിദാസനെ ബാധിച്ചിരുന്നില്ല. 'അപൃഥഗ്‌യത്നനിർവർത്ത്യം' എന്ന് ആനന്ദവർദ്ധനൻ അനുശാസിക്കുന്ന രീതിയിലുള്ള അലങ്കാരങ്ങളേ ശബ്ദപരമായാലും അർത്ഥപരമായാലും കാളിദാസ കവിതയിൽ കാണുകയുള്ളൂ. അലങ്കാരങ്ങൾക്കെല്ലാം ജീവാതുവായ ഉപമയാണല്ലോ കാളിദാസ കവിതയിൽ പ്രസിദ്ധം. കാളിദാസൻെറ സുപ്രസിദ്ധമായ ഒരു ഉപമ അദ്ദേഹത്തിന് ദീപശിഖാകാളിദാസൻ എന്ന പേരുപോലും ആർജ്ജിച്ചിട്ടുണ്ടെന്ന് ഒരു വദന്തിയുണ്ട്.

"സഞ്ചാരിണീ ദീപശിഖേവ രാത്രൗ
യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാലഃ"

സ്വയംവരമണ്ഡപത്തിൽ സന്നിഹിതരായിരുന്ന കമിതാക്കളായ രാജാക്കന്മാരെ ഓരോരുത്തരേയും ഭഗ്നാശരാക്കി കടന്നുപോയ ഇന്ദുമതിയെ ദീപശിഖയോട് ഉപമിക്കുകയാണു കവി ചെയ്യുന്നത്. ഇതുപോലെ മനോഹരങ്ങളായ അനേകം

ഉപമകൾ കാളിദാസകൃതികളിൽ സുലഭമാണു്. രഘുവംശത്തിൽ ഗങ്ഗായമുനാസങ്ഗമം വർണ്ണിക്കുമ്പോൾ,

"ക്വചിത് പ്രഭാലേപിഭിരിന്ദ്രനീലൈർ-
മുക്താമയീ യഷ്ടിരിവാനുവിദ്ധാ"

എന്നുതുടങ്ങുന്ന ഉപമാമാലിക കോൾമയിർകൊള്ളാതെ വായിക്കുവാൻ വയ്യ.

കാളിദാസൻ ഒരു രാജസേവകൻ ആയിരുന്നെന്നും രാജസ്തുതിപരങ്ങളായ പ്രസ്താവങ്ങളേ കാളിദാസകവിതയിൽ ഉള്ളു വെന്നും പല്ലവഗ്രാഹികളായ ചില ആധുനികർ പറയാറുണ്ടു്. എന്നാൽ

"ആ ജന്മനഃ ശാഠ്യമശിക്ഷിതോ യ-
സ്തസ്യാപ്രമാണം വചനം ജനസ്യ
പരാതിസന്ധാനമധീയതേ യൈർ
വിദ്യേതി തേ സന്തു കിലാപ്തവാചഃ"

എന്നു രാജസമക്ഷം പരവഞ്ചനം വിദ്യയായിട്ടു് അഭ്യസിക്കുന്നവർ എന്നു രാജാക്കന്മാരെപ്പൊതുവേ ശാർങ്ഗരവനെക്കൊണ്ടു് അധിക്ഷേപിപ്പിക്കുന്ന കാളിദാസൻ കേവലം സ്തുതികാരനല്ലതന്നെ.

ശാർങ്ഗരവൻ തന്നെ ജനസങ്കുലമായ രാജധാനിയിൽ പ്രവേശിക്കുമ്പോൾ,

"ജനാകീർണ്ണം മന്യേ ഹുതവഹപരീതം ഗൃഹമിവ" എന്നു പറഞ്ഞുപോകുന്നു. ചുററും തീ പററുന്ന വീടുപോലെ തോന്നുന്ന ഈ രാജധാനി എന്നു പറയുന്നതു കേവലം ജനസംബാധം കൊണ്ടാണെന്നു തോന്നുന്നില്ല. ജനനിബിഡമായ ഒരു മഹാനഗരത്തിലെ കൃത്രിമവും ദുഷ്ടവുമായ

ജീവിതഗതി ആ ശുദ്ധസത്വനായ യുവാവിൻെറ അന്തരാത്മാവിനെ പീഡിപ്പിച്ചിരിക്കണം.

ദൃഢമായ പുനർജന്മവിശ്വാസത്തിൻെറ ലാഞ്ഛനകൾ കാളിദാസൻെറ കവിതകളിൽ, കാണാം. ഒരു മധുരമായ ഗീതം കേട്ട് അവ്യക്തമായ ഏതോ ആന്തരൗത്സുക്യത്തിനു വിധേയനായ ദുഷ്യന്തൻ പറയുന്നു,

"രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ
പര്യുത്സുകീഭവതി യത് സുഖിതോപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂർവം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി"

രമ്യങ്ങളായ രംഗങ്ങൾ കാണുമ്പോഴും മധുരങ്ങളായ നാദങ്ങൾ കേൾക്കുമ്പോഴും ചിലപ്പോൾ അവ്യക്തമായ ഒരു് ഔത്സുക്യം സ്വസ്ഥനെപ്പോലും പീഡിപ്പിക്കാറുണ്ട്. ജന്മാന്തരങ്ങളിലെ സൗഹൃദബന്ധങ്ങളെ പ്രകടമായ ബോധം കൂടാതെ ആത്മാവ് അനുസ്മരിക്കയായിരിക്കാം എന്ന് ആശങ്കിക്കുന്നു.

ആ കവീശ്വരൻെറ വിശ്വോത്തരങ്ങളായ ആദർശങ്ങൾ ഇന്നും നമുക്ക് ആസേവ്യങ്ങളാണ്.

"ബഹുധാപ്യാഗമൈർഭിന്നാഃ പന്ഥാനഃ സിദ്ധിഹേതവഃ
ത്വയ്യേവ നിപതന്ത്യോഘാ ജാഹ്നവീയാ ഇവാർണവേ."

എന്ന സർവ്വമതസാഹോദര്യവും ലക്ഷ്യൈക്യവും പ്രഖ്യാപനംചെയ്യുന്ന ആ മന്ദ്രഗംഭീരശംഖധ്വാനം ഭൂമണ്ഡലം മുഴുവൻ മാറെറാലിക്കൊണ്ട് പ്രബോധം അരുളട്ടേ. അവിഭക്തമായ ആ ജാഹ്നവീപ്രവാഹം ഭാരതഭൂമിയെ പുണ്യതരമാക്കട്ടേ.

# ചില മലയാള സ്തോത്രങ്ങൾ

പ്രകൃതിദേവിക്കു് അനുകൂലവും പ്രതികൂലവുമായ ഭാവങ്ങളുണ്ടു്; അനുഗ്രഹിക്കാനും നിഗ്രഹിക്കാനുമുള്ള ശക്തിയുണ്ടു്. അനുഗ്രഹത്തെപ്പററി ആദരവും നിഗ്രഹത്തെപ്പററി ഭയവും തോന്നുക സർവ്വജീവികൾക്കും സമാനമായ സ്വഭാവമാണു്. മാതാവിനെപ്പോലെ നറുംപാൽ നൽകുന്ന പശുവിനേയും വിഷം വമിക്കുന്ന പാമ്പിനേയും സ്നേഹംകൊണ്ടും ഭയംകൊണ്ടും മനുഷ്യൻ ആരാധിക്കും. വെളിച്ചവും ചൂടും തരുന്ന ആദിത്യനേയും അഗ്നിയേയും അർച്ചിക്കും. കാലവൃഷ്ടികൊണ്ടു ഭൂമുഖത്തെ ഫലപുഷ്ടമാക്കുന്ന പർജ്ജന്യത്തേയും വീടും മരങ്ങളും തല്ലിത്തകർക്കുന്ന മരുത്തിനേയും ഉപാസിക്കും.

മനുഷ്യൻെറ മനസ്സും മനനശക്തിയും വളരുന്നതോടുകൂടി അവൻെറ ശ്രദ്ധയും ഭക്തിയും അർഹിക്കുന്ന വസ്തുവിൻെറ സ്വഭാവവും മാറുന്നു. ഒന്നിനൊന്നു് ഉയർന്നുയർന്നു് പ്രപഞ്ചം മുഴുവൻ നിയമിച്ചു ഭരിക്കുന്ന ഒരു മഹാശക്തിയല്ലാതെ മററൊന്നും അവൻെറ പരമമായ ഭക്തിക്കും ആരാധനയ്ക്കും പാത്രമല്ലെന്നും വ്യക്തമാകുന്നു. അവൻെറ ഉപാസനയ്ക്കു വിധേയമാക്കാൻ, ആ മഹിഷ്ഠമായ ശക്തിയിലും മാതൃത്വവും പിതൃത്വവും പ്രിയത്വവും അവൻ ആരോപി

ക്കുന്നു. പൈക്കിടാവിന് അതിന്റെ വേർപെട്ട തള്ളയെ തേടാനുള്ള ഔത്സുക്യവും വാസനയും മനുഷ്യനുമുണ്ട്. അവന്റെ അജ്ഞാതവും അവ്യക്തവുമായ പരമലക്ഷ്യം ആരായുവാൻ. അവനു ഭജിക്കണം, പൂജിക്കണം, സ്നേഹിക്കണം. അവന്റെ ആപത്തിൽ ആശ്വാസവും അവലംബവും വേണം. അവന്റെ അല്ലലെല്ലാം അറിയിക്കാനും താങ്ങാം തുണയും അർത്ഥിക്കാനും പ്രാർത്ഥിക്കാനും സ്തുതിക്കാനും എല്ലാററിനും ഉപരിയായി അവന് ഏതോ ഒന്നു വേണം. അതു് അവന്റെ ഉള്ളിൽ ആഴത്തിൽ തങ്ങിയ അഭിലാഷമാണ്—ഉള്ളിന്റെ ഉള്ളിലെ തീവ്രമായ പ്രചോദനമാണ്. അവന്റെ പ്രകൃതിയും ഇച്ഛയും അനുസരിച്ച്, അവന്റെ സംസ്കാരത്തിനും പരിസരത്തിനും അനുരൂപമായി, അവന്റെ കുറവുകൾക്കും നിറവുകൾക്കും കഴിവുകൾക്കും ഒത്തവിധം അവനു ചില സങ്കല്പങ്ങളിൽ ശ്രദ്ധ വരും; ചില ഭാവങ്ങളിൽ മനസ്സ് ഇണങ്ങും. ഏതായാലും ചുഴലുന്ന ദുരിതങ്ങളിൽ ഉഴലുന്ന മനുഷ്യന് നിർവ്വതി നേടാൻ ശുദ്ധമായ ഭക്തി പോലെ യുക്തമായ മറെറാരു കുറുക്കുവഴിയില്ലതന്നെ.

കർമ്മംകൊണ്ടും യോഗംകൊണ്ടും ജ്ഞാനംകൊണ്ടും യത്നലഭ്യമായ ആത്മാനുഭൂതി അനായാസസുലഭമാക്കുന്ന ഉപകരണമാണ് ഭക്തി. ഈശ്വരപരമായ പരമമായ പ്രേമമാണ് ഭക്തിയെന്ന് ഉൽകൃഷ്ടമായ ഭക്തിയുടെ സ്വരൂപം അറിയുന്നവർ പറയുന്നുണ്ട്. ഈശ്വരപരമായ പ്രേമമുണ്ടോ? ഉണ്ട്, സംശയമില്ല. സർവഭൂതങ്ങളുടേയും ഹൃദ്ദേശത്തിൽ നിലകൊള്ളുന്നവനാണ് ഈശ്വരൻ. അവനവനിലും അന്യനിലും സർവ്വഭൂതങ്ങളിലും അന്തർയാമിയായി പ്രകാശി

ക്കുന്ന ചൈതന്യമാണ് ഈശ്വരൻ എന്ന് അറിവുള്ളവർ അറിയുന്നുണ്ട്. താനെന്നും തനിക്കുള്ളതെന്നും കരുതുന്നതിനോട്— തന്നോടും തനിക്കുള്ളതിനോടും— തോന്നുന്ന സ്നേഹം വിശുദ്ധതരമാക്കി, വിശാലതരമാക്കി, വിശേഷതരമാക്കി, സർവ്വഭൂതങ്ങളുടേയും ഹിതത്തിൽ താൻ നിരതനാകുമ്പോൾ ഉണ്ടാകുന്ന ഭാവവിശേഷമാണ് പരമമായ പ്രേമം—സാക്ഷാൽ ഭക്തി. അമ്മാതിരി ഭക്തികൊണ്ടു മതി മറന്ന മഹാന്മാരായ മലയാളികൾ ഉള്ളഴിഞ്ഞു പാടിയിട്ടുള്ള മനോഹരങ്ങളായ സ്തോത്രങ്ങൾകൊണ്ട് ഇന്നലെവരെ സന്ധ്യാസമയം—ഉഷസ്സിലും അന്തിയിലും—കേരളീയഭവനങ്ങൾ മുഖരിതമായിരുന്നു. ആ പാവനമായ പരിപാടിയുടെ മങ്ങിയ മാറൊലിയേ ഇന്നു നാം കേൾക്കുന്നുള്ളു. ഇതു് പിമ്പോട്ടു തിരിഞ്ഞുള്ള പുരോഗമനത്തിന്റെ കാലമാണല്ലോ. ബ്രാഹ്മമുഹൂർത്തത്തിൽ ഉണർന്ന്,

"അരുതാഞ്ഞു കിടന്നേനറിവുതകാത്തു തളർന്നേൻ
അരുണോദയസമയം വരുമളവേവമുണർന്നേൻ;
പെരുതാക്കുക മമ പാത്രത പരമാർത്ഥവിചാരേ
പരമേശ്വര ജയ ഭാസ്കര കരുണാകര ശരണം.
ആത്താദരമുത്താരണർ വാഴ്ത്തും മന്ത്ര കേൾപ്പാൻ
ആസ്ഥാപരനായ് താമര വീഴ്ത്തും മധുവുണ്മാൻ
ആസ്ഥാനമുദാത്താകൃതി മൂർദ്ധാവുദയാദ്രേ-
രാർത്താർത്തിനുദ ഭാസ്തേ ജയ മാർത്താണ്ഡ നമോഽസ്തു"

എന്നു തുടങ്ങുന്ന പ്രഭാതകീർത്തനവും ഹരിനാമകീർത്തനവും ഉറക്കവും ഉണർച്ചയും തമ്മിൽ കലമ്പുന്ന ഇടറിയ

സ്വരത്തിൽ അവ്യക്തവർണ്ണമായെങ്കിലും ഭക്തിമധുരമായ രീതിയിൽ ആലാപം ചെയ്തിരുന്ന ആ കാലം മിക്കവാറും കഴിഞ്ഞുപോയല്ലോ.

ആരാധനയെ ആവർജിക്കുന്ന അനേകം ദേവതകളുടെ കൂട്ടത്തിൽ കേരളീയർക്ക് ഏററവും ഇണങ്ങിയതു് കാളിയും കൃഷ്ണനുമാണെന്നു ചിലപ്പോൾ തോന്നിപ്പോകുന്നു. പടയാളികളായ മലയാളികൾക്കു രൗദ്രമായ ഗംഭീരസൗന്ദര്യം തുളുമ്പുന്ന ഭദ്രകാളിയുടേയും വീരവിമോഹനമായ സുഷമാതിശയമാന്ന പാർത്ഥസാരഥിയുടേയും ആകൃതിയും പ്രകൃതിയും ഒന്നുപോലെ ആനന്ദസന്ദായകമാണു്.

"കാളമേഘകലായങ്ങളെക്കാളും
കാളനാളീകപാളികളെക്കാളും
കാളിമകൊണ്ടു കാളും കളേബരം
പനയന്നാർകാവിലീശ്വരീ പാഹി മാം."

എന്നു തുടങ്ങുന്ന സ്തോത്രത്തിൻെറ രീതിസൗന്ദര്യത്തിൽ നിഴലിച്ചുനില്ക്കുന്ന ഭക്തിവിശേഷം അനുഭവൈകവേദ്യമാണു്.

"പുരികുഴൽനികരത്തിൽ പൂനിലാവിൻെറ വിത്തും
പുരികലതയിലോമൽ കാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പർവ്വതാധീശനുള്ളാ-
പ്പുരമസുകൃതവല്ലിക്കെപ്പൊഴും കൂപ്പിടുന്നേൻ."

എന്ന രീതിയിലുള്ള സ്തോത്രത്തിൻെറ മാധുര്യം അനിർവചനീയമല്ലേ?

കേരളത്തിൽ വൈഷ്ണവമതത്തിൻെറ പ്രചാരം വർദ്ധിച്ചതോടുകൂടി ശ്രീകൃഷ്ണപരങ്ങളായ മനോഹര സ്തോത്രങ്ങൾ നിരവധി ഉദിച്ചുയൎന്നു. ലാവണ്യദുഗ്ദ്ധാം കടഞ്ഞെടുത്ത ആ തൂവെണ്ണയിൽ—ഉണ്ണിക്കൃഷ്ണനിൽ—ഉള്ളലിയാത്ത മനുഷ്യർ ഉണ്ടായിരിക്കയില്ല. പരമാൎത്ഥത്തിൽ ബാലഗോപാലൻെറ വേണുനാദാമൃതംകൊണ്ടു മധുരിതമാണു് ഭാരതീയാന്തരീക്ഷം. ഭക്തോത്തമനായ പൂന്താനം നമ്പൂതിരിയുടെ 'ആനന്ദനൃത്ത'ത്തെ അതിശയിക്കുമാറു് അകൃത്രിമസുഷമയും മാധുൎയ്യവും തികഞ്ഞ മറെറാരു കവിത ഒരു ഭാഷയിലും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

"അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ
ഉണ്ണിക്കു പേരുണ്ണിക്കൃഷ്ണനെന്നാങ്ങനെ
ഉണ്ണിവയററത്തു ചേലുമുണ്ടങ്ങനെ
ഉണ്ണിക്കൈ രണ്ടിലും വെണ്ണയുണ്ടങ്ങനെ
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ
ഉണ്ണിത്തളകൾ ചിലമ്പുമുണ്ടങ്ങനെ
ഉണ്ണിക്കാൽ രണ്ടും തുടുതുടെയങ്ങനെ
ഉണ്ണിയരയിലെക്കിങ്ങിണിയങ്ങനെ
കൊഞ്ചൽ തുളുമ്പും കവിളിണയങ്ങനെ
കുണ്ഡലം മെല്ലെയിളകുമാറങ്ങനെ
രത്നക്കുഴലും വിളിച്ചുകൊണ്ടങ്ങനെ
ഓടക്കുഴൽ വിളി പൊങ്ങുമാറങ്ങനെ
പേടമാൻകണ്ണിമാരോടുമാറങ്ങനെ
മോഹനമൂൎത്തിയെക്കാണുമാറങ്ങനെ

കണ്ടുകണ്ടുള്ളം തെളിയുമാറങ്ങനെ
തിത്തിത്തയെന്നുള്ള നൃത്തങ്ങളങ്ങനെ
തൃക്കാൽചിലമ്പൊലിയൊച്ച പൂണ്ടങ്ങനെ
മഞ്ഞപ്പൂവാട ഞൊറിവിറച്ചങ്ങനെ
കിലുകിലയെന്നാരഞ്ഞാണങ്ങളങ്ങനെ
മുത്തണിമാലകളാട്ടമാറങ്ങനെ
തൃക്കൈകൾ രണ്ടുമഭിനയിച്ചങ്ങനെ
ഓമൽതിരുമെയ്യുലയുമാറങ്ങനെ
കുണ്ഡലമാടും കവിൾത്തടമങ്ങനെ
തൂമധുവോലുന്ന വായ്ത്താളമങ്ങനെ
തൂവിയർപ്പേററൊരു നാസികയങ്ങനെ
മാണിക്യക്കണ്ണുമുഴററിക്കൊണ്ടങ്ങനെ
മുത്തുക്കുലകളുതിരുമാറങ്ങനെ
പീലിത്തിരുമുടി കെട്ടഴിഞ്ഞങ്ങനെ
പിച്ചകത്തുമലർ തൂകുമാറങ്ങനെ
ആനന്ദനൃത്തം ജയിക്കുമാറങ്ങനെ."

ലാസ്യവിലാസവിലോലനായ ബാലകൃഷ്ണൻെറ ചിത്രം വരച്ചിട്ടും വരച്ചിട്ടും മതിവരാതെ ഭക്തിപരവശനായ നമ്പൂരി കുഴങ്ങുകയാണു്.

ഭക്തിരസാലിഖിതമായ കവനചിത്രകലയ്ക്കു മകുടോദാഹരണം പൂന്താനത്തിൻെറതന്നെ പാത്ഥസാരഥിസ്തവമാണ്.

"കെട്ടിവാർകുഴൽ വകുന്നു പിന്നിലളകേഷു
പീലികൾ തൊട്ടുത്തു പൂ-
മ്പട്ടുകൊണ്ടു വടിവോട്ടുടുത്തുരസി
ഹാരമിട്ടു വനമാലയും

പൊട്ടണിഞ്ഞു നിടിലത്തടത്തിലടർ
പാർത്തു പാർത്ഥരഥമേത്യ ച-
മ്മട്ടി മുഷ്ടിയിൽ മുറുക്കി നിന്നരുളു-
മിഷ്ടദൈവതമുപാസ്മഹേ.

ചെററഴിഞ്ഞ ചികുരോൽകരാം ചെറിയ
താരകേശകല തോററ തൂ-
നെററിപാട്ടചിതറും വിയർപ്പിലൊളി
വുററു പററിന ഘനാളകാം
എററുവാനഭിമുഖീകൃതപ്രതിനവ-
പ്രതോദവലയാമൊരൻ-
പുററു കാമപി കൃപാം കിരീടിരഥ
രത്നദീപകലികാം ഭജേ.

നൂതനേന്ദുരമണീയ ഫാലഭുവി
പാകിടും ചില മനോഹര-
സ്വേദപാതമുദിതാളകേ രഥ-
പരാഗപൂര പരിശോഭിതേ
പാതി ചിമ്മിന വിലോചനേ വിഹര
മന്ദഹാസമയചന്ദ്രികാ-
ശീതളേ തിരുമുഖേ മനോ വിജിതസാരസേ
വിജയസാരഥേഃ.

അർദ്ധമീലിതവിലോചനം വര-
തുരംഗപൂരഖുരമേററാരോ
യുദ്ധഭൂമിയിലുരും നരുംപൊടി പൊഴി-
ഞ്ഞഴിഞ്ഞ കബരീഭരം

ഹസ്തപങ്കജലസത് പ്രതോദമധി-
ചിത്തമസ്തു മമ പാൎത്ഥസാ-
രഥ്യകേളിലളിതം മനോജ്ഞമൊരു വസ്തു
യാദവകുലോദ്ഭവം.

പീലി ചിന്നി വിരിയുന്ന വേണിയിൽ മറഞ്ഞ
കോമളമുഖാബ്ജമാ-
ലോലഹാരനവഹേമസൂത്രവന-
മാലികാമകരകുണ്ഡലം
ഫാലബാലമതിമേലണിഞ്ഞ കമനീയ-
ഘൎമ്മകണികാങ്കുരം
കോലമഞ്ചിതരഥം ഗതം ജയതി ജൈഷ്ണവം
കിമപി വൈഷ്ണവം."

മനോമോഹനമായ ദേവതാരൂപത്തെ അനുധ്യാനം ചെയ്തു് ഏകാന്തകാന്തമായ ഏകാഗ്രതയിൽ മനസ്സിനെ ലയിപ്പിക്കുന്നതിനു് ഇമ്മാതിരി സ്തോത്രങ്ങൾക്കുള്ള ശക്തി അന്യാദൃശമാണു്. ഈ ഭാഗവതോത്തമൻ തന്നെ ഭക്തിയുണ്ടാവാനുള്ള മാൎഗ്ഗവും ഉപദേശിക്കുന്നുണ്ടു്. വിരക്തികൊണ്ടു ഭക്തിയും ഭക്തികൊണ്ടു ജ്ഞാനവും സിദ്ധിക്കുമെന്നും സത്യവും നിത്യവുമായ ജ്ഞാനംതന്നെയാണു കൈവല്യമെന്നും ആ മഹാൻ സൂചിപ്പിക്കുന്നു. ഭക്തിയിൽനിന്നും ജ്ഞാനത്തിലേക്കുള്ള സംക്രമണമാണു പൂന്താനത്തിൻെറ ജ്ഞാനപ്പാനയിൽ നാം ദർശിക്കുന്നതു്.

"മുന്നമിക്കണ്ട വിശ്വമശേഷവു-
മൊന്നായുള്ളോരു ജ്യോതിഃസ്വരൂപമായ്

ഒന്നുംചെന്നങ്ങു തന്നോട്ടു പററാതെ
ഒന്നിലും ചെന്നു താനും വലയാതെ
ഒന്നൊന്നായി നിനയ്ക്കും ജനങ്ങൾക്കു്
ഒന്നു കൊണ്ടറിവാകുന്ന വസ്തുവായ്
ഒന്നുപോലെയൊന്നില്ലാതെയുള്ളതി-
ന്നൊന്നായുള്ളോരു ജീവസ്വരൂപമായ്."

എന്നു വേദാന്തതത്ത്വം അയത്നലളിതമായ രീതിയിൽ പ്രതിപാദിക്കുന്നുണ്ടു്. തത്ത്വബോധമില്ലാത്തവരുടെ പാട്ടുകൾ വർണ്ണിക്കുന്നതു നോക്കുക.

"സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണം കെട്ടു നടക്കുന്നിതു ചിലർ
മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതി കെട്ടു നടക്കുന്നിതു ചിലർ
ചഞ്ചലാക്ഷിമാർ വീടുകളിൽ പുക്കു
കൊഞ്ചി രാമനായാടുന്നിതു ചിലർ
കോലകങ്ങളിൽ സേവകരായിട്ടു
കോലം കെട്ടി ഞെളിയുന്നിതു ചിലർ"

എന്നും,

"എണ്ണിയെണ്ണിക്കുഴിയുന്നിതായുസ്സും
മണ്ടി മണ്ടിക്കരേറുന്നു മോഹവും"

എന്നും ആ ശോച്യമായ സ്ഥിതിയെ വർണ്ണിക്കുന്നു; ഈ നീചസാഹസങ്ങൾ ആവശ്യമില്ലെന്നു് ഉദ്ബോധിപ്പിക്കയും ചെയ്യുന്നു. കാരണം !

"വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും
അച്ഛനും പുനരമ്മയുമുണ്ടല്ലോ
രക്ഷിച്ചീടുവാനുള്ള നാളൊക്കെയും
ഹരിഷാശ്രുപരിപ്ലുതനായിട്ടു
പരുഷാദികളൊക്കെസ്സഹിച്ചുടൻ
ഭക്തിതന്നിൽ മുഴുകിച്ചുമഞ്ഞുടൻ
മത്തനെപ്പോലെ നൃത്തം കുതിക്കണം.
പാരിലിങ്ങനെ സഞ്ചരിച്ചീടുമ്പോൾ
പ്രാരബ്ധങ്ങളശേഷമൊഴിഞ്ഞിടും.
വിധിച്ചീടുന്ന കർമ്മമൊടുങ്ങുമ്പോൾ
പതിച്ചീടുന്നു ദേഹമൊരേടത്ത്
കൊതിച്ചീടുന്ന ബ്രഹ്മത്തെക്കണ്ടിട്ടു
കുതിച്ചീടുന്നു ജീവനുമപ്പൊഴേ."

എന്ന് ഭക്തിമുഖേന ബ്രഹ്മസായുജ്യം ഉപദേശിക്കുന്നു. പാർത്ഥസാരഥിസ്തവത്തിൽ മധുരോദാരമായ മണിപ്രവാള ശൈലി സ്വീകരിച്ച കവിതന്നെ ദുർഗ്രഹമായ വേദാന്തം പ്രതിപാദിക്കാൻ സ്വീകരിച്ച ലളിതമായ ഭാഷാശൈലി നോക്കുക.

ഭക്തിയും ജ്ഞാനവും അഭേദം കൈക്കൊണ്ട് പരനിർവൃതി അടയുന്ന അവസ്ഥയാണു ഭാഷാഭഗവദ്ഗീതയുടെ ആരംഭത്തിൽ നിരണം കവീശ്വരനായ മാധവപ്പണിക്കരുടെ പരമാത്മസ്തവത്തിൽ കാണുന്നത്. രൂപസങ്കല്പത്തെ അതിലംഘിച്ച് അദ്വയാവസ്ഥയിലേക്ക് ഉയന്ന് അവാങ്മനസഗോ

ചരമായ സച്ചിദാനന്ദരൂപത്തെ വന്ദിക്കുകയാണു് ആ മഹാനഭാവൻ ചെയ്യുന്നതു്.

"അദ്ഭുതമായമൃതായ് മറ നാലിനു-
മറിവായഖിലജഗത്പൂർണ്ണവുമായ്
ഉദ്ഭവമരണാദികൾ കരണാദിക-
ളൊന്നിനൊടും കൂടാതൊളിവായേ
പുഷ്പമണംപോൽ സ്ഥാവരചരമൊടു;
പുണരാതെ പുണരും പൊരുളായേ
എപ്പൊഴുതും സച്ചിത്സുഖമായ്നിന്റീടിന
പരമാത്മാനം തൊഴുതേൻ.

തൊഴുതേൻ ദീപത്തിനെ ദീപത്തിൻ
ചുടരൊളി കാട്ടീടുന്നതിനൊത്തും
പഴിയില്ലാദിത്യനെയാദിത്യൻ
പരിരശ്മികൾ കാട്ടുന്നതിനൊത്തും
മുഴുതും താനായ് മുടിയാവടിവായ്
മൂലമതാ മദ്വൈതമഹാപദം
അഴകിനൊടും ദരിശന ചെയ്യാനാ-
യറിവായ് നിന്റെ മഹാശക്തിയെയും.

# ജ്യോതിശ്ശാസ്ത്രം

## ചില ചിന്തകൾ

പ്രാചീനങ്ങളും നവീനങ്ങളുമായ ശാസ്ത്രങ്ങളുടെ ഗണനയിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണല്ലോ ജ്യോതിശ്ശാസ്ത്രം. ജ്യോതിശ്ശാസ്ത്രത്തിനു പല വിഭാഗങ്ങളും ഉണ്ടെങ്കിലും സാമാന്യമായി ക്രിയാഭാഗമെന്നും ഫലഭാഗമെന്നും രണ്ടായി വിഭജിക്കാവുന്നതാണ്. സംസ്കാരം സിദ്ധിച്ച സകല ജനസമൂഹങ്ങളും ലോകത്തിൻെറ പല ഭാഗങ്ങളിലും പ്രാചീനകാലംമുതൽ ജ്യോതിശ്ശാസ്ത്രത്തിൻെറ ഈ രണ്ടുശാഖകളിലും ഗാഢമായ ഗവേഷണം നടത്തി വിപുലമായ വിജ്ഞാനസമ്പത്തു സമാർജ്ജിച്ചിട്ടുണ്ട്. ഈജിപ്ത്, ഗ്രീസ്, ബാബിലോണിയ, ഭാരതം മുതലായ രാജ്യങ്ങളിൽ ജ്യോതിഷവിഷയത്തിൽ ഗണനീയങ്ങളായ പല ശാസ്ത്രപദ്ധതികളും പ്രചാരത്തിലിരുന്നു എന്നുള്ളതിനു വേണ്ടുവോളം തെളിവുകൾ ഉണ്ട്. ആ ശാസ്ത്രസമ്പത്തിൽ പലതും മനുഷ്യരാശിക്ക് നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും ഊഹിക്കാൻ ന്യായങ്ങളുണ്ട്. ഏതായാലും ഭാരതീയ ജ്യോതിശ്ശാസ്ത്രം അനേകം ശതാബ്ദങ്ങളായി, അല്ല അനേകം സഹസ്രാബ്ദങ്ങളായി വളൎന്നു പടൎന്നതിൻെറ ഫലങ്ങൾ പലതും നമുക്ക് ഇന്നും ആസ്വാദ്യമായി അവശേഷിക്കുന്നു.

പുരാതനമായ ആ മഹാശാഖിയുടെ വളർച്ച ഇന്ന നിലച്ചുപോയി എന്ന വ്യാകുലപ്പെടാൻ നമുക്ക കാരണമുണ്ടെങ്കിലും, മഹാന്മാരായ നമ്മുടെ പൂർവികന്മാരുടെ പ്രയത്നങ്ങളെ പണ്ടേപ്പോലെ പുഷ്കലമാക്കാൻ വീണ്ടും നമുക്ക് അവസരവും അവകാശവും അധികാരവും ഉണ്ട്. ആ അവസരവും അവകാശവും നാം എത്രത്തോളം വിനിയോഗിക്കുന്നു എന്നുള്ളതിലാണു നമ്മുടെ വിജയം നിലകൊള്ളുന്നത്. ഭാരതീയ ജ്യോതിശ്ശാസ്ത്രത്തിൻെറ ഉദ്ധാരണത്തിന് ഭാരതീയക്ക പൊതുവേയും കേരളീയക്ക പ്രത്യേകിച്ചും ചില കടമകഠം ഉണ്ടല്ലോ. ആ കടമകഠം നിർവ്വഹിക്കാൻ ഉദ്ബുദ്ധരായ ചിലർ ഉത്സുകരായും കാണുന്നുണ്ട്.

പാശ്ചാത്യവിദ്യയുടെ പ്രചാരത്തോടുകൂടി, വൈദേശികങ്ങളായ ആശയങ്ങളുടെ അതിപ്രസരത്തോടുകൂടി, നമുക്ക നമ്മുടെ പൂർവ്വസ്വത്തിലുള്ള അഭിമാനവും വിശ്വാസവും കുറഞ്ഞുവരുന്നുണ്ട് എന്നു തോന്നുന്നു. ജ്യോതിഷത്തിൻെറ ക്രിയാഭാഗം (ഗണിതഭാഗം) ആധുനിക പാശ്ചാത്യരുടെ നൂതനങ്ങളായ ഗവേഷണങ്ങഠംകൊണ്ട്, അഭിനവങ്ങളായ യന്ത്രസാമഗ്രികളുടെ വിനിയോഗംകൊണ്ട്, അദ്ഭുതാവഹമായ അഭിവൃദ്ധി പ്രാപിച്ചു. അഗാധമായ മനുഷ്യബുദ്ധിയും സൂക്ഷ്മങ്ങളായ യന്ത്രോപകരണങ്ങളും ചേർന്നുള്ള ഈ സഹകരണംകൊണ്ടു പ്രാചീന ചിന്തകന്മാക്ക് അനവഗമ്യങ്ങളായിരുന്ന പല ജ്യോതിഷതത്ത്വങ്ങളും പ്രപഞ്ചരഹസ്യങ്ങളും ഇന്നു സുവിദിതങ്ങളാണ്. അങ്ങനെ അനുദിനം വദ്ധമാനമായ നൂതനശാസ്ത്രജ്ഞാനം പടിഞ്ഞാറുനിന്നും കിഴക്കോട്ടു പ്രചരിക്കുമ്പോഠം ജ്ഞാനജ്യോതിസ്സിൻെറ ജന്മഭൂമിയായ പൂർവ്വദി

ക്കിന്ന വിവണ്ണയായി, വിനമ്രയായി നില്ക്കാനേ ഇന്ന കഴിയുന്നുള്ളു എന്നുള്ളതു പരിതാപകരമാണു്. ഏതായാലും നമ്മുടെ പൂവ്സ്വത്തുകൊണ്ടുമാത്രം നാം ചരിതാത്ഥരാണെന്നും അതിൽമാത്രം നാം അതിമാത്രം അഭിമാനംകൊള്ളുന്ന എന്നും ആക്രോശിച്ചതുകൊണ്ടു കാര്യമില്ല. വിജ്ഞാനം എവിടെനിന്ന വന്നാലും അതു സ്വീകരിക്കുക. കാലാനുകൂലങ്ങളായ സംസ്കാരങ്ങൾ നമ്മുടെ ശാസ്ത്രസങ്കേതങ്ങളിലും പദ്ധതികളിലും അംഗീകരിക്കുക. അതാണു് ഉചിതവും യുക്തിയുക്തവും. പണ്ടും നമ്മുടെ പൂവികന്മാർ ഓരോരോ കാലത്തു് അവരുടെ നിരീക്ഷണപരീക്ഷണങ്ങളുടെ ഫലമായി പുതിയ പല പരിഷ്കാരങ്ങളും ജ്യോതിഗ്ഗണിതത്തിൽ നടത്തിയിട്ടുണ്ടു്. പരഹിതപദ്ധതി പരിഷ്കരിച്ച പരമേശ്വരൻെറ ദൃഗ്ഗണിതം തന്നെ ഇക്കായ്യത്തിൽ നിദശനമാണു്. വീണ്ടും ദൃക്സിദ്ധാന്തിനെ അനുരൂപമാംവിധം പരിഷ്കരിക്കേണ്ട കാലം വൈകിയിരിക്കുന്നു എന്നുതന്നെ പറയാം. ഋഷിപ്രോക്തങ്ങളായ കായ്യങ്ങളിൽ, അതീതാനാഗതജ്ഞന്മാരുടെ ദിവ്യദൃഷ്ടിക്കു ഗോചരങ്ങളായ വസ്തുതകളിൽ നമുക്കു് എന്തൊരവകാശമാണു് പരിഷ്കരണസംരംഭത്തിനെന്നു ചോദിക്കുന്നവർ കാണും. ഒരു കായ്യം സ്പഷ്ടമാണു്. ആകാശചാരികളായ ഗ്രഹങ്ങളുടെ ദൃക്സിദ്ധങ്ങളായ സ്ഥിതിഗതികൾക്കു് ഒത്തിണങ്ങാത്ത പ്രോക്തങ്ങളെ ഋഷിപ്രോക്തങ്ങളായി കരുതാൻ അധികം ആളുകൾ വെമ്പുമെന്നു തോന്നുന്നില്ല. പ്രാചീനപ്രോക്തങ്ങൾക്കും ആധുനികാനുഭ

വങ്ങൾക്കും വൈരുദ്ധ്യം ബോധ്യമായാൽ തീർച്ചയായും പ്രത്യക്ഷാനുഭവം പ്രമാണമാക്കാനേ നിവൃത്തിയുള്ളു. അർത്ഥ ശൂന്യമായ വൃഥാഭിമാനത്തിൽ നിലയുറപ്പിച്ചു് യാഥാസ്ഥിതികതയെ ആശ്ലേഷിക്കുന്ന ആ മനോഭാവം മാറേണ്ടതാണു്, മാററേണ്ടതാണു്.

അദ്ഭുതം തോന്നാറുണ്ടു്, പഞ്ചാംഗങ്ങളിൽ കൊടുക്കുന്ന പരഹിതസിദ്ധഗ്രഹസ്ഥിതികൾ കണ്ടിട്ടു്. പണ്ടുള്ളവർ അക്കാലത്തു് അറിയാമായിരുന്ന ജ്യോതിസ്തത്ത്വങ്ങൾ പ്രമാണീകരിച്ചു് ഏർപ്പെടുത്തിയ ഗണിതപദ്ധതിയിൽ തെളിയുന്ന ഗ്രഹസ്ഥിതികൾ പ്രത്യക്ഷത്തിൽ അബദ്ധമെന്നു ബോധ്യം വന്നാൽ അവ പ്രസിദ്ധം ചെയ്യുന്നതു പൂർവികരെപ്പററിയുള്ള അഭിമാനംകൊണ്ടോ അതോ പൂർവികാബദ്ധങ്ങൾ എന്നെന്നും പ്രകാശിപ്പിക്കണം എന്നുള്ള മൗഢ്യംകൊണ്ടോ എന്നു സംശയം തോന്നുന്നു.

പണ്ടും ഭാരതീയവിജ്ഞാനം കേവലം ദിവ്യദൃഷ്ടികൊണ്ടു ഉദയം ചെയ്തതാണു് എന്നു തോന്നുന്നില്ല. വൈദേശികന്മാരുടെ പല ആശയങ്ങളും തത്ത്വങ്ങളും അന്നന്നു വിശാലാശയരായ ഭാരതീയ പുരാതനന്മാർ സ്വായത്തമാക്കിട്ടുണ്ടു്. ജ്യോതിശ്ശാസ്ത്രത്തിൽ അക്കാര്യത്തിൽ ധാരാളം തെളിവുകളുണ്ടു്. ഇന്നു പ്രസിദ്ധങ്ങളായ പല ജ്യോതിശ്ശാസ്ത്രസംജ്ഞകളും പ്രാചീന യവനന്മാരിൽനിന്നും കടം കൊണ്ടിട്ടുള്ളവയാണെന്നു് സ്പഷ്ടമാണു്.

* ക്രിയതാവുരിജിതുമ
കുളീരലേയപാർത്ഥോനജൂകകൗർപ്യാഖ്യാഃ
തൗക്ഷിക ആകോകേരോ
ഹൃദ്രോഗശ്ചാന്ത്യഭം ചേത്ഥം

എന്ന ഹോരാപദ്യത്തിൽ സംജ്ഞകളെല്ലാം യവനഭാഷയിൽനിന്നും തെല്ലൊരു രൂപഭേദത്തോടുകൂടി സ്വീകരിച്ച തദ്ഭവരൂപങ്ങളാണെന്നു സിദ്ധമാണല്ലൊ.

എന്നുമാത്രമല്ല.

"മയയവനമണിത്ഥശക്തിപൂർവൈർ
ദിവസകരാദിഷു വത്സരാഃ പ്രദിഷ്ടാഃ"

---

* ക്രിയ=Krios മേഷം (ആട്) താവുരി-(താവുര)—Taurus. വൃഷഭം (കാള) ജിതുമ:Didumoi മിഥുനം ലേയ:Leo സിംഹം. പാർത്ഥോന(പാർഥോന) Parthenos കന്യ(കന്നി) ജൂക:Jugon (ത്രാസ്) തുലാം. കൗർപ്യ (കോർപ്പ) Scorpios വൃശ്ചികം(തേൾ) തൗക്ഷിക:Toukson ധനുർധരൻ=ധനു. ആകോകേര:Aigo-kerus (മകരം) മകരമത്സ്യം. ഹൃദ്രോഗ Hydrokos (ജലം) കുംഭം. ഇത്ഥം=ഇക്ഥം=മീനം. Ichthyos=മത്സ്യം

കേന്ദ്രം പണപരം, ആപോക്ലിമം ജാമിത്രം മേഷൂരണം കേമദ്രുമം എന്ന സംജ്ഞകളെല്ലാം സാധുവായ ഒരു സംസ്കൃതനിരുക്തിയും ഇല്ലാത്ത ഗ്രീക്കസംജ്ഞകളുടെ തദ്ഭവങ്ങൾ മാത്രമാകുന്നു.

കേന്ദ്രം=Kentron വൃത്തമധ്യം 4, 7, 10, എന്നീ രാശികൾ. പണപരം Epanaphora കേന്ദ്രത്തിന്റെ അടുത്തരാശി. ആപോക്ലിമം:Apoklima പണപരത്തിന്റെ അടുത്തരാശി. ജാമിത്രം:Diametron സപ്തമരാശി. മേഷൂരണം Mesouranyma ദശമം (പത്താംരാശി) കേമദ്രുമം Kenodromos-ശൂന്യം ചന്ദ്രന്റെ ഇരുപുറവും ഗ്രഹങ്ങളില്ലാതിരിക്കുക.

എന്ന വരാഹമിഹിരൻതന്നെ വൈദേശികന്മാരായ മയൻ, യവനൻ, മണിന്ഥൻ എന്നുള്ള ആചാര്യന്മാരെ പ്രാമാണികത്വേന പരാമർശിക്കുകയും ചെയ്യുന്നുണ്ടല്ലോ

ജ്ഞാനം സാർവലൗകികമാണ്. അതു് എവിടെനിന്നും ആക്കും സ്വീകാര്യവുമാണ്. മഹാന്മാരായ നമ്മുടെ പൂർവികന്മാർ സങ്കോചലേശംകൂടാതെ സർവദേശവ്യാപിനിയായ വിജ്ഞാനവാഹിനിയുടെ പാവനസ്രോതസ്സിൽ ആമജ്ജനം ചെയ്തിട്ടുണ്ടു്. ആ വൃത്തി നമുക്കും ആവർത്തിക്കാവുന്നതാണ്.

ജ്യോതിഷത്തിന്റെ ഫലഭാഗത്തെപ്പററി അഭ്യസ്തവിദ്യരെന്ന് അഭിമാനിക്കുന്ന ആധുനികക്ക് ഒരു് അനാദരവോ അവജ്ഞയോ കണ്ടുവരാറുണ്ടു്. ഞാനതു വിശ്വസിക്കുന്നില്ല എന്നു് ഉച്ചൈസ്തരം ഉദ്ഘോഷിച്ചാൽ അവന്റെ സ്വതന്ത്രബുദ്ധിയുടെ ഉത്തുംഗത്വം പ്രഖ്യാപിക്കുകയായിരിക്കും എന്നുകൂടി നിഗൂഢബോധമുണ്ടെന്നു തോന്നും. അറിയാൻ വയ്യാത്ത കാര്യങ്ങൾ അറിഞ്ഞുകൂട എന്നു തുറന്നു സമ്മതിക്കുന്നതിനു പകരം അവജ്ഞേയങ്ങളാണെന്നു് ആക്രോശിക്കുന്ന അജ്ഞതയെ അഭിനന്ദിക്കാൻ നിർവാഹമില്ല. ആകാശചാരികളായ ഗ്രഹങ്ങളുടെ സ്ഥിതിക്കും ലോകജീവിതസംഭവങ്ങൾക്കും എന്തൊരു കാര്യകാരണബന്ധമാണ് എന്ന ചോദ്യം സങ്ഗതമാണെന്നു തോന്നും. പക്ഷേ കാരണാന്വേഷണം ചെയ്യുന്ന മനുഷ്യബുദ്ധി വളരെ ഏറെ ആഴത്തിൽ എത്താറില്ല. എന്നാലും ആ അന്വേഷണം ബുദ്ധിക്ക് ആവശ്യവുമാണ്. പരമാർത്ഥത്തിൽ, ഒരു വസ്തുവിന്റേയും പരമമായ കാരണം ബുദ്ധിസമ്പന്നനായ മനുഷ്യൻ, ഗവേഷണപടുവായ ചിന്തകൻ,

ഇന്നോളം കണ്ടെത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടു പ്രഭാതത്തിൽ കോഴി കൂവുന്നു? തുച്ഛമായ ഒരു പ്രശ്നം. പ്രഭാതവേളയിൽ കോഴിയുടെ കണ്ഠനാളത്തിൽ ചില സിരാചക്രങ്ങൾ ഉദ്ബുദ്ധങ്ങളായി പ്രവർത്തിച്ചുതുടങ്ങുകയാണോ, അതോ കാലഘട്ടപ്രേരിതമായ ഒരു് അന്തഃപ്രചോദനയാണോ? പ്രഭാതമായി. കോഴി കൂവുന്നു. അതിനു സമാധാനം പറഞ്ഞാലും ആ സമാധാനത്തിനുള്ള സമാധാനം പറയേണ്ടതായി വീണ്ടും അവശേഷിക്കുന്നു. അസമാധേയങ്ങളായ ആയിരമായിരം പ്രശ്നങ്ങൾ നമുക്കുണ്ടു്. മനുഷ്യപരമ്പരയുടെ അനുഭവം വച്ചുകൊണ്ടു് ചില നിഗമനങ്ങളിൽ എത്തിച്ചേരാറുണ്ടു്. ചില ഗ്രഹസ്ഥിതിവിശേഷങ്ങളുള്ളപ്പോൾ ജാതരാകുന്ന ചിലരുടെ ജീവിതത്തിൽ ചില അനുഭവവിശേഷങ്ങൾ ബുദ്ധിമാന്മാരായ ഗവേഷകന്മാർക്കു ദൃശ്യങ്ങളാകുന്നു. സമാനങ്ങളായ ഗ്രഹസ്ഥിതികൾ ഉള്ള മനുഷ്യരുടെ ജീവിതത്തിൽ സമാനങ്ങളായ അനുഭവങ്ങൾ ഉണ്ടാകുന്നുണ്ടെന്നു പല ശതാബ്ദങ്ങളായുള്ള മനുഷ്യപരമ്പരയുടെ നിരീക്ഷണങ്ങളിൽനിന്നു സ്പഷ്ടമായിട്ടുള്ളതാണു്. ഇന്ന ഇന്ന ഗ്രഹങ്ങൾ ഇന്ന ഇന്ന ഭാവങ്ങളിൽ നിന്നാൽ ഇന്ന ഇന്ന അനുഭവങ്ങൾ ഉണ്ടാകുമെന്നു് സംവത്സരശതങ്ങളിലെ നിരീക്ഷിതാനുഭവങ്ങളുടെ ക്രോഡീകരണംകൊണ്ടു് സിദ്ധിക്കുന്ന നിയമങ്ങളാണു ജ്യോതിശ്ശാസ്ത്രത്തിൽ ഫലഭാഗത്തിൽ പ്രസ്തുതങ്ങളായിട്ടുള്ളതു്. ആചാര്യഭേദംകൊണ്ടു് ഉണ്ടാകുന്ന മതഭേദത്തിനു നിദാനം ഈ അനുഭവനിരീക്ഷണഭേദം മാത്രമാണു്. പക്ഷേ ഒരു കാര്യം സമ്മതിക്കണം. ജ്യോതിഷവിജ്ഞന്മാരെന്നു സ്വയം ഉദ്ഘോഷിച്ചു് അങ്ങനെ കാലക്ഷേപം നിർവ്വഹി

ക്കുന്ന അജ്ഞന്മാരുടെ കയ്യിൽപ്പെട്ട് ജ്യോതിഷം അവിശ്വസനീയമെന്ന ഒരു നിലപാട് ഏറെക്കുറെ ഉണ്ടായിട്ടുണ്ട്. എന്നാലും അവഗാഢമായ ശാസ്ത്രബോധവും ക്രാന്തദർശിയായ ബുദ്ധിവൈഭവവും നിർമ്മലമായ അന്തഃകരണവും ഉള്ള ദൈവജ്ഞന്മാരുടെ പ്രവചനങ്ങൾ അതീതാനാഗതകാര്യങ്ങളെ സൂക്ഷ്മമായി പ്രകാശിപ്പിക്കുമെന്നുള്ളത് അനുഭവൈകവേദ്യമാണ്. സൂര്യചന്ദ്രാദിഗ്രഹങ്ങളുടെ തേജഃപ്രസരംകൊണ്ടു ലോകത്തുണ്ടാകുന്ന പരിണാമഭേദങ്ങളെയോ ജീവികളുടെ കായികങ്ങളും മാനസികങ്ങളുമായ വൃത്തികളിൽ വന്നു ചേരുന്ന വ്യതിയാനങ്ങളേയോ പരാമർശിച്ചു യുക്തിവാദം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പല കാര്യങ്ങളിലും അതു പ്രത്യക്ഷസിദ്ധമാണ്. പക്ഷേ അതിനെ ആശ്രയിച്ചുള്ള യുക്തിവാദം നമ്മെ വളരെദൂരം നയിച്ചില്ല എന്നു വരും. യുക്തിയും ബുദ്ധിയും എത്തിമുട്ടുന്ന അതിരുകൾ ഉണ്ട്. അല്പജ്ഞനായ മനുഷ്യൻ അഭിമാനിക്കുന്നു, അവനു് അജ്ഞേയമായ കാര്യകാരണബന്ധമില്ലെന്നു്. അജ്ഞാതങ്ങളും ജ്ഞാതങ്ങളുമായ കാര്യങ്ങൾ തമ്മിൽ തുലനം ചെയ്തു നോക്കിയാൽ ലോകത്തു ജ്ഞാതാംശം വളരെ വളരെ തുച്ഛമാണ്. , വിജ്ഞനായ മനുഷ്യന്റെ വിജ്ഞാനംപോലും എത്രയോ പരിമിതം. എന്നിട്ടും അഹംകരിക്കുന്നു അവന്റെ അറിവിന്റെ ആഴത്തേയും അളവിനേയുംപററി. ജ്ഞാനസീമയെ കഴിവോളം വിപുലമാക്കി പൂർവാധികം മനുഷ്യമനീഷയെ പ്രബുദ്ധമാക്കാനുള്ള യത്നത്തിലാണു നാമെല്ലാം വ്യാപൃതരായിരിക്കുന്നതു്. ആ വ്യാപാരത്തിന്റെ വികാസത്തിനു

ജ്യോതിശ്ശാസ്ത്രപരങ്ങളായ നമ്മുടെ ചർച്ചകളും ഗവേഷണങ്ങളും ഏതാണ്ട പ്രയോജകീഭവിക്കാതിരിക്കയില്ല.

മനുഷ്യരുടെ ബോധമണ്ഡലത്തിന്റെ വിസ്തൃതിക്ക വ്യക്തിഗതങ്ങളായ വ്യത്യാസങ്ങളുണ്ട്. അതേ, വ്യക്തികളുടെ ബോധമണ്ഡലങ്ങൾ അവരവരുടെ അനുഭവഭേദം അനുസരിച്ചും വിജ്ഞാനഭേദം അനുസരിച്ചും വിഭിന്നങ്ങളാണ്. സങ്കുചിതമായ വർത്തമാനകാലത്തിലെ ക്ലുപ്തങ്ങളായ അനുഭവങ്ങളെ മാത്രം ആധാരമാക്കിയുള്ള ബോധവ്യാപ്തിയാണു സാധാരണമായി അധികം ആളുകൾക്കും. വിജ്ഞാനസംഭരണംകൊണ്ടും അനുഭവവിസ്താരംകൊണ്ടും, മഹദാദൃതങ്ങളായ ചില അഭ്യാസവിശേഷങ്ങൾ കൊണ്ടും ആ ബോധപരിധിയെ വിശാലതരമാക്കാൻ സംസ്കൃതനായ മനുഷ്യനു സാധിക്കുന്നതാണ്. അങ്ങനെ സാധിച്ചാൽ സങ്കുചിതമായ വർത്തമാനദശ വ്യാപിച്ചു മുന്നോട്ടും പിന്നോട്ടും കടന്നു ഭാവിയിലേക്കും ഭൂതത്തിലേക്കും കവിഞ്ഞു നില്ക്കുന്നതു് അനുഭവവേദ്യമാകുന്നു. അതീതങ്ങളായ കാര്യങ്ങളുടെ സൂക്ഷ്മമായ സ്മരണവും, അനാഗതങ്ങളായവയുടെ കാലേകൂട്ടിയുള്ള പ്രത്യക്ഷീകരണവും വികസിതമായ മനുഷ്യമനീഷയ്ക്കു സുസാധമാകും. അവനവന്റെ ബോധമണ്ഡലം വികസിക്കുമ്പോൾ ആ വികാസത്തിന്റെ ശക്തിവിശേഷത്തിനൊപ്പം അന്യാനുഭവങ്ങളെ സാക്ഷാത്കരിക്കുവാനും സാധ്യമാകും. ആ സിദ്ധിവിശേഷത്തിനാണ് അതീതാനാഗതജ്ഞാനം എന്നു മഹാന്മാർ നാമനിർദ്ദേശം ചെയ്യുന്നതു്. അനതിസുലഭമായ ഈ സിദ്ധി ഏതൊരുവനും കൈവരുത്താനുള്ള മാർഗ്ഗം അനുഭവസമ്പന്നന്മാരായ മഹാന്മാർ ഉപദേശിച്ചിട്ടുണ്ട്.

ധ്യാനം, നിദിധ്യാസം, മനനം, യോഗം, ഉപാസന എന്നി ങ്ങനെ പല പേരുകളിൽ അറിയപ്പെട്ടുന്ന ചില കാര്യങ്ങൾ പല തലമുറകളായി വിവേകശാലികളായ ആളുകൾ ശീലി ച്ചിട്ടുള്ളതാണ്, ഫലിപ്പിച്ചിട്ടുള്ളതാണ്. കേവലം ഭൗതിക മായ ശാസ്ത്രബോധം മാത്രം പരമപ്രമാണമായി കരുതി മററു ള്ളതെല്ലാം നിന്ദിക്കുന്ന അഹങ്കാരജഡിലമായ അജ്ഞതയ്ക്ക് ഈ വിധത്തിലുള്ള സിദ്ധികളും അനുഭവങ്ങളും അധിക്ഷേ പാർഹങ്ങളാണെന്നു വന്നുകൂടിയിട്ടുണ്ട്. പക്ഷെ, ഉത്തിഷ്ഠമാ നരായ പാശ്ചാത്യരുടെ നൂതനശാസ്ത്രങ്ങൾ വികാസം പ്രാപി ക്കുന്നതോടുകൂടി, അവക്ക് ഇന്നലെവരെ അജ്ഞാതങ്ങളായി രുന്ന അനുഭൂതിമണ്ഡലങ്ങൾ അവരുടെ ഗവേഷണപരിധി യിൽ ഉദയം ചെയ്യുന്നതോടുകൂടി ഈ ജ്ഞാനലവദുർവിദഗ്ദ്ധ ന്മാരുടെ യുക്ത്യാഭാസങ്ങളും അസ്തമിച്ചുപോകും. അങ്ങനെ പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെ സമ്മതി ലഭിച്ചു കഴിഞ്ഞാൽ ആദരണീയങ്ങളായിത്തീരുന്ന വിജ്ഞാനശാഖകൾ ഇന്ന് അനാദൃതങ്ങളായി അനവധി അവശേഷിക്കുന്നു. പാശ്ചാത്യ ദേശങ്ങളിൽ പലെടത്തും ഏതാണ്ട് ഒരു പുതിയ പ്രവർത്തന ത്തിൻെറ ലക്ഷണങ്ങൾ ഇപ്പോഴേ കണ്ടുതുടങ്ങിയിട്ടുണ്ട്. കേവലം ഭൗതികവാദികളായിരുന്ന പല ചിന്തകന്മാരും ഭാരതീയതത്ത്വസിദ്ധാന്തങ്ങളുമായുള്ള സമ്പക്കംമൂലം അധ്യാ ത്മവിചാരണസരണിയിൽ കാലൂന്നിയിട്ടുണ്ട്. പ്രാചീനമായ ഭാരതീയ യോഗവിദ്യ ശ്രദ്ധാപൂർവ്വം അഭ്യസിച്ചും തുടങ്ങിയി ട്ടുണ്ട്. അവരുടെ അനുഭവങ്ങൾ മന്ദസുഗ്രഹമായ രീതിയിൽ അവർ പ്രതിപാദിച്ചുതുടങ്ങുമ്പോൾ നമ്മുടെ ചിരന്തനവും പുരാതനവുമായ സമ്പത്തിനെപ്പററി വീണ്ടും നമുക്ക് അഭിമാ നമുണ്ടാകും. ഏതായാലും ഒരു കാര്യം തീർച്ചയാണ്. ലോകാ

ന്‌ഗ്രഹബുദ്ധിയാൽ മാത്രം പ്രേരിതരായി പ്രവർത്തിച്ച മഹാനുഭാവന്മാരായ നമ്മുടെ പൂർവികന്മാർ നമുക്കു സമ്പാദിച്ചുവച്ച മഹാശേവധികൾ നാം വേണ്ടുവോളംവിലമതിച്ച് ഉപയോഗിക്കുന്നില്ല. യുക്തിക്കിണങ്ങാത്തതു സ്വീകരിക്കയില്ലെന്നാണു പുതിയ യുക്തി. എന്തൊരു യുക്തിയാണാവോ? പ്രത്യക്ഷാനുഭവവും അനുമാനവും ആപ്തവചനവും ആധാരമാക്കിയുള്ളതായിരിക്കണം യുക്തി. അല്ലാതെയുള്ള യുക്തിക്കു വിലയില്ല. അനുഭവങ്ങളുടേയും അനുമാനശക്തിയുടേയും ആദരണീയങ്ങളായ ആപ്തവചനങ്ങളുടേയും ഏററക്കുറച്ചിൽ നിമിത്തം യുക്തികൾ മാറുകയും മറിയുകയും ചെയ്യും. അതുകൊണ്ടാണു ഭർത്തൃഹരി പറയുന്നതു്.

യത്നേനാനുമിതോഽപ്യർത്ഥഃ
കുശലൈരനുമാതൃഭിഃ
അഭിയുക്തതരൈരന്യൈ—
രന്യഥൈവോപപാദ്യതേ. എന്നു്.

(കുശലന്മാരായ യുക്തിവാദികളാൽ പണിപ്പെട്ടു് അനുമിക്കപ്പെടുന്ന കാര്യം കൂടുതൽ കുശലന്മാരായ മററുള്ളവർ മററു തരത്തിൽ ഉപപാദിക്കുന്നു.)

അനുഭവത്തെ അനുഗമിച്ചാണു സാധാരണ യുക്തിയുടെ പ്രയാണം. അനുഭവസീമ വിശാലമാക്കാൻ സ്വീകരിച്ചുവന്നിരുന്ന ചില മാർഗ്ഗങ്ങളാണു മുമ്പു സൂചിപ്പിച്ചവ. അതുകൊണ്ടുതന്നെയാണു ജാതകഫലം അറിയുന്നവൻെറ ലക്ഷണം പറഞ്ഞ കൂട്ടത്തിൽ

ഊഹാപോഹപടുഃ സിദ്ധ—
മന്ത്രോ ജാനാതി ജാതകം

എന്നു പ്രതിപാദിച്ചിട്ടുള്ളതു്. യുക്തികൗശലവും മന്ത്രസിദ്ധിയും ഫലാദേശത്തിനു് ആവശ്യകമെന്നു പ്രസ്താവിച്ചിരിക്കുകയാണു്. മന്ത്രസിദ്ധികൊണ്ടു സൂചിപ്പിക്കുന്നതു മനനശക്തിയുടെ വിപുലീകരണമാണു്. ഇപ്പോൾ നടക്കുന്നതെന്നപോലെതന്നെ കഴിഞ്ഞതും വരാൻ പോകുന്നതും കാണുവാനുള്ള കഴിവു് അമേയശക്തിയായ മനുഷ്യാത്മാവിനു് ഉള്ളതു് ഉത്തേജിപ്പിക്കുകയാണു മനനശീലം. മന്ത്രമോ? പതറി ഇടറുന്ന മനസ്സിനെ മഹത്തുക്കളുടെ മഹനീയങ്ങളായ വചനങ്ങളിൽ താങ്ങിനിർത്തി ഉറപ്പിക്കാനുള്ള ഉപാധി മാത്രമാണു്. അല്ലാതെ അന്ധമായ മതഭ്രാന്തിന്റെ ആക്രോശമല്ല.

അനന്തമായ ആകാശത്തിൽ അതിവിദൂരത്തിൽ പറന്നുപായുന്ന ഗ്രഹനക്ഷത്രാദികൾക്കും ഈ ചെറിയ ഭൂഗോളത്തിനും അതിലെ അണുപ്രായരായ അനേകകോടി ജീവരാശികളുൾപ്പെട്ട നമ്മുടെ ജീവിതത്തിനും എന്തൊരു ബന്ധമാണുള്ളതു് എന്നല്ലേ പ്രൗഢമായ ഒരു പ്രശ്നം. ഇവ തമ്മിലുള്ള ഗഹനങ്ങളായ ബന്ധങ്ങളുടെ ഏതെങ്കിലും ഒരംശത്തെപ്പററി ഇന്നു വിജ്ഞാനസമ്പന്നനെന്നു് അഭിമാനിക്കുന്ന മനുഷ്യനു വല്ല ബോധവുമുണ്ടോ. പാശ്ചാത്യശാസ്ത്രജ്ഞന്മാർ പറയുന്നു, Cosmic Ray കാസ്മിക് റേ (ബ്രഹ്മരശ്മി) എന്ന ഒരു ശക്തിവിശേഷം ഭൂമണ്ഡലം ആവരണം ചെയ്തു സർവ്വത്ര പ്രസരിക്കുന്നുണ്ടു് എന്നു്. അഭേദ്യങ്ങളെന്നു് ഇന്നലെവരെ സങ്കല്പിച്ചിരുന്ന അണുകങ്ങളെ പിളർന്നുകഴിഞ്ഞാൽ ലോകസംഹാരത്തിനോ ലോകാനുഗ്രഹത്തിനോ പര്യാപ്തമാകുംവിധം അവയിൽ അന്തർലീനമായ മഹാശ

ക്തിയെ അവയിൽനിന്ന് ആവിഷ്കരിക്കാമെന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കീട്ടുണ്ട്. ആ അറിവിൻെറ പ്രായോഗികഫലമാണല്ലോ ഇന്നു ലോകത്തെ അമ്പരപ്പിക്കുന്ന അണുബോമ്പ്. ഈ അണുക്കളെ പിളക്കാനുള്ള അമേയശക്തി ഉൾക്കൊള്ളുന്നതാണ് ഭൂമണ്ഡലവ്യാപിയായ പ്രസ്തുതമായ ബ്രഹ്മരശ്മി എന്നും ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ഈ ബ്രഹ്മരശ്മിയേപ്പററിയുള്ള ഗവേഷണം ഭാരതമുൾപ്പെടെയുള്ള സകലരാജ്യങ്ങളിലും ഇന്നു നടക്കുന്നുണ്ട്. ഈ രശ്മികൾ വിദൂരചാരികളായ നക്ഷത്രങ്ങളിൽനിന്നും നിസ്സരിച്ച് ഭൂമണ്ഡലാന്തരീക്ഷത്തിൽ തങ്ങിനില്ക്കുകയാണെന്നു ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. നോക്കുക, നക്ഷത്രങ്ങൾക്കും ഭൂമണ്ഡലത്തിനും തമ്മിലുള്ള ബന്ധം. ഇങ്ങനെ അനേകവിധത്തിലുള്ള ശക്തിപ്രസരം ഗ്രഹങ്ങളിൽനിന്നും നക്ഷത്രങ്ങളിൽനിന്നും സംക്രമിച്ച് ഈ കൊച്ചു ഭൂമിയിൽ വ്യാപരിക്കുന്നു. അതിൻെറ സൂക്ഷ്മഭാവങ്ങളെപ്പററി മനുഷ്യൻ ഇന്നും അജ്ഞനാണ്. ഏതായാലും ചന്ദ്രോദയാസ്തമയങ്ങളോടു ദൃഢതരമായി ബന്ധപ്പെട്ടതാണു സമുദ്രവേലയെന്നു സർവസമ്മതമാണ്. മാത്രമല്ല, ജലചരങ്ങളായ പല പ്രാണിസംഹതികളുടേയും ഗർഭാധാനവും അണ്ഡവിസർഗ്ഗവും പൌർണ്ണമാസിയോട് അനുബദ്ധമാണെന്നുള്ളതു പ്രാണിശാസ്ത്രസമ്മതമായ പരമാർത്ഥമാണ്. ഉന്മാദം സന്നിപാതജ്വരം മുതലായ രോഗങ്ങൾക്കും ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങൾക്കും ബന്ധമുണ്ടെന്നതു വൈദ്യശാസ്ത്ര സമ്മതമായ വസ്തുതയാണ്. അതുകൊണ്ട്

ഈ ബന്ധം അവസാനിക്കുന്നില്ല. സർവ്വംകഷമാണ് പ്രാണിജീവിതത്തിനും ഗ്രഹഗതികൾക്കും തമ്മിലുള്ള ബന്ധം എന്ന നിരീക്ഷണപടുക്കളായ പൂർവ്വികന്മാർ ആരാഞ്ഞറിഞ്ഞതാണ്. അവരുടെ ആ ഗവേഷണത്തിൻെറ ഫലമാണ് ജ്യോതിശ്ശാസ്ത്രത്തിലെ ഫലഭാഗം. ഇടുങ്ങിയ യുക്തിയിൽ ഒതുങ്ങുന്നതല്ല ഈ മാതിരി കാര്യങ്ങളൊന്നും. സംവത്സരശതങ്ങളിലെ ജീവിതാനുഭവങ്ങളുടേയും നിരീക്ഷണങ്ങളുടെയും വെളിച്ചത്തിൽ സ്വാനുഭവങ്ങളെ പരിശോധിക്കുകയും ജ്യോതിഷത്തിലെ ഫലാദേശങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തിട്ടുവേണം ജ്യോതിശ്ശാസ്ത്രത്തെപ്പററി ഒരു തീരുമാനം കൈക്കൊള്ളേണ്ടതു് എന്നു സമ്മതിച്ചുകൂടേ.

# കുഞ്ചൻ നമ്പ്യാർ

**ഒരു്** ഇരുന്നൂറു കൊല്ലം മുമ്പു്, ഇന്നത്തെപ്പോലെ കലങ്ങി മറിഞ്ഞ ഒരു കാലഘട്ടത്തിൽ, ചുററുപാടും കണ്ട വ്യക്തികളുടേയും സമുദായങ്ങളുടേയും പ്രകൃതിയുടെ വികൃതികൾ നോക്കി ചിരിച്ചുരസിച്ചും ചിലപ്പോൾ കയർത്തു കയറി കണ്ടവരുടെ മണ്ടയ്ക്കടിച്ചും ജീവിച്ച മഹാനായ ഒരു കവീശ്വരനാണു കുഞ്ചൻ നമ്പ്യാർ. ക്രിസ്ത്വാബ്ദം പതിനെട്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ ബ്രിട്ടീഷുമലബാറിൽ, ലക്കിടി സ്റ്റേഷനു സമീപമുള്ള കിള്ളിക്കുറിശ്ശിമംഗലത്താണു് അദ്ദേഹത്തിന്റെ ജനനം. ആ മഹാന്റെ സ്മരണീയമായ ജീവിതരംഗം ഏറിയകൂറും അമ്പലപ്പുഴയും തിരുവനന്തപുരവും ആയിരുന്നു. മലയാളികൾക്കു മധുരതരമായ ഹാസ്യരസത്തിനു് അനുരൂപമായി പൊട്ടിച്ചിരിച്ചു തുള്ളിക്കളിക്കുന്ന തുള്ളപ്പാട്ടുകൾ എന്ന കാവ്യശൈലി ഈ മഹാനുഭാവന്റെ മഹനീയമായ സമ്പാദ്യമാണു്. ശുദ്ധസാഹിത്യവും കോമളകലയും കൂടിയിണങ്ങുന്ന കൂത്തും ആട്ടവും തുള്ളലുമാണല്ലോ കേരളകലാദേവിയുടെ അനന്യ സാധാരണമായ അലംകാരങ്ങളിൽ അഴകേറിയവ. അവയിൽ, മനുഷ്യഹൃദയത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന മൗലികവികാരങ്ങൾ തട്ടിയുണർത്തി പണ്ഡിതനേയും പാമരനേയും ഒരുപോലെ രസി

പ്പിക്കുന്ന ലളിതകോമളവും പരിഹാസരുചിരവുമായ കവിതാരീതി കുഞ്ചൻ നമ്പ്യാരുടെ സ്വാർജിതസ്വത്താണ്. നമ്പ്യാൎക്കു മുമ്പ് മലയാളഭാഷയിൽ ഉണ്ടായിരുന്ന മനോഹരമായ ഹാസ്യരസം. അന്യന്റേയും അവനവന്റേയും കുററങ്ങളും കുറവുകളും കാണാൻ കഴിവുള്ള കണ്ണും, കണ്ടു ചിരിക്കാനുള്ള രസികത്വവും പണ്ടേക്കു പണ്ടേ മലയാളികൾക്ക് ഉണ്ടായിരുന്നു. ചെറുശ്ശേരി, പൂനം മുതലായ നമ്പൂതിരിമാരുടെ കവിതകളിൽ മാത്രമല്ല, സാമാന്യം നല്ല ഗൗരവവും ഗാംഭീര്യവും തികഞ്ഞ എഴുത്തച്ഛന്റെ കവിതകളിൽ പോലും കാണാം ഇടയ്ക്കിടയ്ക്കു പരിഹാസത്തിന്റെ വിലാസം. തുള്ളപ്പാട്ടിനുള്ള വൃത്തങ്ങളും മലയാളികൾക്കു പുത്തരിയല്ലായിരുന്നു. അഭിനയമോ! പറയാനുമില്ലല്ലോ. ഇവയെല്ലാം ഒന്നുചേൎന്നു നമ്പ്യാരുടെ അപ്രതിഹതമായ സരസ്വതീവിലാസവുമായിണങ്ങിയൊരുങ്ങി അരങ്ങത്തു വന്നപ്പോൾ അഭിരാമമായ ഒരു നവ്യകലയുടെ ഉദയമായി.

ഊഹാപോഹങ്ങൾക്കും ഐതിഹ്യങ്ങൾക്കും വിഷയമായ നമ്പ്യാരുടെ ജീവചരിത്രസംഭവങ്ങളെപ്പററി പ്രസ്താവിക്കാൻ തൽക്കാലം നിർവാഹമില്ല. കവിയുടെ ബാല്യകാലം സ്വന്തം ജന്മദേശത്തും, യൗവനം അമ്പലപ്പുഴയും, വാദ്ധകാരംഭകാലം തിരുവനന്തപുരത്തുമാണ് കഴിച്ചുകൂട്ടിയതെന്നതിനു തെളിവുണ്ട്. നന്ദിക്കാട്ടുകുറുപ്പ്, മാത്തൂർ പണിക്കർ, ചെമ്പകശ്ശേരി രാജാവ് എന്നിവരുടെ ആശ്രിതനായി അമ്പലപ്പുഴയും ശ്രീവീരമാർത്താണ്ഡവൎമ്മ മഹാരാജാവിന്റേയും തിരുമനസ്സിലെ മന്ത്രിസത്തമനായിരുന്ന അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടേയും രാമവർമ്മ മഹാരാജാവു തിരുമനസ്സിലെയും

ആശ്രിതനായി തിരുവനന്തപുരത്തും നമ്പ്യാർ താമസിച്ചിരുന്നു. തിരുവിതാംകൂർ രാജധാനി അന്നു കലാകോവിദന്മാരായ മഹാന്മാക്ക് അഭികാമ്യമായ അഭയസ്ഥാനമായിരുന്നു. ഉണ്ണായിവാര്യർ, രാമപുരത്തുവാര്യർ മുതലായ കവീന്ദ്രന്മാർ അന്നത്തെ രാജസദസ്സിനെ അലങ്കരിച്ചിരുന്നവരാണല്ലോ.

കുബേരന്മാരേയും മന്ത്രിമാരേയും രാജാക്കന്മാരേയും സേവിച്ച്, കൊട്ടാരത്തിലും കോയിക്കലും കഴിഞ്ഞുകൂടിയ ഈ കവീശ്വരൻെറ കവിത പ്രസരിക്കുന്നതു് ജനസാമാന്യത്തിൻെറ ജീവിതരീതിയെ പ്രകാശിപ്പിച്ചും വിമർശിച്ചും സാധാരണന്മാക്കു രസവും ഉദ്ബോധനവും നൽകുന്ന വിധത്തിലാണ്. അന്നത്തെ കേരളത്തിൻെറ സാമുദായികവും രാഷ്ട്രീയവുമായ സ്ഥിതിയുടെ സമഗ്രമായ ഒരു ചിത്രമാണു നമ്പ്യാരുടെ കവിത. അദ്ദേഹത്തിൻെറ നിശിതമായ നിരൂപണത്തിനും അപഹാസത്തിനും പാത്രമാകാത്ത സമുദായം കേരളക്കരയിലുണ്ടെന്നു തോന്നുന്നില്ല.

നമ്പ്യാരുടെ പുരാണകഥകളിലെ രംഗം ഇന്ദ്രപുരിയോ കുണ്ഡിനനഗരമോ ഹസ്തിനപുരമോ എന്നു വേണ്ട ഭൂസ്വർഗ്ഗപാതാളങ്ങളിൽ എവിടെ ആയാലും അവിടെക്കാണാം നായരും നമ്പൂരാരും പരദേശിയും അമ്പലവാസിയും. കൃഷിയിലും സൈനികവൃത്തിയിലും ഏർപ്പെട്ടിരുന്ന നായരുടെ ഭീരുത്വവും ധീരത്വവും നമ്പ്യാക്കു പരിചിതമാണ്. പടയ്ക്കു വരുന്ന ത്രിപുരാസുരന്മാരെ പേടിച്ച് ഓടുന്നതു് നായന്മാരാണ്.

'വായെല്ലാം പിളൎന്നുകൊണ്ടസുരന്മാരടുക്കുമ്പോൾ
നായന്മാർ തെരുതെരെപ്പായുന്നു വനംതോറും.'

അതു മാത്രമല്ല,

'തിടുക്കം വന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ചേട്ടൻ
പൊടുക്കെന്നു പുറപ്പെട്ടങ്ങടുക്കളയ്ക്കകം പുക്കു
കിടപ്പെല്ലാമവനിപ്പോളടുപ്പിലെന്നതും കേട്ടു.'

അടുക്കളയ്ക്കകത്തും ഉരുട്ടുചെണ്ടയ്ക്കുള്ളിലും കേറിയൊളിച്ചവരും ഉത്തരത്തിൽ കൊത്തിവെച്ച പാവപോലെ പതുങ്ങിയവരുമുണ്ടെങ്കിൽ വീരപരാക്രമികളായ ചില ചങ്കരച്ചാരന്മാരെയും നമ്പ്യാരുടെ കവിതയിൽ കാണാനുണ്ടു്.

"ചങ്കരച്ചാരുടെ വീട്ടിൽ കിങ്കരന്മാർ വന്നു കേറി
മങ്കമാരെപ്പിടിച്ചങ്ങു കൊണ്ടുപോവാൻ തുനിഞ്ഞപ്പോൾ
എങ്കിൽ വാടാ കഴുവേറി നിൻകഴുത്തു പിളൎപ്പൻ ഞാൻ
അങ്കമൊന്നു പൊരുതേക്കാം ശങ്കക്കൂടാതുര ചെയ്തു
ശങ്കരച്ചാരെഴുന്നേററു തൊങ്കൽവാളും പരിചയും
തങ്കരത്തിലിളക്കിക്കൊണ്ടങ്കണത്തിൽ ചാടിനിന്നു.
മുറവമൊന്നു തുടങ്ങീട്ടു പററിനിന്നു കളിച്ചപ്പോൾ
അററമില്ലാതസുരന്മാർ തോററു മണ്ടിക്കാട്ടു പുക്കു."

ഇത്ര മര്യാദയുള്ള ഒരു വിളിയും വിളിച്ചു ചങ്കരച്ചാർ ഒററയ്ക്കു ചാടിനിന്നു് പററിനിന്നു കളിച്ചപ്പോൾ തന്നെ ബോധ്യം വന്നിരിക്കണം അസുരന്മാൎക്കു് ഇനി ഇവിടെ പന്തിയല്ലെന്നു്. നായരുടെ മിന്നൽചിതറുന്ന തൊങ്കൽവാളിന്റെ മാറെറാലി നമ്പ്യാരുടെ കവിതയിൽ എവിടെയും

കേൾക്കാം. കൈക്കൂലിയും അഴിമതിയും കൊണ്ടു കൊഴുത്ത മദാന്ധന്മാരായ ഉദ്യോഗസ്ഥന്മാർ നമ്പ്യാരുടെ ശകാരത്തിനു മുറയ്ക്കു പാത്രമാകുന്നുണ്ട്. നിർഭയമായി നിരൂപണം ചെയ്യാൻ താൻ ഒരിക്കലും മടിക്കയില്ലെന്നു നമ്പ്യാർ പലയിടത്തും പറയുന്നുണ്ട്.

'ഈവണ്ണം ചിലക്കിപ്പോളവമാനം കലന്നോരു
ഭാവമെങ്കിലുണ്ടെന്നാൽ തരിമ്പും പേടിയിങ്ങില്ല.'

സ്വതേ ബ്രാഹ്മണഭക്തനായിരുന്ന നമ്പ്യാർ തരം കിട്ടുമ്പോളെല്ലാം നമ്പൂരിമാരുടേയും പരദേശ ബ്രാഹ്മണരുടേയും ധനതൃഷ്ണയെ അപഹസിക്കുന്നുണ്ട്. സത്യാസ്വയംവരത്തിനു സദ്യയും സമ്മാനിയും കൊതിച്ചു കുതിച്ചു പായുന്ന ആൾക്കൂട്ടത്തിനിടയിൽ നിന്നും നമ്പ്യാരാശാൻ ഒരു കിഴട്ടു നമ്പൂരിയെ തിരഞ്ഞു പിടിക്കുന്നു.

'എഴുപത്തെട്ടു വയസ്സു തികഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു
കൊട്ടുവെയിൽ തട്ടിച്ചുട്ട കഷണ്ടിയിൽ
ഒരു പിടി നെല്ലാൽ മലരു പൊരിക്കാം'

വയസ്സു പറയുന്നതു കേട്ടാൽ നമ്പ്യാർ കണ്ടിട്ടുണ്ട് അയാളുടെ ജാതകമെന്നു തോന്നും. മലരു പൊരിക്കാൻ കണ്ട പാത്രം നോക്കുക.

പരദേശബ്രാഹ്മണരെപ്പററി കുറേ രൂക്ഷമായ ഒരു മനോഭാവമായിരുന്നു നമ്പ്യാർക്കെന്നു തോന്നുന്നു. അവിടെയും കാലുഷ്യത്തിന്റെ കളങ്കമുണ്ടെന്നു പറയാൻ വയ്യ.

സംസ്കൃതസാഹിത്യത്തിലും ശാസ്ത്രങ്ങളിലും സാമാന്യം അവഗാഢമായ വൈദുഷ്യം നമ്പ്യാൎക്കുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിൻെറ കവിതകൾ തെളിയിക്കുന്നുണ്ട്. വ്യാകരണത്തിൽ ശബ്ദകൌസ്തുഭം, പദമഞ്ജരി, വാക്യപദീയം മുതലായ ഉപരിഗ്രന്ഥങ്ങൾ പോലും പരിചിതങ്ങളായിരുന്നു. 'ഊറ്റുണ്ടെന്നാൽ യണ്ട്ളുക്കില്ല' എന്ന മാതിരി ശാസ്ത്രമൎയ്യാദയ്ക്കു യോജിച്ച ഫലിതം പറയാൻ നമ്പ്യാർക്ക് അയത്നസാദ്ധ്യമായിരുന്നു. സംസ്കൃതകവികളുടെ വാക്യങ്ങളെ പരാവൎത്തനം ചെയ്യാൻ നമ്പ്യാൎക്കുള്ള സാമൎത്ഥ്യം അന്യാദൃശമാണ്. 'ഘൃതകുംഭസമാ നാരീ തപ്താംഗാരസമഃ പുമാൻ' എന്ന പഞ്ചതന്ത്രസുഭാഷിതം നമ്പ്യാരുടെ ഭാഷയിൽ പകൎന്നപ്പോൾ കാൎയ്യം ഒന്നു മറിച്ചെങ്കിലും സത്യവും ഔചിത്യവും കൂട്ടിയിട്ടുണ്ടെന്നു പറയാതെ തരമില്ല.

'ഇക്കണ്ട പുരുഷന്മാർ നെയ്ക്കുംഭം പോലെ തന്നെ
മയ്ക്കണ്ണിമാരെല്ലാരും തീക്കട്ട തന്നെപ്പോലെ'

അങ്ങനെയാണ് ആണുങ്ങൾ പറയേണ്ടതു്.

ഉത്സവവും സദ്യയും വൎണ്ണിച്ചാൽ എത്ര ആയാലും നമ്പ്യാൎക്കു മതിയാകാറില്ല. കാളനും ഓലനും പാൽപായസവും പലഹാരങ്ങളും മേൽക്കുമേൽ വിളമ്പുന്ന സദ്യയുടെ നറുമണം വീശുന്ന അന്തരീക്ഷമാണ് എവിടെയും. കാമിനികളുടെ കടാക്ഷവിക്ഷേപം പോലും നമ്പ്യാൎക്ക് കണ്ണിണകൊണ്ടുള്ള കടുകുവറപ്പാണ്. അദ്ദേഹത്തിൻെറ മരണത്തിനു കാരണംപോലും പേപ്പട്ടിക്കടിയേററു ചികിത്സയിലിരുന്നപ്പോൾ പത്ഥ്യം തെററിച്ചു സദ്യയുണ്ടതാണെന്നു കേട്ടുകേൾവിയുണ്ട്.

ഏതായാലും കഥ അസംഭാവ്യമല്ല. നമ്പ്യാരുടെ കവിതകളിൽ കണക്കിനു ശകാരം കിട്ടിയ പട്ടികളിൽ, വല്ല മുട്ടാളന്മാരും പേ പിടിച്ചു് ആശാനെ കടിച്ചിരിക്കാം.

കുററവും കുറവും മാററ കൂട്ടി നിറം കലർത്തി വെളിവാക്കാൻ നമ്പ്യാക്കു വൻപു കൂടും. സ്ത്രീജനങ്ങളോടു വലിയൊരു ബഹുമാനം നമ്പ്യാക്കു കാണുന്നില്ല. അവരെ അധികം അറിഞ്ഞതുകൊണ്ടോ ഒട്ടും അറിയാത്തതുകൊണ്ടോ എന്തോ! അദ്ദേഹത്തിൻെറ പരിചയം അധികവും നുണയും ഏഷണിയും തുപ്പും തളിയും കുത്തും കന്നംതിരിവും തൊഴിലായുള്ള ഒരുതരം വനിതാരത്നങ്ങളോടാണെന്നു തോന്നും.

നമ്പ്യാരുടെ പ്രകൃതിവർണ്ണനകൾക്കു പരിഹാസരസം കലരാതെ തന്നെ ഒരു തന്മയത്വവും ചൈതന്യവും പ്രത്യേകമായുണ്ടു്.

'വെട്ടമട്ടത്തപ്പോളെട്ടു ദിഗന്തങ്ങളേററം തെളി-
ഞ്ഞങ്ങു പെട്ടെന്നു കാണായി
ചട്ടററ താമരമൊട്ടു വിരിഞ്ഞതിൽ പെട്ടോരു
വണ്ടുകളോടിത്തുടങ്ങിനാർ
ഓട്ടുവിളക്കുകൾ കെട്ടു തുടങ്ങിനാർ മുട്ടാതെ
ശംഖത്തും കേട്ടു തുടങ്ങിനാർ'

എന്നു തുടങ്ങുന്ന പ്രഭാതവർണ്ണനയും,

'കനലിൽ ചുട്ടെടുത്തോരു കനകച്ചേങ്ങലപോലെ
ദിനകരനുടെ ബിംബം തുടുതുടെ നിറം തേടി'

എന്ന മട്ടിലുള്ള സന്ധ്യാവർണ്ണനയും കേട്ടു തഴമ്പിച്ച മട്ടിൽ നിന്നു് വിഭിന്നമാണു്. കെട്ടു തുടങ്ങുന്ന ഓട്ടുവിളക്കുകളും

കേട്ടു തുടങ്ങുന്ന ശംഖനാദവും ചേങ്ങലയുമെല്ലാം അമ്പലത്തിൻെറ സാമീപ്യം അനുസ്മരിപ്പിക്കുന്നു.

'കൊച്ചു കരം കൊണ്ടു കുത്തിപ്പൊടി തന്നിൽ
പൂച്ചക്കരണം മറിഞ്ഞു കളിക്കയും
മെച്ചത്തിൽ നല്ലോരു പൂഴിച്ചോറുണ്ടാക്കി
കൊച്ചുങ്ങൾക്കെല്ലാം വിളമ്പിക്കൊടുക്കയും'

എന്നിങ്ങനെയുള്ള ശിശുലീലാവർണ്ണനം നമ്പ്യാരുടെ കവനകുശലതയ്ക്കു നിദർശനമാണ്.

ഒതുക്കിയാലൊതുങ്ങാത്ത ഹാസ്യരസികതയെ അതിലംഘിച്ച് ചിലപ്പോഴെല്ലാം നമ്പ്യാരുടെ ഗംഭീരമായ തത്ത്വവിചാരം പ്രസരിക്കാറുണ്ട്.

'വിപ്രനെന്നും ക്ഷത്രനെന്നും വൈശ്യനെന്നും
ശൂദ്രനെന്നും
ഇപ്രപഞ്ചേ നാലു വർണ്ണം നാലുവക്ത്രനുളവാക്കി.
തൽപുറത്തു ബൌദ്ധനെന്നും പാണനെന്നും പറയനെന്നും
കല്പിതം ജാതിഭേദത്തിന്നന്തമില്ല നിരൂപിച്ചാൽ.
ഏവമുള്ള ശരീരങ്ങൾക്കാകവേ പാർത്തു കാണുമ്പോൾ
ജീവനായിട്ടൊന്നു തന്നെ ആയതിപ്പോൾ പരബ്രഹ്മം.
നൂലുകൊണ്ടു പിരിച്ചോരു ചരടിൽ പൊന്മണി കോർത്തു
മാലയാക്കി ധനികന്മാർ ധരിക്കുന്നു ഗളം തന്നിൽ.
മുത്തുകൊണ്ടും മാല കോർക്കും പവിഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുകൊണ്ടും കുന്നികൊണ്ടും ദരിദ്രന്മാർ.
എന്നിവർണ്ണം സുവർണ്ണാദിക്കൊക്കവേ താൻ ചരടായി-
ട്ടൊന്നു തന്നെ പൊന്നിനുമക്കുന്നി മഞ്ചാടി മാലയ്ക്കും
എന്നപോലെ സർവ്വജാതിപ്രഭൂതം ഭൌതികം ദേഹം.

ഒന്നുകൊണ്ടു കോത്തുകെട്ടിക്കളിപ്പിക്കുന്നിതു ദൈവം
എന്നതു മൂലമാത്മാവിന്നാക്കുമാക്കും ഭേദമില്ല.
ഒന്നു തന്നെ ചരട്ടുള്ളിൽ ഭൂസുരനും പറയനും'.

എന്ന മഹത്തായ അദ്വൈതസിദ്ധാന്തം മനോഹരമായ രീതിയിൽ നമ്പ്യാർ പ്രദശിപ്പിക്കുന്നു.

'മയി സവ്മിദം പ്രോതം സൂത്രേ മണി ഗണാ ഇവ'

എന്ന ശ്രുതിതത്വം സ്വായത്തമായ രീതിയിൽ പ്രപഞ്ചനം ചെയ്യുകയാണ്.

തുള്ളക്കഥകളല്ലാതെയുള്ള പല കവിതാശാഖകളിലും നമ്പ്യാർ നടനം ചെയ്തിട്ടുണ്ടെങ്കിലും അവ ഇത്രത്തോളം സവ് ജനഹൃദയഹാരികളായിട്ടില്ല. വ്യക്തികളുടേയും സമുദായങ്ങളുടേയും സ്വഭാവമാലിന്യങ്ങളും ചാപലൃങ്ങളും നോക്കി ചിലപ്പോൾ അനുകമ്പാതരളനായും ചിലപ്പോൾ പരിഹാസനിരതനായും, പ്രഹാരചതുരനായും ശിക്ഷണ ത്രക്ഷനായും, ചിലപ്പോൾ തത്വചിന്താഭരിതനായും വിഹരിച്ചു കേരളഭാഷയെ ഉപാസിച്ച ഉജ്ജ്വലപ്രതിഭനായ ആ കവീശ്വരൻെറ പുണ്യനാമം അഭിമാനാനന്ദപുളകിതരാകാതെ നമുക്ക് ഓക്കുവാൻ വയ്യ.

# എന്റെ കൃഷ്ണൻ

## I

ഓമനക്കൃഷ്ണൻ ഉറങ്ങുകയാണ്. അടുത്തു നിന്നെരിയുന്ന വാടാവിളക്കിന്റെ കനകകാന്തി ആ കുരുന്നുമെയ്യിൽ തെളിഞ്ഞു നിഴലിക്കുന്നു. ആ മണിക്കൂട്ടിലാടുന്ന പഞ്ചവർണ്ണക്കിളി ഒരു കാലത്തു തളിരിന്മേൽ വീഴുന്ന നിലാവു കണ്ടു പാടിയിരുന്ന മൃദുലരാഗങ്ങൾ ഉണ്ണിയെ ഉണർത്താതെ കൊഞ്ചിത്തുടങ്ങുന്നു. ഇപ്പോൾ എന്റെ ഓമന കിനാവു കാണുകയാണ്. അനിർവ്വാച്യമായ ഒരു് ആനന്ദലക്ഷ്മി ആ പൊൻചുണ്ടിന്മേൽ മിന്നി മറയുന്നു. വീണ്ടും മയങ്ങുന്നു. യശോദാദേവിയുടെ തിരുമാറിന്റെ നീലപ്പുതക്കം ഇതേ! ഉണർന്നനങ്ങുന്നു. തനിയേ വിടിരുന്ന ചുണ്ടുകളിൽ നിന്നും നിർഗ്ഗളിക്കുന്ന കളസ്വരങ്ങളെ തുടർന്നു ചില പൊൻചിലമ്പിന്റെ ശിഞ്ജിതങ്ങൾ കേൾക്കുമാറാകുന്നു. ഉണ്ണിയെ കാണുമ്പോൾ വാത്സല്യം ചുരത്തുന്ന മുലക്കുടം തുളുമ്പിച്ച്, പുഞ്ചിരിക്കൊണ്ടു മണിയറയിൽ പ്രത്യക്ഷമാകുന്ന സുവർണ്ണവിഗ്രഹം യശോദാദേവിയാണ്. കണ്ണനുണ്ണിയോ! ഇടതുകാലിന്റെ തള്ളവിരലിലുള്ള അമൃതം നുകർന്നു, കല്പാന്തക്കടലിൽ അരയാലിലമേൽ പള്ളികൊണ്ട പൂർവ്വവൃത്തം അരനിമിഷം അഭിനയിക്കയായിരിക്കാം.

## II

വൃന്ദാവനത്തിലെ ഉണ്ണിയിഷ്ടഭാഗവതർ ഓടക്കുഴൽ വിളിയ്ക്കയാണ്. തളിർപുൽപ്പുറത്തു വാലും കിളത്തി നൃത്താടി നിന്ന ചെറുപൈക്കിടാങ്ങൾ കണ്ണന്റെ ചുററും ആടിത്തുടങ്ങുന്നു. യമുനാജലത്തിന്റെ മധുരിമ നുകരാൻ തല കുനിക്കുന്ന തള്ളപ്പശുക്കൾ നീരിൽ തൊടുന്ന നാവനക്കാതെ, അരക്കണ്ണടച്ചു സമാധി നില്ക്കുന്നു. പൂത്തുനിന്നുലയുന്ന കടമ്പിൽനിന്നും തനിയേ വഴിഞ്ഞു തുളുമ്പിപ്പോകുന്ന നറുംതേൻകണങ്ങൾ തിരുമുടിയിലണിഞ്ഞ മയിൽപ്പീലിമേൽ പളുങ്കു ചാർത്താനൊരുങ്ങുന്നതു കണ്ണനുണ്ണി അറിയുന്നില്ല. കുട്ടി മുഴയ്ക്കുന്ന വയറും ചരിച്ചു പുല്ലിന്മേൽ കിടന്ന് അയവിറക്കുന്ന ഗർഭിണിപ്പശുവിനെ തട്ടിത്തലോടാൻ ഗാനം നിറുത്തി ചിരിച്ചുകൊണ്ടെത്തുന്ന കൃഷ്ണന്റെ കൈ നക്കാനാണു പശുവിന്റെ ഒരുക്കം. പുഞ്ചിരിക്കൊള്ളുന്ന കമലനേത്രന്റെ കായാമ്പൂമുഖത്തിൽ വൈകുന്നേരത്തെ വെയിലടിക്കുന്ന രമണീയത കണ്ടു നൃത്താടിവന്ന ഒരു പൈക്കിടാവ് ഇതേ! കവിളോടു കവിൾ ചേർത്തു നിലകൊള്ളുകയായി.

## III

കാളിന്ദീനദിയുടെ അലമാലകൾ ഇളകി മറിയുന്നു. കൊട്ടംപത്തിയുയർത്തി ചീറിക്കുതിക്കുന്ന കാളിയപ്പാമ്പിന്റെ കരിംപുറത്തു താളത്തിനൊത്തു നൃത്തമിടുകയാണ് കൃഷ്ണൻ. തളർന്നു കവിട്ടുന്ന വിഷം കലർന്ന ചൂടുനിണം കാളിന്ദിയിൽ വീണു കലരുമ്പോൾ, അകലത്തു നീന്തുന്ന മീൻപററം ചത്തു മലക്കുന്ന കാഴ്ചമാത്രം കണ്ണനെയൊന്നിളക്കിയേക്കാം. പെരും

പത്തിപ്പുറത്തു് ഒററക്കാൽ ചവുട്ടി ഓമനക്കൃഷ്ണൻ ആടു മ്പോൾ, ഇന്നലെവരെ വമ്പത്തം നടിച്ചു മദിച്ചാർത്തിരുന്ന കാളസർപ്പം ഇന്നു തുടുതുടെച്ചിന്തുന്ന ചുടുചോരയുടെ നീര ന്ധ്രധാര കാലിളക്കത്തിൻെറ കമനീയതയെ കൂടക്കൂടെ മറ യ്ക്കുന്നുണ്ടു്. ആ ഭയങ്കര സത്ത്വം താനേ കുനിയുന്ന ഫണം കുനിച്ചു്, "ദാസോസ്മി" പാടി വണങ്ങുമ്പോൾ, കരയ്ക്കുനിന്നു കുഴങ്ങിപ്പോയ കൃഷ്ണൻെറ കൂട്ടർ വായുവിൽ കുതിച്ചു വിജയ ധ്വാനം മുഴക്കുമ്പോൾ, ആകാശത്തുനിന്നും സുവർണ്ണഹസ്ത ങ്ങൾ കണ്ണൻെറ മൌലിയിൽ കല്പകപ്പൂ ചൊരിയുമ്പോൾ, ചെറിയൊരു പുഞ്ചിരി തൂകി കാളിയനെ യാത്രയാക്കുക യാണു ഭഗവാൻ.

## IV

അവിടവിടെയായി നിലാവൊളി പൂശിയ വള്ളിപ്പടർപ്പുകൾ കുളിർകാററു തട്ടി മന്ദമന്ദം ചലിക്കുന്നു. യമുനയിൽ വിരി യുന്ന ആമ്പൽപ്പൂവിൻെറ പരിമളമേററു തീരത്തുള്ള പുൽപ്പു റത്തു നാലഞ്ചു നവസുന്ദരികൾ മുദുഗാനം തുടങ്ങുന്നു. ആ രമ്യരംഗത്തിൻെറ നിശാന്തതയിലൂടെ ഊറിവരുന്ന മുരളനി നാദം കാറൊളിവർണ്ണൻെറ മുരളിയിൽ നിന്നല്ലേ? സാരസ്യ മോലുന്ന ആ പ്രമദാനയനങ്ങൾ ഏകാഗ്രമാകുന്നു. മയിൽ പ്പീലി തിരുകിയ ചുരുൾമുടിക്കെട്ടിൽ മുല്ലമാല ചാർത്തി, വെണ്ണിലാവു വീണു് ഒരുവശം തിളങ്ങുന്ന തിരുമെയ്യിൽ മഞ്ഞത്തുകിലണിഞ്ഞു യൌവനലക്ഷ്മി ആശ്ലേഷിക്കുന്ന ആ ദിവ്യകമനൻ പ്രത്യക്ഷപ്പെടുന്നു. അനന്തരർംഗം അവർണ്ണ നീയമാണു്.

"അംഗനാമംഗനാമന്തരാ മാധവോ
മാധവം മാധവം ചാന്തരേണാംഗനാ".

എന്ന മട്ടിൽ ഒരു നവ്യനൃത്തം നടക്കുന്നു. ദിവ്യഗീതം പൊഴിയുന്നു. യമുനാസമീരനേററു പൊന്നിതൾ വിടരുന്ന കുസുമസമൂഹം തേനുണ്ടു തുള്ളുന്ന കരിവണ്ടിനോടൊത്തു നടനം തുടങ്ങുന്നു. ഇലച്ചിലിൽ വീഴുന്ന പൂനിലാവുപോലും ഇളകിയാടുന്നു. അഹോ! സർവ്വാന്തർലീനമായ പ്രണയം! വിശ്വങ്ങൾ നിലനിർത്തുന്ന ഒരു മഹാശക്തിയുടെ സനാതനമായ വീചീപരമ്പര തിര തല്ലിത്തല്ലി ഭൂസ്വർഗ്ഗഭേദം സാങ്കല്പികമാക്കുന്നു.

## V

ശ്രീകൃഷ്ണഭഗവാൻ കനകസിംഹാസനത്തിൽ എഴുന്നരുളുന്നു. രാജ്യകാര്യപരതന്ത്രരായി പ്രവേശിക്കുന്ന സചിവപ്രവീണരെ ഗാംഭീര്യമൂററ ശിരശ്ചാലനംകൊണ്ടു സ്വീകരിക്കുമ്പോൾ ഇളകിമിന്നുന്ന മകുടത്തിൽ നിന്നും നവരത്നകിരണങ്ങൾ തെളുതെളെ വീശുന്നു. സുരഭികളായ വെൺചാമരങ്ങൾമേൽ തുള്ളിക്കളിക്കുന്ന മന്ദാനിലനേററു പിഞ്ഛനിർമ്മിതമായ സിംഹാസനച്ഛത്രത്തിലെ മണിയലുക്കുകൾ ആടിക്കിലുങ്ങുന്നു. ആ രാജസഭാമണ്ഡപത്തിൻെറ ഉപരിതലത്തിൽ വിചിത്രവർണ്ണം കലന്ന കൃത്രിമമേഘശകലങ്ങൾ നാലുചുററും നീന്തി നടക്കുമ്പോൾ അവയുടെ നടുവിൽ ഇടയ്ക്കിടയ്ക്കു തെല്ലു മറയുന്ന പൂർണ്ണചന്ദ്രപ്രദീപം തെളിഞ്ഞു വിളങ്ങുന്നു. അർദ്ധവൃത്താകൃതിയിലുള്ള ആ മഹാശാലയുടെ കുളിർക്കൽഭിത്തികളിൽനിന്നും തള്ളിനിൽക്കുന്ന സുവർണ്ണക്കമ്പികൾമേൽ നിര

ത്തരനൃത്തം നടത്തുന്ന കൃത്രിമമയൂരങ്ങളുടെ മേചകകാന്തി കാൺക! ഇതാ! ഊർജസ്വിത കാളുന്ന ഗംഭീരനേത്രങ്ങളിൽ നിന്നും പ്രതിഭാപ്രഭ ചിന്നി സാചിവ്യശ്രീ കളിക്കുന്ന വിശാലഫാലതേജസ്സുകൊണ്ടു ജഗന്മോഹനം ചെയ്തു് ഏതോ ഗുരുകാര്യപരിചിന്തനങ്ങൾക്കായി ഉദ്ധവവൃദ്ധൻ സന്നിഹിതനാകുന്നു. ഈ മഹാപ്രഭാവന്മാരുടെ മന്ത്രം ശ്രവിക്കുക ആശാസ്യമല്ല.

## VI

അതിഭയങ്കരമായ ഒരു മഹാസമരത്തിൻെറ സന്നാഹകോലാഹലം കൊണ്ടു കുരുക്ഷേത്രം പ്രക്ഷോഭിച്ചിരിക്കുന്നു.

"ആഹവമതിലതിമോഹികളായ് ചില ദേഹികൾ
വന്നിട്ടകിൽ
മദമടങ്ങി നടുങ്ങി വിരവിനൊടൊടുങ്ങിട്ടും നിയതം"

എന്നാണു ഭടപടഹങ്ങൾ മുഴങ്ങുന്നതു്. അണിനിരന്ന കുരുപാണ്ഡവസേനകളുടെ മദ്ധ്യത്തിൽ ഒരു മഹാരഥൻെറ സാരഥ്യം വഹിച്ചു സന്നദ്ധനായി പ്രത്യക്ഷനാകുന്ന അനിരുദ്ധപരാക്രമൻ സാക്ഷാൽ ബലരാമസഹോദരൻ തന്നെ. ബന്ധുജനദർശനത്തിൽ ഹൃദയമലിഞ്ഞു് ഗതപൌരുഷനായി സ്ഥിതിചെയ്യുന്ന അർജ്ജുനനെ ധർമ്മോപദേശങ്ങൾ കൊണ്ടു കരൾക്കരുത്തേറവുന്ന ഭഗവാൻെറ ചമ്മട്ടിയേന്തിയുള്ള നില ദർശനീയമത്രേ. "ഉലകു സൃഷ്ടിച്ചു ഭരിച്ചു സംഹരിച്ചിളകുന്ന ചില്ലീയുഗളം" തത്ത്വവിമർശനത്തിനൊത്തു ചാഞ്ചാടുന്നു. കയ്യിൽനിന്നൂൻപോയ ഗാണ്ഡീവചാപം നവോന്മേഷമാന്ന ആ സവ്യ

സാചിയുടെ ദീർഘബാഹുവിനെ വീണ്ടും അലങ്കരിക്കുന്നു. അര നിമിഷം മുമ്പു സ്ത്രീതാരല്യം കളിയാടിയ സുന്ദരമുഖം ഒരു രൌദ്രരസസ്ഫുരണംകൊണ്ടു ഭയാനകമാകുന്നു. വീർത്തും തുടിക്കുന്ന ദീർഘനയനങ്ങളുടെ കോണൊന്നു ചുവന്നു കൺമിഴികൾ ഉരുണ്ടു തുടങ്ങുന്നു. "വീരവീരമഹേന്ദ്രസൂനു ജയിപ്പൂതാക" എന്നുള്ള ആർപ്പുവിളികളുടെ കളകളംകൊണ്ടു് അന്തരീക്ഷം നടുങ്ങുന്നു. ഭക്താവതംസമായ ആ മഹാവീരൻ തള്ളിവരുന്ന രൌദ്രത്തെ അടക്കി ആ കായാമ്പൂ തോററ കഴലിണയ്ക്കു കൈകൂപ്പുന്നു.

## VII

തഴച്ചു പടന്ന വടവൃക്ഷച്ചുവട്ടിലെ നീല നിഴൽ പുറത്തു മേഘശ്യാമളനായ ഒരു മഹായോഗി പദ്മാസനം കൊള്ളുന്നു. ആ ദിവ്യമൂർത്തിയിൽനിന്നും പകന്നു പടരുന്ന ഇന്ദ്രനീലച്ഛായ വിസ്തൃത വൃത്തങ്ങളിൽ വ്യാപിച്ചു വ്യാപിച്ചു വിശങ്ങളെല്ലാം വലയം ചെയ്യുന്നു. അഖണ്ഡമായ ഒരു ദീപ്രതേജസ്സിൻെറ ജ്വാലാമാല വീണ്ടും ശരീരമാസകലം പടന്നുകയറി മൂർദ്ധാവിൽനിന്നും പരിനിഃസ്രവിക്കുന്ന സാന്ദ്രജ്യോതിസ്സിനോടു് ഏകീഭവിക്കുന്നു. "പച്ചക്കിളിപ്പവിഴപാൽവർണ്ണമൊത്ത" ആ ദിവ്യദീപ്തി മേല്പോട്ടുയന്നു പരക്കുമ്പോൾ ഈ ലോകമെല്ലാം പാൽക്കടൽ കയറി തിരമാല തല്ലി നവംവെണ്ണ ചിതറുന്നു. ചരാചരകോടികൾ താനേതന്നെ ആ മഹാചൈതന്യത്തിൽ ലയിച്ചെന്നു തോന്നുന്നു. നക്ഷത്രരാശികൾ പാൽക്കു

മിളകളായി നീക്കുഴിയിടുന്നു. ആ കര കാണാത്ത കടലിൽ നിന്നും ഒരു പൂന്തിങ്കൾബിംബം കിളന്നെന്നു തോന്നുന്നു.

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരത!
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹമ്"

എന്ന മഹാമന്ത്രം സ്വയംജാതമായി മന്ദ്രനാദത്തിൽ മാറെറാലിക്കൊള്ളുന്നു.

# ആശാൻെറ കാവ്യശൈലി

ആശയഗതിയിലും ശൈലിയിലും അന്തഃപ്രകൃതിയിലും ആകൃതിയിലും ഇതരഭിന്നവും നൂതനവുമായ ഒരു സുഷമാവിശേഷണമാണ് ആശാൻെറ കാവ്യങ്ങളിൽ നാം കാണുന്നത്. ആ പുതുമ പഴകുംതോറും പുതുമയേറിയ മധുരിമയാൻ നമ്മെ രസിപ്പിക്കുന്നു. അത് സ്വാദനവേളയിൽ പെട്ടെന്ന് ഉയൻ് വീണ്ടും സ്വദിക്കുമ്പോൾ മങ്ങിമറയുന്ന മാധുര്യമല്ല. പ്രതിക്ഷണവികസ്വരമായ ഒരു രുചിരതയാണ്. ഈ കലാവൈഭവം ആശാൻെറ കൃതികളിൽ അനുക്രമമായി പരിപാകം എത്തുന്നതു സൂക്ഷ്മപരിശോധനയിൽ നമുക്കു കാണാൻ കഴിയും.

ആശാൻെറ കാവ്യലക്ഷ്മിയുടെ അന്തഃസൗന്ദര്യത്തെപ്പററി ആക്ഷേപമുള്ള സഹൃദയന്മാർ അധികം ഉണ്ടെന്നു തോന്നുന്നില്ല. എന്നാലും അദ്ദേഹത്തിൻെറ രചനയുടെ വികലതകളെപ്പററി ആരംഭകാലത്ത് അപവദിച്ചവർ വളരെയുണ്ട്. ഇന്നും ആ അപവാദം അശേഷം അസ്തമിച്ചിട്ടുണ്ടെന്നു പറയാൻ വയ്യ. ചില സഹൃദയരുടെ പൗരോഭാഗ്യമോ അതോ കവിവാണികളേയും തരുണികളേയുംപററി ഏതെങ്കിലും വിധത്തിൽ ദുഷ്പ്രവാദം പരത്താനുള്ള പ്രാകൃതവാസനയോ ഈ വ്യവസായത്തിനു ഹേതുവാകണമെന്നില്ല.

ഇന്നലെവരെ കണ്ടതിൽനിന്നും ഭിന്നമായ ഒരു രീതി ഇന്നു കണ്ടെത്തിയാൽ സാധാരണമായി അതിനെ സംശയദൃഷ്ടിയോടും നിരൂപണബുദ്ധിയോടും കൂടി വീക്ഷിക്കുക സഹജമാണല്ലോ.

ആശാൻെറ ആദരാർഹമായ ആദ്യകൃതിയെ—വീണപൂവിനെപ്പററി പ്രതികൂലവിമർശനങ്ങൾ ഏറെ ഉണ്ടായിട്ടില്ല. അതിൻെറ ആകൃതിയും അന്തസ്സാരവും ആകർഷകമായിത്തന്നെ അനുഭവപ്പെട്ടു. പുതുമയാണെങ്കിൽ അതിലും ഉണ്ടായിരുന്നു. ഏതോ ഒരു വ്യതിയാനം അവിടെയും ദൃശ്യമായിരുന്നു. പക്ഷേ, ആ പുതുമ പഴമയിൽ പൊതിഞ്ഞിരുന്നു. ആ വ്യതിയാനം അത്രയ്ക്കു ദൃശ്യമാനമായിരുന്നില്ല.

"ആഹാ! രചിച്ചു ചെറുലൂതകളാശു നിൻെറ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം".

എന്ന രീതിയിൽ പോകുന്ന രചനാവിശേഷത്തെ അതിശയിക്കാൻ ഒരു പ്രാചീനശൈലിയുടെ സൗമ്യഗരിമയ്ക്കും സാധ്യമല്ലല്ലോ. അന്യാപദേശരീതിയിലുള്ള ആശയഗതിയും അപരിചിതമായിരുന്നില്ല. അങ്ങനെ ആ കവിത സാഹിത്യസരസ്സിൽ ചെറുതരയൊന്ന് ഓളം ഇളക്കുകയേ ചെയ്തുള്ളു. ആ കവിതയിലും കാണാമായിരുന്നു പുതിയ ഒരു ശൈലിയുടെ അങ്കുരം.

"സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ സദാ നിശി പാന്ഥപാദം

ബോധിച്ചു രൂക്ഷശിലവാഴ്‌വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം?"

എന്നാ പദ്യത്തിൻെറ ചട്ടക്കൂട്ടിൽ അടിച്ചൊതുക്കിയിരിക്കുന്ന ആശയം ഏതാണ്ടൊന്നു തെരുങ്ങുന്നുണ്ടെന്ന ഒരു പ്രതീതി കേവലം മിഥ്യയാണെന്നു പറഞ്ഞുകൂട.

നളിനിയുടെ ആവിർഭാവമാണു് വിമർശകരെ ഇളക്കിവിട്ടതു്. ആകെക്കൂടി നോക്കിയാൽ ഇത്ര അയത്നസുന്ദരമായ കവിതാശൈലി അന്നുവരെ വളരെ വിരളമായിരുന്നുവെന്നു സമ്മതിക്കണം. എന്നാലും യാഥാസ്ഥിതികന്മാരായ നിരൂപകന്മാരെ ചൊടിപ്പിക്കുവാനെന്നു തോന്നുന്നവിധം കാവ്യാരംഭത്തിൽതന്നെ ചില കടുത്ത പ്രയോഗങ്ങൾ നടത്തി. ആദ്യത്തെ പദ്യത്തിൽ ആംഗലഭാഷയെ അനുകരിച്ചെന്നു തോന്നുംവിധം 'ഏറെയായ്‌ കൊല്ലം' എന്നൊരു ഗർഭവാക്യവും രണ്ടാം പദ്യത്തിൽ ഒരു ദൂരാന്വയവും ഒരു ശബ്ദത്തിൻെറ അംഗവിച്ഛേദവും ഒരുമിച്ചു നിർവ്വഹിച്ചു.

"ഓതി നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും
ദ്യോതമാനമുടൽ നഗ്നമൊട്ടു ശീ-
താതപാദികളവൻ ജയിച്ചതും"

ഈ സാഹസം കണ്ടു് അടങ്ങിയിരിക്കാൻ ഒക്കുകില്ലെന്നു നിരൂപകന്മാർ ശഠിച്ചു. തൻെറ ഉച്ഛൃംഖലതയിലേയ്ക്കു് ആളുകളെ ഹഠാദ് ആകർഷിക്കാനുള്ള പ്രയോഗമായിരുന്നില്ലേ ഇതെന്നുപോലും സംശയിച്ചുപോകാം.

"ഭൂരിജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ
ദൂരദർശനകൃശങ്ങൾ കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ"

"ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം"

എന്നീമട്ടിൽ അകൃത്രിമകോമളമായ കവിതാശൈലി സ്വായത്തമാക്കിയിരുന്ന ആ കവിവര്യൻെറ കലാസിദ്ധിയുടെ ആദിമുകുളങ്ങൾ ആണല്ലോ നാം ഇവിടെ കാണുന്നതു്.

ഇതേ ശൈലിയുടെ അസുലഭമായ സുരഭിലത തന്നെ യാണു് 'ലീല'യിലും ആസ്വാദ്യമാകുന്നതു്.

"ഭിദുരമഹഹ പൂർവ്വവിസ്മൃതിക്കീ-
മൃദുതരവായുതരംഗരംഗലോലം
ഹൃതഹൃദയമഹോ വരുന്നു തോഴീ
ഹിതകരമീവഴി ഹേമപുഷ്പഗന്ധം"

എന്ന പദ്യത്തിലെ രചനാസൗകുമാര്യം നോക്കുക.

ഈ ആദ്യകാലകൃതികളിൽ എല്ലാം സർവ്വാംഗീണമായ ഒരു സംസ്കൃതസംസർഗ്ഗവാസന തെളിഞ്ഞു വിളങ്ങുന്നതു കാണാം. സംസ്കൃതപദഘടനയിലും സംസ്കൃതവൃത്തസ്വീ കാരത്തിലും പ്രകടമായ അഭിരുചി ഇവിടെ പ്രത്യക്ഷമാകു

ന്നുണ്ട്. ലീലയിൽ ഒടുവിൽ എത്തുമ്പോഴേയ്ക്കും മെല്ലെ മെല്ലെ മലയാളത്തിൻെറ മനോജ്ഞതയ്ക്കു കവിഹൃദയം വശംവദമാകുന്നതു കാണുവാൻ കഴിയും.

"കുയിലിണയിലലിംഗംഗൂ പാടിടുന്നു
മയിലിത തൻ പിടയോടുമാടിടുന്നു
പ്രിയനെയനുനയിച്ചിടുന്നു സിംഹം
പ്രിയതമ, നീയണയാഞ്ഞു ഞാൻ വലഞ്ഞു"

എന്നും,

"ഉടൽ വിളറി മുഷിഞ്ഞ വസ്ത്രലേശം
തടവുമവൻ ബഹുദൂരലക്ഷ്യനായി,
ഉടനെ വലിയ കാട്ടിൽ വന്മഴക്കാ-
റിടയിലിളംപിറപോലെ ലീനനായി"

എന്നും തുടർന്നുപോകുന്ന രീതി മലയാളപദങ്ങളുടെ മനോഹാരിതയിൽ കവി ക്രമേണ ലീനനാകുന്നുവെന്നു തെളിയിക്കുന്നു.

സംസ്കൃതവൃത്തം വിട്ടു ദ്രാവിഡ വൃത്തത്തിലേയ്ക്കുള്ള സംക്രമണം തുടങ്ങുന്നതാണ് അടുത്ത ഘട്ടം. ആ നവരംഗത്തിൻെറ നാന്ദിയാണു ശ്രീ ബുദ്ധചരിതം കിളിപ്പാട്ട്.

"മാവിൻതോട്ടത്തിലൊന്നിൽനിന്നു മററൊന്നിൽ മോദം
താവുന്ന മഞ്ഞക്കിളി പറന്നു മിന്നൽപോലെ;
ചെമ്പുകൊട്ടിപോൽ പച്ചപ്പടർപ്പാമുല പററി
ചെമ്പോത്തു വാണു ശബ്ദം മുഴക്കി മടിയെന്ന്യേ;
പറന്നിതീച്ച തിന്നും പക്ഷികൾ നീലച്ചോപ്പു
നിറം പൂണ്ടെഴും പൂമ്പാററകളെയോടിച്ചെങ്ങും

തറയിൽ വിരണ്ടോടിയണ്ണാർക്കണ്ണന്മാർ; തീററി
ചിറകു വിതിത്താഞ്ഞു പെറുക്കി മൈനാക്കിളി;
കുരുവിക്കൂട്ടം ചിലച്ചിരുന്നു മുൾച്ചെടിമേൽ
കരുതീക്കുളത്തിന്മേൽ പറന്നു മീൻകൊത്തികൾ
നടന്നു പൊത്തുകളോടാഞ്ഞാഞ്ഞു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുററിത്തിരിഞ്ഞു പരുന്തുകൾ"

എന്നിങ്ങനെയുള്ള വണ്ണനയിൽ മോദം, ശബ്ദം, പക്ഷി നീലം എന്നു നാലു സംസ്കൃതശബ്ദങ്ങളേ പ്രയോഗിച്ചിട്ടുള്ളു എന്ന് ഓക്കുമ്പോൾ എന്തൊരു പരിവത്തനമാണ് ആശാൻെറ ശൈലിയിൽ വന്നുകൂടിയതെന്നു സ്പഷ്ടമാകും. പക്ഷേ, ഇതു മനഃപൂവ്വവും കൃത്രിമവുമായ ഒരു പച്ച മലയാളപ്രേമംകൊണ്ടു കാട്ടുന്ന ഗോഷ്ഠിയല്ലെന്നും തീർച്ചയാണ്.

സ്വാഭാവികവും സരസവുമായ ഒരു മലയാള ശൈലിയിലേയ്ക്കുള്ള മന്ദയാനമാണ് ഇവിടെ കാണുന്നതു്.

അന്തർലീനവും അശാന്തവുമായ സാംസ്കൃതവാസന ആശാൻെറ അന്തരംഗത്തിൽ വീണ്ടും തല ഉയത്തുന്നതു കാണാം. പ്രരോദനത്തിൽ വീണ്ടും ഉത്തുംഗമായ ആശയഗതിക്ക് അനുകൂലമെന്നപോലെ ഉദാത്തമായ ശാർദൂലവിക്രീഡിതവും ഉദാത്തമായ ശബ്ദരചനയും പ്രൗഢമായി പ്രകാശിക്കുന്നു.

"ഊഹാഭ്യാസനിശാതചാരുധിഷണേ-
യുന്മേഷസമ്മൃഷ്ടസം-
മോഹാന്ധ്യപ്രതിഭേ, മുഹുർവ്യുതകലാ-
പ്രസ്താരയാം ധാരണേ."

എന്നുള്ള രണ്ടു വരികളിൽ 'ആം' എന്ന് ഒരു മലയാളപദമേ കടന്നുകൂടുന്നുള്ളു. അത്രയ്ക്കു വീണ്ടും ആശാനെ ബാധിക്കുന്നുണ്ട് സംസ്കൃതത്തിന്റെ വശീകരണവൈഭവം.

"സ്ഥൂലദ്രാവിഡമട്ടുവിട്ടു നിയമ-
സ്വച്ഛാംഗിയായോമന-
ക്കോലം 'സംസ്കൃത'മോടിയാൽ വികൃതമാ-
ക്കീടാതെ ചേതോഹരി,"

എന്ന് ആ കാവ്യത്തിൽ ആശാൻതന്നെ വർണ്ണിക്കുന്ന കൈരളിയുടെ രൂപം സംസ്കൃതമോടികൊണ്ടു—വികൃതമാക്കീടാതെ—പരിഷ്കൃതമാക്കി ചേതോഹരമാക്കിയിട്ടുണ്ട്.

വികാരങ്ങളെ—മൃദുലങ്ങളോ തീവ്രങ്ങളോ ആയ മാനസികഭാവങ്ങളെ—മലയാളിയുടെ ഹൃദയത്തിൽ ചുഴിഞ്ഞിറങ്ങും വിധം ആവിഷ്കരിക്കാൻ മലയാളവാക്കുകൾക്കുള്ള കഴിവു മറെറാരു ഭാഷയിലെ വാക്കുകൾക്കും ഉണ്ടാകുകയില്ലല്ലോ. അഗാധങ്ങളോ അത്യുന്നതങ്ങളോ ആയ ചിന്തകളെ പ്രകാശിപ്പിക്കാൻ ചിരാർജ്ജിതമായ ഒരു ശക്തിവിശേഷം സംസ്കൃതപദങ്ങൾക്ക് ഉണ്ട്. ഓരോരോ ഉദ്ദേശ്യത്തിനും പ്രയോജനത്തിനും അനുരൂപമായവിധം വശ്യവചസ്സുകളായ കവികളുടെ കൃതികളിൽ

"പരവയിൽ തിരകൾനേരുടനുടൻ
തേനെലാവിന പദങ്ങൾ വന്നു തിങ്ങി നിയതം"

നിലകൊള്ളുകയാണ്.

പദങ്ങൾ എല്ലാം—സംസ്കൃതവും മലയാളവും—യഥോചിതം വന്നു നിരന്നുകൊള്ളും. അങ്ങനെയുള്ള ഒരു സമരഞ്ജനസ്വാരസ്യം—അകൃത്രിമരമണീയമായ പദവിന്യാസരസികത—'ചിന്താവിഷ്ടയായ സീത'യുടെ ഉൽകർഷത്തിനു മാററു കൂട്ടുന്നുണ്ട്. ഉള്ളിൽ ഒതുക്കിയാൽ ഒതുങ്ങാത്ത ആശയങ്ങളുടെ നിറവുകൊണ്ട് ഞെരിയുന്ന വാക്കുകൾ ആ ദുർവഹമായ ഭാരം അയത്നമായെന്നോണം വഹിച്ചുള്ള ശീലംകൊണ്ട് താരതമ്യേന അനായാസത പ്രദർശിപ്പിച്ച് അണിനിരക്കുന്നതു് ആകൃതിയിൽ എവിടെയും കാണാം.

"പൂരികം പുഴപോൽ പിടഞ്ഞകം—
ഞെരിയും തൻതല താങ്ങി കൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനെ സ്മരിപ്പു ഞാൻ."

എന്നു വർണ്ണിതമായ ലക്ഷ്മണൻെറ സ്ഥിതിതന്നെയാണ് സാമാന്യേന 'സീത'യിലെ കാവ്യശൈലിയുടേതും.

നളിനങ്ങളറുത്തു നീന്തിയും
കുളിരേലും കയമാന്നു മുങ്ങിയും
പുളിനങ്ങളിലെന്നൊടോടിയും
കളിയാടും പ്രിയനന്നു കുട്ടിപോൽ"

എന്ന രീതിയിലുള്ള രചന കാണുമ്പോൾ എത്ര കണ്ടു് ആശാനെ അടിവണങ്ങിയാണ് കവിതാദേവി കഴിയുന്നതെന്നു ബോധ്യമാകും. ഈ കൃതിയിലും സംസ്കൃതത്തിൻെറ നിസർഗ്ഗസുഭഗത ആശാനെ ആകർഷിക്കുന്നതു കാണാം.

"സുസിതാംബരനായി, വൃദ്ധനായ്,
ബിസിനീതന്തു മരീചികേശനായ്,
ലസിതസ്മിതനായ ചന്ദ്രികാ-
ഭസിതസ്നാത, മൃഗാങ്ക, കൈതൊഴാം

എന്ന മനോഹരപദ്യത്തിൽ എത്രയുണ്ടു മലയാളപദം?

'സീത'യിലെപ്പോലെ ഇത്ര ആശയനിർഭരവും ആപാതരമണീയവുമായ ശൈലി മലയാളത്തിൽ മറെറാരു കവിതയിലും കാണുന്നില്ലെന്നു സഹൃദയന്മാർ സമ്മതിക്കും.

സംസ്കൃതവൃത്തത്തോടുള്ള വേഴ്ച സീതയിൽ ചരിതാൎത്ഥമായി പരിണമിക്കുന്നുണ്ടു്. അനന്തരകൃതികളിൽ ദ്രാവിഡവൃത്തങ്ങളേ പ്രയുക്തങ്ങളാകുന്നുള്ളു. പക്ഷേ അവ ആശാൻെറ മൂഷയിൽ നവസുഷമ പ്രാപിച്ച പ്രാചീനവൃത്തങ്ങളാണു്. ദുരവസ്ഥയിൽ നമുക്കു ആസ്വാദ്യമാകുന്നതു് ചെറുശ്ശേരിയുടെ തേച്ചുമിനുക്കിയ കൃഷ്ണഗാഥാവൃത്തമല്ല. സ്വതന്ത്രനും ഉച്ഛൃംഖലനുമായ ഒരു കവിയുടെ നിയന്ത്രണോല്ലംഘിയായ വികാരത്തിൻെറ ഛന്ദഃസ്വരൂപമാണു്. മുമ്മൂന്നു വർണ്ണമായി മുറയ്ക്കു മിക്കവാറും മറിയുന്ന ഗാഥയുടെ സാധാരണ ഗതിയല്ല ദുരവസ്ഥയിൽ.

"ഒട്ടു കിഴക്കായോരില്ലിക്കൂട്ടം തെന്നൽ
തട്ടി വടക്കോട്ടു ചാഞ്ഞുനിൽപ്പൂ."

എന്നു ഗദ്യസഹജമായ ആർജവത്തോടുകൂടി ആ കവിത പ്രവഹിക്കുന്നു. പദരഞ്ജനത്തിൽ പ്രത്യേകമായ ഒരു ദൃഷ്ടി കവി പ്രകടിപ്പിക്കുന്നില്ല. മിനുക്കുപണികൾക്കു കാത്തുനിൽക്കാതെ

കുതിച്ചു പായുകയാണു്. ആ സംരംഭത്തിന്റെ താളത്തിനു തുള്ളിക്കൊള്ളണം കാവ്യകല. അത്രയ്ക്കു് ആത്മപ്രത്യയം ആശാനിൽ അവിർഭവിച്ചിട്ടുണ്ടു്.

'ചണ്ഡാലഭിക്ഷുകി'യിൽ എത്തുമ്പോഴേയ്ക്കും വീണ്ടും ഈ ആരംഭസംരംഭം ശാന്തമാകുന്നുണ്ടു്. പരിചരണപരിചിതയായ പ്രണയിനിയെപ്പോലെ കാവ്യകല വശംവദയായിത്തീരുന്നു. ശാന്തസുന്ദരമായ ഉഷസ്സിന്റെ സുഷമ ആ ശൈലിയിൽ പ്രത്യക്ഷമാകുന്നു.

"പുറവേലിതൻ പടർപ്പിന്മേലപ്പോൾ
ചെറുവണ്ണാത്തിപ്പുള്ളുണർന്നു പാടി
തളിർവിടരുന്നുള്ള മരം തലോടി-
ക്കുളിർവായുവൂതി കിഴക്കുനിന്നും
പ്രവിരളതാരയാം പൂർവദിക്കിൻ-
കവിളും വിളറിത്തുടങ്ങിമെല്ലെ."

പരിപക്വമായ കാവ്യകലാകൗശലം പരമകോടിയിൽ എത്തിനിൽക്കുന്നതു കരുണയിൽ കാണാം. കാവ്യദേവതയുടെ കാൽചിലമ്പു കിലുങ്ങുന്ന കളകളം കരുണയിൽ കേൾക്കാം. രസാനുഗുണമായ ശബ്ദഘടനയുടെ മാധുര്യം നുകരാം. ആ സർവാംഗീണമായ സൗന്ദര്യത്തിന്റെ ഉള്ളിൽ അടികാണാത്ത അഗാധത അനുഭവപ്പെടും.

"പരം പിന്നെയുഴന്നെങ്ങും മിഴികളൊന്നുഴിഞ്ഞങ്ങാ—
ത്തറയിലവൾ ജീവിച്ച ശുദ്ധി തേടീടും

ക്ഷണത്തിൽ ചെന്നു തെരുങ്ങി പ്രപഞ്ചം

നിന്നഹോ ഹിമ–

കണ്ഠത്തിൽ ബിംബിച്ചു കാണും കാനനംപോലെ."

എന്നു പോകുന്ന വരികൾ ആധ്യാത്മികമായ അനുഭൂതിയിൽ വിളഞ്ഞു വികസിച്ച കലാകുശലതയ്ക്കേ വിരചിക്കുവാൻ കഴിയൂ.

ഉദ്ദീപ്തമായ അന്തഃസൗന്ദര്യത്തിനു ചേർന്ന അകൃത്രിമമായ ബാഹ്യശോഭ ഇത്രത്തോളം ഒത്തിണങ്ങിയ കവിതകൾ മലയാളഭാഷയിൽ വിരളമാണ്. പക്ഷേ,

"യഥാ യൂനാം തദ്വത് പരമരമണീയാപി തരുണീ

കുമാരാണാമന്തഃകരണഹരണം നൈവ കുരുതേ."

# എങ്ങോട്ട്?

**ലോകം** ഇന്ന് ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിയിരിക്കയാണെന്ന നാം പറയാറുണ്ട്; കേൾക്കാറുണ്ട്. അതു സത്യമാണോ? എന്നാൽ ഇനി എങ്ങോട്ടാണു പോക്കു്, എങ്ങോട്ടുപോകണം എന്നെല്ലാം ഒന്നു നിന്നു് ആലോചിക്കേണ്ടതുണ്ടെന്ന തോന്നുന്നു.

ഏതു രംഗത്തുനോക്കിയാലും ഇന്നത്തെ മട്ട് ഇന്നലെത്തേതിൽനിന്നു് ഒന്നു മാറിയിട്ടുണ്ടെന്നു തോന്നുന്നു. വ്യക്തികളുടേയും സമൂഹങ്ങളുടേയും നോട്ടത്തിൻെറ മട്ടുതന്നെ ഒന്നു മാറിയിട്ടുണ്ടു്. അവരുടെ വീക്ഷണഗതി, ചിന്താഗതി, ജീവിതഗതി എല്ലാംതന്നെ മാറിയിട്ടില്ലേ? ഇന്നത്തെ യുവാവിൻെറ മനോഗതിയിൽനിന്നും ഭിന്നമായിരുന്നു ഒരു് ഇരുപത്തഞ്ചു വർഷം മുമ്പുള്ള യുവാവിൻെറ മനോഭാവമെന്നു തോന്നുന്നു. മൗലികമായ ഒരു വ്യതിയാനമാണോ ഇതു്; അതോ വെറും ക്ഷണികവും താൽകാലികവുമോ? പല അംശത്തിലും മൗലികമാണെന്നു തോന്നുന്നുണ്ടു്. അല്ല, വഴിപിഴച്ചതാണെന്നു പോലും പഴമക്കാർക്കു തോന്നുന്നുണ്ടു്. പക്ഷേ, ആശാസ്യവും അഭികാമ്യവുമായ ഒരു വ്യതിയാനമാണ് പുരോഗതിയാണു് അവരുടെ ലക്ഷ്യമെന്നു യുവജനങ്ങൾ വിശ്വസിക്കുന്നു.

ഏതായാലും മാററമുണ്ട്. മാറാതെ ഒരു നിമിഷം നിന്ന നിലയ്ക്കു നിൽക്കുക ഈ ലോകത്തിന്റെ സാദ്ധ്യമല്ല. ഈ ഭൂമിയോ സൂര്യചന്ദ്രന്മാരോ കാൽക്ഷണം അചഞ്ചലമായി നിൽക്കുന്നുണ്ടോ? ഈ ഭൂമിയിലുള്ള കൃമികൾപോലും ഏതു നിമിഷവും ഇഴഞ്ഞുനീങ്ങി ഇളകിക്കൊണ്ടിരിക്കയല്ലേ? ചരാചരങ്ങളെന്നു പറയുന്നവയെല്ലാം വാസ്തവത്തിൽ ചരങ്ങളാണ്. ചിലപ്പോൾ ആ ചലനത്തിന്റെ വേഗം ഒട്ടു വദ്ധിക്കും, ചിലപ്പോൾ ഒട്ടു കുറയും. അത്രേയുള്ളു.

യുഗങ്ങളെപ്പററി സങ്കല്പിച്ച പ്രാചീനഭാരതീയർ ഓരോ യുഗത്തിന്റെയും അന്ത്യത്തിൽ ലോകവിനാശകമായ ഒരു മഹാസമരമോ പ്രളയമോ ഒക്കെ ഉണ്ടാകുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഘട്ടങ്ങളാണു പ്രതിസന്ധികൾ. അങ്ങനെയാണെങ്കിൽ, ഇക്കഴിഞ്ഞ നാൽപതു വർഷത്തിനിടയിൽ രണ്ടു ലോകമഹായുദ്ധങ്ങൾ ഉണ്ടായിക്കഴിഞ്ഞു—ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിരിക്കാൻ ഇടയില്ലാത്ത വിപുലതയിൽ, ലോകവ്യാപകമായ തോതിൽ. ഓരോ സമരവും കഴിഞ്ഞുള്ള ഭൂമണ്ഡലത്തിന്റെ മുഖം ഭാവമെല്ലാം ഏറെ മാറിയാണു കണ്ടതു്. അന്നുവരെ സ്ഥിരമെന്നും ശാശ്വതമെന്നും ആദരണീയമെന്നും ജനസമുദായങ്ങൾ കരുതിയിരുന്ന പലതും ഇടിഞ്ഞുവീണു തകൎന്നുപോയി. എത്രയെത്ര രാജകിരീടങ്ങൾ തകൎന്നു! അഭിഷിക്തങ്ങളായ ശിരസ്സുകൾ രക്താഭിഷിക്തങ്ങളായി മൺമറഞ്ഞു. രാജ്യസീമകൾ മാറിമറിഞ്ഞു. അന്നുവരെ ജനലക്ഷങ്ങൾ ആശ്ലേഷിച്ചിരുന്ന ആശയങ്ങളും ആദൎശങ്ങളും പലതും പശ്ചിമചക്രവാളത്തിൽ അസ്തമിച്ചു. വ്യഷ്ടിയുടേയും സമഷ്ടിയുടേയും ജീവിതസമീപനരീതിതന്നെ മാറി.

ഇനി അതിനെ പിറകോട്ടു പിടിച്ചുമാററാൻ ആരെങ്കിലും യത്നിച്ചാൽ അതിന്ന് അത്ഥമുണ്ടോ, ഫലമുണ്ടോ ?

അത്ര വലിയ മാററമാണോ? എവിടെല്ലാമാണ് ആ മാററം ? പറഞ്ഞില്ലേ ? വ്യക്തിയുടെ സ്വഭാവഗതിക്കുതന്നെ. അവനും അവൻെറ കുടുംബവുമായുള്ള ബന്ധത്തിന്. അവൻെറ സദാചാരബോധത്തിന്. അവൻെറ ചിന്താ പദ്ധതിക്ക്. അവൻെറ ആചാരവിശ്വാസങ്ങൾക്ക്. സമു ദായത്തോടും രാഷ്ട്രത്തോടുമുള്ള അവൻെറ കെട്ടുപാ ടിന്ന്. എല്ലാററിലും ഒരു വ്യതിയാനമുണ്ട്, ഒരു വിപ്ലവ ബുദ്ധി.

അത്രയ്ക്കുണ്ടെന്നു നിങ്ങൾ കരുതിയില്ലായിരിക്കാം. ഉണ്ട്. മാതാപിതാക്കൾക്കു വിധേയരായി അനുസരണമുള്ളവരായി കുട്ടികൾ വളരണം, ജീവിക്കണം എന്ന് നാം ഏറിയകൂറും വിശ്വസിക്കുന്ന വസ്തുതയുണ്ടല്ലോ. അതിനെയും ചോദ്യം ചെയ്യുന്നില്ലേ ഇന്നത്തെ യുവജനങ്ങൾ? അവരുടെ സമ്പൂണ്ണ മായ സ്വാതന്ത്ര്യത്തിനു കോട്ടം തട്ടിക്കുന്ന ഒന്നിനേയും ആദ രിക്കാൻ അവക്കു ഭാവമില്ലെന്ന് അവർ പറയും. അവരുടെ കായികങ്ങളും മാനസികങ്ങളുമായ ശക്തികളുടെ അനിയന്ത്രി തമായ വികസനമാണ് അവരുടെ ലക്ഷ്യമെന്ന് അവർ പറയും. സിഗ്മുണ്ട് ഫ്രോയിഡ് മുതലായ മനഃശാസ്ത്രജ്ഞ ന്മാരുടേയും കാറൽമാർക്സ് തുടങ്ങിയ ധനശാസ്ത്രജ്ഞന്മാരു ടേയും സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ജീവിക്കാനാണ് അവരുടെ യത്നമെന്ന് അവർ പറയും. ശാസ്ത്രീയമായി

ചിന്തിക്കാനും ശാസ്ത്രീയമായി ജീവിക്കാനും ശ്രമിച്ചുകൂടേ അവക്ക്? നിങ്ങളുടെ പഴയ മതം, നിങ്ങളുടെ ഈശ്വരൻ, നിങ്ങളുടെ തത്വസിദ്ധാന്തങ്ങൾ ഇവയെല്ലാം പുതിയ വെളിച്ചത്തിൽ പരിശോധിക്കാൻ ഒരുങ്ങുകയല്ലേ അവർ ? നിങ്ങളുടെ സാമുദായികമായ നീതിബോധം തന്നെ സങ്കുചിതമാണെന്ന് നിങ്ങൾ അറിയാത്തതല്ലേ? എന്നെന്നും പുരുഷൻെറ ഇച്ഛയ്ക്കും ആജ്ഞയ്ക്കും വിധേയയാണു സ്ത്രീയെന്ന ആ പഴയ അഭിപ്രായം ഇനിയും വിലപ്പോകുമോ ? അവൾക്കും ഇല്ലേ ഒരു് അന്തസ്സത്ത—പൂർണ്ണമായ സ്വാതന്ത്ര്യവും വികാസവും അഭിലഷിക്കുന്ന ഒരു ചോദനാവിശേഷം ? ധനമോഹികളും അധികാരദാഹികളുമായ ഒരു ന്യൂനപക്ഷത്തിൻെറ കാൽചുവട്ടിൽ അമൻകഴിയണോ ഉദ്ബുദ്ധവും പുരോഗാമിയുമായ ഒരു ഭൂരിപക്ഷം ? യുക്തിയുക്തങ്ങളായ പ്രശ്നങ്ങളാണു് ഇവ അധികവും. ആ പ്രശ്നങ്ങളെ സൗഹൃദപൂർവ്വം സമീപിക്കേണ്ടതുണ്ടു്. ഉയൻവരുന്ന തലമുറയുടെ ഉചിതമായ അഭ്യുദയവാഞ്ഛയുടെ മുമ്പിൽ വിലങ്ങുതടിയാകരുതെന്നു നാം കരുതേണ്ടതല്ലേ ?

എന്നാലും ഇന്നോളം നാം ആർജ്ജിച്ച അനുഭവസമ്പത്തുകൊണ്ടും ലോകവിജ്ഞാനംകൊണ്ടും നമുക്കുമുണ്ടു് ചില ചുമതലകൾ, നമ്മോടും ഭാവിതലമുറകളോടും. ശാസ്ത്രീയമെന്നു പറയുന്ന ഈ പുതിയ പദ്ധതിയിൽ മനഃശാസ്ത്രവും ധനശാസ്ത്രവും മാത്രമേ ഉൾപ്പെടുകയുള്ളോ എന്നും ചിന്തിക്കേണ്ടതുണ്ടു്. അധ്യാത്മശാസ്ത്രത്തിലേയ്ക്കു ചെന്നു ചാടണമെന്നു നിർബന്ധിക്കാതെ കഴിക്കാം. ആധുനികഭൗതികശാസ്ത്രമായ ഊർജ്ജതന്ത്രം (Physics) മുതലായവ നമുക്കു നൽകുന്ന പാഠ

ങ്ങൾ അവഗണിക്കാമോ ? അവയുടെ സിദ്ധാന്തങ്ങൾ നാം സ്വീകരിച്ചാൽ അദ്ധ്യാത്മശാസ്ത്രത്തിൽ ചെന്നു ചേൎന്നുപോകുന്നു. കേവലം അചേതനങ്ങളെന്നു തോന്നുന്ന ഭൂതദ്രവ്യങ്ങളെ വിശകലനം ചെയ്തു പോകുന്ന ശാസ്ത്രജ്ഞൻ ഒടുവിൽ ചെൻചേരുന്നതു എന്തിലാണെന്നു അറിഞ്ഞില്ലേ ? സൎവ്വചരാചരാന്തർയാമിയായി, സൎവ്വനിയന്താവായി, സ്വേച്ഛാമാത്രം കൊണ്ടു സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിൎവ്വഹിക്കുന്ന ഒരു മഹാചൈതന്യത്തിലാണു്. അചേതനത്തിൻെറ ആദിഹേതു അന്വേഷിച്ചുപോയവൻ അന്ത്യത്തിൽ ചെന്നുനില്ക്കുന്നതു പരമചൈതന്യത്തിലാണു്. സർ ജേംസ് ജീൻസ് (Sir James Jeans) എഡ്ഡിംഗ്ററൺ (Eddington) മുതലായ മഹാചിന്തകന്മാരായ ശാസ്ത്രജ്ഞന്മാരുടെ നിഗമനം അതാണു്. അങ്ങനെയാണെങ്കിൽ, പുരാതനരായ ഭാരതീയ തത്ത്വചിന്തകന്മാരുടെ ചില സങ്കല്പങ്ങളോടു് നാം എന്തിനു കയക്കുന്നു? നിരപരാധനായ ഒരു് ഈശ്വരൻകൂടെ പുതിയ തത്ത്വസംഹിതയിലും കിടന്നോട്ടെ. പക്ഷേ, മഹത്തായ ആ സങ്കൽപത്തെ പല മട്ടിൽ വ്യാഖ്യാനിച്ചു്, ഓരോ വ്യാഖ്യാനത്തിനു ചുറവും പക്ഷം ചേൎന്നു കൂട്ടം കൂടി, അതിൻെറ പേരിൽ മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്നതും, അന്യോന്യം അമർഷവും വിദ്വേഷവും പ്രദർശിപ്പിക്കുന്നതും തീർച്ചയായും ആശാസ്യമല്ല. ജന്തുപ്രകൃതിയിൽനിന്നും ഉയൎന്ന മനുഷ്യൻെറ ചിന്താലതികയിൽ ഉദിച്ചുയൎന്ന മധുരവും രുചിരവും സുരഭിലവുമായ കുസുമമാണു് ഈശ്വരസങ്കല്പം. ആ സൂനത്തിൻെറ സൗരഭ്യം വിഷവാതമായി മാററാനും മനുഷ്യനു കഴിയും. അതു് അരുതു്. ആ കൽപലത തളിൎത്തു പൂത്തു നിന്നലഞ്ഞു ജീവിതത്തിൽ ഒരു നന്ദനവനകാന്തി വീശട്ടേ.

നമ്മുടെ ശക്തികളും സാദ്ധ്യതകളും സ്വാതന്ത്ര്യമായി വികസിച്ചു് അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലേയ്ക്കു ജീവിതം പുരോഗമിക്കുമാറു് പ്രവർത്തിക്കുവാൻ നമുക്കു കടമയുണ്ടു്. അത്‌ലാന്തികസമുദ്രത്തിന്റെ അടിത്തട്ടുവരെ മുങ്ങിയും കൈലാസശൃംഗത്തിനും മീതേ നക്ഷത്രമണ്ഡലംവരെ പൊങ്ങിയും വിശ്വരഹസ്യം ആരായാൻ നമുക്കു അഭിലാഷമുണ്ടു്, കഴിവുണ്ടു്. എതിരിട്ടുവരുന്ന ദുഃഖങ്ങളും ദുരിതങ്ങളും അകററി ലോകത്തിലെങ്ങും സുഖവും സംതൃപ്തിയും വിതറാൻ നമുക്കു് അവകാശമുണ്ടു്. അപ്രതിഹതങ്ങളായ നമ്മുടെ പ്രവർത്തനങ്ങൾകൊണ്ടു ജീവിതം ഇന്നത്തെക്കാളും ജീവിതവ്യമാക്കാനുള്ള കടമ നമുക്കുണ്ടു്. അതിനു സ്വീകരിക്കുന്ന മാർഗ്ഗത്തെപ്പററിയേ അഭിപ്രായഭേദമുള്ളു. ആ സ്വർഗ്ഗസമ്പ്രാപ്തിക്കു പ്രധാനമായി രണ്ടു മാർഗ്ഗമുണ്ടു്. ഒന്നു കാപാലികമാർഗ്ഗം—മററതു വൈഷ്ണവമാർഗ്ഗം. സമസൃഷ്ടികളുടെ നിഗ്രഹത്തിലും നരമേധത്തിലും കൂടിയാണോ ആ സ്വർഗ്ഗം തേടേണ്ടതു്, അതോ പ്രേമത്തിലും സൗഹൃദത്തിലും കൂടിയോ? കാപാലികമാർഗ്ഗം ക്ഷിപ്രഫലപ്രദമാണെന്നു പറയാറുണ്ടു്. വൈഷ്ണവമാർഗ്ഗം ദീർഘതരവുമാണു്. എന്നാലും സംസ്കാരവും വിവേകവുമുള്ളവർ ദീർഘമെങ്കിലും സുഗമതരമായ വൈഷ്ണവമാർഗ്ഗമാണു സ്വീകരിക്കുക. രക്തം വിതച്ചാൽ ഒടുവിൽ കൊയ്യുന്നതും രക്തമായിരിക്കുമെന്നു് അനുഭവം അഭ്യസിപ്പിക്കുന്ന പാഠമാണു്. ഒരു തരം ബൂമെറാങ്ങാണു്—എയ്യുന്നവനിൽ തിരിച്ചുവന്നുകൊള്ളുന്ന മാരകായുധമാണു കാപാലികന്റേതു്. അവൻ ആവാഹിച്ചു വിടുന്ന കൃത്തിക ശത്രുവിനെ സംഹരിച്ചു ക്രോധം ശമിക്കാതെ, തിരിഞ്ഞു പാഞ്ഞു് അവനെത്തന്നെ ഗ്രസിക്കും. ഈ വിചിത്രഗതി

നാം പലവട്ടം കണ്ടു ഞെട്ടിയിട്ടുണ്ട്. അസമീക്ഷ്യകാരികളായ ചില പാശ്ചാത്യചിന്തകന്മാർ പ്രാകൃതവും ഹിംസ്രവുമായ ഈ മാർഗ്ഗം ഉപദേശിക്കുന്നു. ബുദ്ധനും ക്രിസ്തുവും ഗാന്ധിയും ഉപദേശിച്ചതു് പ്രേമസുഗമമായ മറേറ വിശാലമാർഗ്ഗമാണു്. സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന ഭാരതീയ സംസ്കാരത്തിനും ലോകത്തിൻെറ ക്ഷേമത്തിനും ശാന്തിക്കും അഭ്യുദയത്തിനുംവേണ്ടി നമുക്കു വരേണ്യമായ ആ സ്നേഹസരണിയെ അനുസരിക്കാം—സർവ്വാശാസ്യമായ ആ ലക്ഷ്യത്തിലേയ്ക്കു പുരോഗമിക്കാം.

# ഞാൻ കൈയ് ക്രൂപ്പുന്നു

**വെ**ണ്ണിലാവൊഴിച്ചു കലുക്കിക്കലക്കിയ തിരമാല ഒടിഞ്ഞു മറിഞ്ഞു പതഞ്ഞു വെൺമണൽമീതേ പാഞ്ഞു് അടുത്തുവന്നു തിരിഞ്ഞുപോയി. അതു നോക്കി അകം കുളിൎത്തു ഞാൻ അവിടെ ഇരിക്കുകയാണു്. നീണ്ടു പരന്നു കിടക്കുന്ന ആ കടൽപ്പുറത്തു ഞാൻ ഒരു മനുഷ്യജീവി മാത്രമേ അന്നു തങ്ങിയുള്ളു. പക്ഷേ എനിക്കു കൂട്ടിനു് ഒരു കുറവില്ലായിരുന്നു. ആയിരമായിരം കൊച്ചുപ്രാണികൾ ആ മണലിലുള്ള കുഴികളിൽനിന്നും വെളിയിൽ ചാടി ആ തിരവെള്ളത്തിൽ മുക്കളയിട്ടു് ഒളിക്കുന്നതും കളിക്കുന്നതും കാണാം. കാണാതെ തന്നെ കോടിക്കണക്കിനു ജലജന്തുക്കൾ ആ കടൽവെള്ളത്തിൽ തങ്ങളിൽ ഇണങ്ങിക്കളിച്ചും പിണങ്ങിമുടിച്ചും വലുതു ചെറുതിനെ വിഴുങ്ങിയും കഴിയുന്നുണ്ടെന്നു ഞാൻ ഓൎത്തു. കടലിൽ അല്ല കരയ്ക്കും ജന്തുക്കളുടെ കഥയിതുതന്നെയല്ലേ? ജന്തുക്കളുടെ—അതേ, മനുഷ്യൻ ഉൾപ്പെട്ട ജന്തുക്കളുടെയെല്ലാം ജീവിതകഥയിതു തന്നെ. എന്തൊരു ജീവിതമാണു്! എത്രനാളായി ഇതു തുടങ്ങിയിട്ടു്—എത്ര ലക്ഷം സംവത്സരങ്ങളായി! എന്നിട്ടോ മട്ടു മാററമുണ്ടോ? സാരമായ ഒരു ഭേദവുമില്ല, പുറമേ ചില മാററങ്ങൾ ലക്ഷക്കണക്കിനു വർഷങ്ങൾ കഴിയുമ്പോൾ വന്നുകൂടുന്നതു

കാണാം. ഇളകിനീങ്ങുന്ന കുന്നുപോലെ വമ്പിച്ച ഉടൽ താങ്ങിയ പഴയ ജന്തുക്കൾ പെററു പെരുകി തമ്മിൽ പൊരുതി ഏറിയക്രമം മണ്ണടിഞ്ഞു. അവരുടെ കൊച്ചനന്തരവന്മാരുടെ നാട്ടുവാഴ്ചയാണ് ഇപ്പോൾ. എങ്ങോട്ടാണ് ഈ ജന്തുജീവിതത്തിൻെറ ഗതി ? ഈ ജീവിതത്തിനുതന്നെ ഈ പ്രപഞ്ചരംഗത്ത് അത്ര വലിയ സ്ഥാനമുണ്ടോ ? മേൽപോട്ട് ഒന്നു നോക്കുക. അനന്തമായ ആകാശത്തിൽ അനേകകോടി നക്ഷത്രങ്ങൾ നിന്നു മിന്നിത്തിളങ്ങുന്നുണ്ട്. ഈ കൊച്ചു ഭൂമണ്ഡലം ഉൾക്കൊള്ളുന്ന സൌരയൂഥംപോലുള്ള അനേകം സൌരയൂഥങ്ങൾ വിശാലമായ വ്യോമത്തിൽ മിന്നുകയാണ്. അവിടെങ്ങാനും ഇമ്മാതിരി ജന്തുജീവിതത്തിനു സ്ഥാനമുണ്ടോ ? അനന്തമായ ഗഗനമണ്ഡലത്തിൽ, വിതതമായ ദൃശ്യപ്രപഞ്ചത്തിൽ ഇതുപോലുള്ള ജീവിസത്തയ്ക്കു് അതിവിരളമായേ അവകാശമുള്ളുവെന്നു തോന്നുന്നുണ്ട്. എന്നാലും ഭൂമിയാകുന്ന ഈ കൊച്ചുചിമിഴിൻെറ മേൽ ഇഴയുന്ന അന്നുപ്രാണിയായ മനുഷ്യൻ എന്തെല്ലാം അഭിമാനിക്കുന്നു—സങ്കല്പിക്കുന്നു. അവനു ലോകരഹസ്യങ്ങൾ എല്ലാം അറിയാമെന്ന്, ലോകത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ പൊരുളെല്ലാം അവൻ അറിഞ്ഞുകഴിഞ്ഞുവെന്ന്. അവനെയും ഈ പ്രപഞ്ചത്തെയും വാർത്തെടുത്ത ഒരു വസ്തുവുണ്ടെന്നും അതിൻെറ സ്വരൂപവും സ്വഭാവവും അവന് അറിയാമെന്നും. എന്തൊരു അഭിമാനമാണ്, അഹങ്കാരമാണ് ഈശ്വരാ !

ഈശ്വരനോ? ക്ഷമിക്കണം. എൻെറ രക്തത്തിൽ ലയിച്ചുപോയതാണ്, എൻെറ ഉള്ളിൻെറ ഉള്ളിൽ അലിഞ്ഞുചേന്നതാണ് ആ സങ്കല്പം. എണ്ണിയാൽ ഒടുങ്ങാത്ത തലമുറകളായി

എൻെറ പൂർവപിതാമഹന്മാർ വിശ്വസിച്ച് ആദരിച്ചുവന്ന താണ് ആ ഭാവന. അത് എന്തിന്ന ഞാൻ ഉപേക്ഷി ക്കണം? അജ്ഞരായ പുരാതനരുടെ എത്രയെത്ര അബദ്ധങ്ങ ളായ വിശ്വാസങ്ങളെ നാം തിരസ്കരിച്ചു? ഇതുമാത്രം എന്തിന്ന മുറുകെപ്പിടിക്കുന്നു? യുക്തികൊണ്ടു്—പ്രത്യക്ഷംകൊണ്ടും അനു മാനംകൊണ്ടും—തെളിയിക്കാൻ പററാത്ത കാൎയ്യത്തെ എന്തിന്ന് ഇനിയും വിശ്വസിക്കണം? യുക്തി! എവിടംവരെ പോകും ഈ യുക്തി? അല്പനായ മനുഷ്യൻെറ അല്പീയസ്സായ യുക്തിയെപ്പററിയുള്ള അഭിമാനം അതിരററതാണ്. നിങ്ങ ൾക്കു ബോധിച്ചാലും ഇല്ലെങ്കിലും എൻെറ വിശ്വാസത്തിന്ന താങ്ങായി എനിക്കും ചില യുക്തികൾ ഉണ്ടു്. ഈ ഭൂമിയും മററു ഗ്രഹങ്ങളും അനേകകോടി യോജനദൂരം തന്നത്താൻ കറങ്ങി സൂൎയ്യന്നു ചുററും വലംവെയ്ക്കുന്നു. ഭൂമിയ്ക്കു ചുററും വലം വെച്ചു കറങ്ങുന്നുണ്ടു ചന്ദ്രൻ. അങ്ങനെ ആയിരക്കണക്കി നുള്ള സൂര്യന്മാർ നൊടിയിട മുറ തെററാതെ ഉദിച്ചുയൎന്നു് അസ്ത മിക്കുന്ന അഖണ്ഡമായ ഈ ബ്രഹ്മാണ്ഡത്തെ നയിക്കുകയും നിയമിക്കുകയും ചെയ്യുന്ന ഒരു ക്രമം ഉണ്ടെന്നു്, ആ ക്രമ ത്തിന്ന് ആധാരമായ ഒരു മഹാശക്തിയുണ്ടെന്നു് എനിക്കു ബോദ്ധ്യമാണ്. അതൊരു സത്യമാണ്. അതാണ് എൻെറ ഈശ്വരൻ. ആ ശക്തിയുടെ നിയന്ത്രണത്തിന്ന് അധീന മാണ് ഈ പ്രപഞ്ചത്തിൽ എല്ലാം എന്നു ഞാൻ വിശ്വസി ക്കുന്നു. ആൎത്തുമറിഞ്ഞു കുതിച്ചുപാഞ്ഞു് എൻെറ നേൎക്കു് എത്തുന്ന ഈ തിരമാലയെ തിരിച്ചു പായിച്ച് അതിർ കട ക്കാതെ നിലയ്ക്കു നിൎത്തുന്നതും ആ ശക്തിയുടെ ഒരു് അംശ മാണ്. അചേതനമെന്നോണം ഇക്കാണുന്ന മണൽത്തരി

യിലും ഈ നീരൊഴുക്കിൽ തുള്ളിക്കളിച്ചു കൂത്താടുന്ന അണു ജീവിയിലും അവയേയും എന്നേയും നോക്കി ഒരു കോടി മിഴികൾകൊണ്ടു മന്ദഹസിക്കുന്ന നക്ഷത്രങ്ങളിലും ആ ഒരു ശക്തിയുടെ നാനാവിലാസങ്ങളാണു ഞാൻ കാണുന്നതു്. ചേതനാചേതനങ്ങളെ തമ്മിലിണക്കുന്ന ആ മഹാശക്തിയെ നിങ്ങൾ അറിയുന്നില്ലേ? അതിനു ഞാൻ നല്കുന്ന നാമധേയമാണ് ഈശ്വരനെന്നു്.

അല്പനായ ഞാൻ മഹത്തായ ആ ശക്തിയെ ആദരിക്കുന്നു. പരിമിതനായ ഞാൻ അപരിമേയമായ ആ ശക്തിയെ കൈവണങ്ങുന്നു. എനിക്കു് ഈ ലോകത്തിൽ ആനന്ദം അരുളുന്ന സകലതിനും ആധാരമാണ് അതു് എന്നു ഞാൻ വിശ്വസിക്കുന്നു. തെളിനീർ നിറഞ്ഞ പൊയ്കകളിൽ താമരപ്പൂക്കൾ വിടുർത്തുന്നതും പൂന്തേൻ നുകന്ന പുംസ്കോകിലത്തിൻെറ കണ്ഠത്തിൽനിന്നും പഞ്ചമരാഗം പടർത്തുന്നതും ഉഷഃകാലസുഷമയിൽ ഉണർന്നുനിന്നുലയുന്ന മുല്ലമലരിൽ പരിമളധോരണി പരത്തുന്നതും ആ ശക്തിയുടെ വൈഭവമാണെന്നു ഞാൻ വിശ്വസിക്കുന്നു.

പുലർകാലത്തിൻെറ തളിരൊളിക്കു മാറേററാൻ ഇരുൾ വേണമെന്നു ഞാൻ അറിയുന്നുണ്ടു്. സൗഭഗത്തിനു മഹിമയേററാൻ വൈകൃതം വേണമെന്നു് എനിക്കു് അറിയാം. ആനന്ദത്തിനു് ആസ്വാദ്യത കൈവരുത്താൻ അല്ലലിൻെറ അലതല്ലൽ വേണമെന്നു് എനിക്കറിയാം. ഏകാന്തമായ തേജസ്സു്, അവികലമായ സൗന്ദര്യം, ദ്വന്ദ്വാതീതമായ ശാന്തി, അഖണ്ഡമായ പൂർണ്ണത—ഇവ എൻെറ ഭാവനയുടെ പരകോ

ടിയിൽ ചിലപ്പോൾ സ്ഫുരിക്കാറുണ്ട്. പക്ഷേ, എൻെറ പരിമിതികളുള്ളിൽ ഈ ദ്വന്ദ്വസംഘട്ടനത്തിൽ ഞാൻ രസിക്കാറുണ്ട്. എൻെറ ചുററും കാണുന്ന വൈകൃതത്തോടും അപൂർണ്ണതയോടും എതിരിട്ടു പൊരുതാനും വിജയിക്കാനുമുള്ള അവസരത്തെ ഞാൻ സ്വാഗതംചെയ്യുകയാണ്. ആ യത്നം ആജീവനാന്തം നീണ്ടുകൊള്ളട്ടേ. ദീർഘമായ ആ സമരത്തിലുള്ള ഓരോ ചെറിയ മുന്നേററവും ഞാൻ വിലമതിക്കും.

അനന്തമായ ആ ശക്തിയെ ഞാൻ ആരാധിക്കും. അതു ദുഷ്കരമായിരിക്കാം. അരൂപമായ, അമേയമായ ശക്തിയെ പരിമിതനായ ഞാൻ ആരാധിക്കുക! എനിക്കു ഹിതമായ ഏതു രൂപത്തിലും എനിക്ക് ആരാധിക്കാം. ഉള്ളതിലെല്ലാം ഒളിഞ്ഞുനിന്ന് ഒളി വീശുന്ന സത്തയെ ഏതു രൂപത്തിൽ ഭജിച്ചുകൂടാ? ആ രൂപമൊന്നും അല്ലായിരിക്കാം അതിൻെറ രൂപം. അല്ലെങ്കിൽ ആ രൂപമെല്ലാമായിരിക്കാം അതിൻെറ രൂപം. അല്ല—ആ രൂപമൊന്നും ഇല്ലായിരിക്കാം അതിന്.

എനിക്ക് ആരാധിക്കണം. അത് എൻെറ ജന്മാവകാശമാണ്. എൻെറ ഹൃദയത്തിൽ അമൃതാഭിഷേകം ചെയ്യും ആ ആരാധന. ഞാൻ ആർത്തനാകുമ്പോൾ എനിക്ക് ആനന്ദവും ദുർബലനാകുമ്പോൾ ബലവും നിരാശ്രയനാകുമ്പോൾ ആശ്രയവും വേണം. എൻെറ സകല പരാധീനതകൾക്കും അവശതകൾക്കും അറുതിയരുളുന്ന ഒരു് അഭയസ്ഥാനം. അതിനു ആ ശക്തിയല്ലാതെ എന്തുള്ളൂ ? എൻെറ സത്തയും ചൈതന്യവും എൻെറ ശക്തിയും സിദ്ധിയും അനുഭൂതിയും ഒത്തിണങ്ങി വിളങ്ങുന്നതാണ് ആ ശക്തി. ഞാൻ ഉൾപ്പെട്ട ലോകത്തിൻെറ ഭദ്രതയ്ക്കും ക്ഷേമത്തിനും ഉതകുന്ന എൻെറ ധർമ്മ

ബോധത്തെ അനുക്ഷണം ഉത്തേജിപ്പിക്കുന്നതാണ് ആ ശക്തി. എൻെറ ആശയ്ക്കും പ്രതീക്ഷയ്ക്കും സാഫല്യം അരുളി, എൻെറ പ്രേമത്തിനും ഭക്തിക്കും പരമലക്ഷ്യമായി, എൻെറ സർവ്വാദർശങ്ങൾക്കും സാരസർവ്വസ്വമായുള്ള ആ സങ്കല്പത്തെ—ആ പരാശക്തിയെ ഞാൻ കൈയ് കൂപ്പുന്നു. മനീഷികളായ എൻെറ പൂർവികന്മാർ, മനുഷ്യവംശമഹാചിന്തകന്മാർ, എനിക്കു സമ്മാനിച്ച ആ മഹാനിധി ഞാൻ കൈയ്വെടിയുകയില്ല. സ്വാനുഭൂതിലക്ഷ്യമായ ആ ജ്യോതിസ്സ് എനിക്ക് എന്നും ഇരുളിൽ ഒളി കാട്ടി വിജയിക്കും. ആ നവോദയം കണി കാണ്മാൻ നിങ്ങളും കൺതുറക്കിൻ.

KOTT A RY

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M01 Acc. No. 5917

This book should be returned on or before the date last stamped below.

12 2 DEC 1996

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M01 5917

ഗോപാലപിള്ള. മൻ

ചിന്താദീപം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M01 Acc. No. 5917

Author. ഗോപാലപിള്ള. എൻ

Title. ചിന്താദീപം

gpura.org